# മഹാത്മാഗാന്ധി സർവ്വകലാശാല

## 2025 ഫെബ്രുവരി 21, വെള്ളിയാഴ്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (25.02) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. ജോജി അലക്സ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 5. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 6. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 7. | അഡ്വ. പി. ബി. സതീഷ് കുമാർ | സിൻഡിക്കേറ്റംഗം |
| 8. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 9. | ഡോ. ബീന മാത്യു | സിൻഡിക്കേറ്റംഗം |
| 10. | ഡോ. ബൈജു കെ. ആർ. | സിൻഡിക്കേറ്റംഗം |
| 11. | ഡോ. അജിമോൻ ജോർജ്ജ് | സിൻഡിക്കേറ്റംഗം |
| 12. | ഡോ. പി. എസ്. രാധാകൃഷ്ണൻ | സിൻഡിക്കേറ്റംഗം |
| 13. | പ്രൊഫ. ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 14. | അഡ്വ. റെജി സഖറിയ | സിൻഡിക്കേറ്റംഗം |
| 15. | അഡ്വ. ജോബ് മൈക്കിൾ എം എൽ എ | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുമേഷ് എ എസ്, ശ്രീ. അമൽ എബ്രഹാം എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

**അനുശോചന പ്രമേയം**

മെഡിക്കൽ ബയോകെമിസ്ട്രി മേഖലയിലെ പ്രശസ്ത ശാസ്ത്രജ്ഞനും അധ്യാപകനും നൊബേൽ പുരസ്കാര ജൂറി അംഗവുമായിരുന്ന ഡോ. മാധവ ഭട്ടതിരി, സിനിമ സംവിധായകൻ ഷാഫി, ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. കെ എം ചെറിയാൻ, പ്രശസ്ത സർജനും കോട്ടയം മെഡിക്കൽ കോളേജിലെ ആദ്യ സൂപ്രണ്ടുമായ ഡോ. മാത്യു വർഗീസ് കുരുടാമണ്ണിൽ, സിനിമ, സീരിയൽ നടൻ അജിത് വിജയൻ, കവിയും ഗാന രചയിതാവും നോവലിസ്റ്റുമായ വാസുദേവൻ, കഥാകൃത്തും അധ്യാപകനും സിനിമാ നിരൂപകനുമായ ശ്രീവരാഹം ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**അനുമോദന പ്രമേയം**

മഹാത്മാഗാന്ധി സർവകലാശാലയുടെ ബഹുമാനപ്പെട്ട ചാൻസലറും സംസ്ഥാന ഗവർണറുമായ രാജേന്ദ്ര വിശ്വനാഥ് അർലേക്കറുടെ സന്ദർശനം വിജകരമായി ഏകോപിപ്പിച്ച വൈസ് ചാൻസലറെയും സിൻഡിക്കേറ്റ് അംഗങ്ങൾ, അധ്യാപകർ, അനധ്യാപക ജീവനക്കാർ എിവരെയും സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അനുമോദിച്ചുകൊള്ളുന്നു.
സംസ്ഥാന സർക്കാരിന്റെ 2024-ലെ ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ സർവകലാശാലാ വിഭാഗത്തിൽ മഹാത്മാഗാന്ധി സർവകലാശാല മൂന്നാം സ്ഥാനം നേടി. വൈസ് ചാൻസലർക്കും ഈ നേട്ടത്തിൽ പങ്കാളികളായ എല്ലാവർക്കും അഭിനന്ദനം അറിയിക്കുന്നു.

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജ് എന്ന രാജ്യാന്തര സംഘടനയുടെ യൂണിറ്റ് രാജ്യത്തുതന്നെ ആദ്യമായി ആരംഭിച്ച സർവകലാശാലയായ എം.ജി സർവകലാശാല ഈ മേഖലയിൽ സൃഷ്ടിച്ച പുതു മാതൃകയ്ക്ക് രാജ്യാന്തര അംഗീകാരം ലഭിച്ചിരിക്കുകയാണ്.

മാർച്ച് 31 മുതൽ ഹോങ്കോംഗ് മെട്രോപ്പൊളീറ്റൻ സർവകലാശാലയിൽ നടക്കുന്ന അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ യൂണിവേഴ്സിറ്റീസ് ഓഫ് ദ തേഡ് ഏജിന്റെ അന്താരാഷ്ട്ര സമ്മേളനത്തിൽ ഇന്ത്യയിൽ നിന്നുള്ള മാതൃകയായി എം.ജി സർവകലാശാലാ യൂണിറ്റിനെ അവതരിപ്പിക്കും. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ 22 അംഗ സംഘം സമ്മേളനത്തിൽ പങ്കെടുക്കും. വൈസ് ചാൻസലർക്കും യു3എ ഡയറക്ടർ ഡോ. ടോണി കെ. തോമസിനും യു3എ അംഗങ്ങൾ, സഹകാരികൾ എന്നിവർക്കും സർവകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ.

മഹാത്മാഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസിന് ഫ്രാൻസിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ മെൻസ് ടെലികോം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓണററി ഡോക്ടറേറ്റ് ലഭിക്കുകയുണ്ടായി. പരിസ്ഥിതി സൗഹൃദ ജൈവ പോളിമെറുകളെക്കുറിച്ചുള്ള പഠനങ്ങൾ പരിഗണിച്ചാണ് ഈ അംഗീകാരം. പ്രഫ. സാബു തോമസിനെ സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അഭിനന്ദിച്ചുകൊള്ളുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ കാലോചിത പരിഷ്കാരങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ മഹാത്മാഗാന്ധി സർവകലാശാലയിൽ ആരംഭിക്കുന്ന മികവിന്റെ കേന്ദ്രത്തിന് ധാരണാപത്രമായി. ശാസ്ത്ര, സാങ്കേതിക, സംരംഭകത്വ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കുമായുള്ള കേന്ദ്രമാണ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗസിലിനു കീഴിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ തുടങ്ങുന്നത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആന്റ് ഇന്നവേഷൻ എന്ന പേരിലായിരിക്കും സ്ഥാപനം അറിയപ്പെടുക. പ്രസ്തുത കേന്ദ്രം അനുവദിച്ചതിൽ ഈ യോഗം സംസ്ഥാന സർക്കാരിന് നന്ദി അറിയിക്കുകയും സർവകലാശാലാ സമൂഹത്തിന്റെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്യുന്നു.
മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വൈക്കം മുഹമ്മദ് ബഷീർ ചെയറിന്റെ ചെയർ പ്രഫസറായി നിയോഗിക്കപ്പെട്ട സ്കൂൾ ഓഫ് ലെറ്റേഴ്സ് മുൻ ഡയറക്ടർ ഡോ. കെ. എം. കൃഷ്ണന് സർവകലാശാലാ സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ.

സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ആറാമത്തെ വിരൽ എന്ന നാടകം സംസ്ഥാന സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിൽ (ഇറ്റ്ഫോക്ക്) അവതരിപ്പിക്കുതിനായി തെരഞ്ഞെടുക്കപ്പെട്ടു. ആകെ മൂന്ന് മലയാള നാടകങ്ങൾ മാത്രമാണ് മേളയിൽ ഇടം നേടിയത്. നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ച സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകൻ ഡോ. അജു കെ നാരായണൻ, പ്രധാന അഭിനേതാക്കളായ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ മുൻ വിദ്യാർഥി സിദ്ധാർത്ഥ ശിവ, നിലവിലെ ഗവേഷണ വിദ്യാർഥി രാകേഷ് പാലിശേരി എന്നിവർക്കും നാടകത്തിന്റെ അരങ്ങിലും അണിയറയിലും പ്രവർത്തിക്കുന്ന മറ്റെല്ലാവർക്കും സർവകലാശാലാ സിൻഡിക്കേറ്റിന്റെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

<u>റിപ്പോർട്ടിംഗ്</u>
സർവ്വകലാശാലയിലെ ഡിപ്പോർട്ടമെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ സർവ്വകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികളിലേക്കുള്ള ഇന്റർവ്യൂ നടന്നു വരികയാണെന്ന് വൈസ് ചാൻസലർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു. .

## (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 01/25.02/85992/P&D 1-1/2023 (PART III)** **നാക് വിസിറ്റുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിനൊപ്പം അധികമായി മറ്റു കെട്ടിടങ്ങളുടെ കൂടി പെയിന്റിംഗ് ഉം അനുബന്ധ പ്രവൃത്തികളും ചേർത്ത് പ്രവൃത്തി നിജപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള 54,99,318.65/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം അംഗീകരിച്ചതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

നാക് വിസിറ്റുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിനൊപ്പം അധികമായി മറ്റു കെട്ടിടങ്ങളുടെ കൂടി പെയിന്റിംഗും അനുബന്ധ പ്രവൃത്തികളും ചെയ്യുതുമായി ബന്ധപ്പെട്ട്, 11.12.2024 ന ചേർന്ന സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി -ഫിനാൻസിന്റെ താഴെ പറയുന്ന ശിപാർശകൾ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.12.2024 തീയതിയിലെ 11855/P&D1/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

- സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിനൊപ്പം അധികമായി മറ്റു കെട്ടിടങ്ങളുടെ(Silver Jubilee Pareeksha Bhavan, School of Environmental Sciences, Exam Paper Store Building, Employment Information and Guidance Bureau, School of Tourism Studies & School of Computer Sciences) കൂടി പെയിന്റിംഗ് ഉം അനുബന്ധ പ്രവൃത്തികളും ചേർത്ത് പ്രവൃത്തി നിജപ്പെടുത്തി നൽകിയപ്പോൾ എഗ്രിമെന്റ് പ്രകാരമുള്ള അളവുകൾ വർദ്ധിച്ചതിനാൽ ഈ കെട്ടിടങ്ങളുടെ മൊത്തം പ്രവൃത്തിയുടെ മൂല്യം മുൻപ് അനുവദിച്ചിരുന്ന administrative block കെട്ടിടത്തിന്റെ പ്രവൃത്തിയുടെ അതെ നിരക്കിൽ കണക്കാക്കി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹54,99,318.65/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും,
- ഈ ഇനത്തിൽ ഉള്ള ചെലവ് സർവകലാശാലയുടെ നടപ്പു സാമ്പത്തിക വര്ഷത്തെ " 25 330 01 - Building for School of Mathematics and Statistics / Artificial Intelligence/Seminar Hall for Schools / Infrastructure Development " എന്ന ബജറ്റ് ശീര്ഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും.

**ഇനംനമ്പർ 02/25.02/79325/AD B2-1/2024** **സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷന് സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന Liquified Chromatography-Quadrupole-Time of Flight-Mass Spectrometer(LC-Q-ToF-MS) Instrument-ന്റെ തകരാർ നികുതിയുൾപ്പടെ ₹16,93,852/- രൂപയ്ക്ക് M/s Waters(India) Pvt.Ltd., Banglore എന്ന സ്ഥാപനം മുഖേന പരിഹരിച്ച വകയിൽ M/s.Waters (India)Pvt.Ltd,Banglore എന്ന സ്ഥാപനത്തിനു നികുതിയുൾപ്പെടെ 16,93,852/- (പതിനാറ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എണ്ണൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം ) രൂപ അനുവദിക്കുന്നതിനു - മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 30.12.24 ൽ 11841/ADB2/2024/എം.ജി.യു ഉത്തരവ് പുറപ്പെടുവിച്ച വിവരം സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള Liquified Chromatography-Quadrupole-Time of Flight-Mass Spectrometer(LC-Q-ToF-MS) ഉപകരണത്തിന്റെ തകരാർ പരിഹരിച്ചു പ്രവർത്തനക്ഷമമാക്കിയ വകയിൽ M/s.Waters (India) Pvt.Ltd, Banglore എന്ന സ്ഥാപനത്തിന് നികുതിയുൾപ്പെടെ 16,93,852/- (പതിനാറ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എണ്ണൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം) രൂപ 2024-25 സാമ്പത്തിക വർഷത്തെ "25 101 02-Promotion of Research

Equipment, Chemicals, Consumables & Maintenance for the Statutory Departments of the University" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.12.2024-ലെ 11841/ADB2/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 03/25.02/5285/AD A1/1/2019 (PART I)** **ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നീ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

താഴെ പരാമർശിച്ചിരിക്കുന്ന, ജോയിൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നീ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.12.2024-ലെ 11878/ADA1/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| ക്രമ നം. | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ, തീയതി |
|---|---|---|---|---|
| 1. | ശ്രീ. സജി എം.കെ., (PEN-1769), ഡെപ്യൂട്ടി രജിസ്ട്രാർ-8 (പരീക്ഷാ വിഭാഗം) | ജോയിൻറ് രജിസ്ട്രാർ, 01.01.2025 പൂർവ്വാഹ്നം മുതൽ | ശ്രീ. മോഹനൻ കെ.റ്റി., ജോയിൻറ് രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 11878/AD A1/2024/എം.ജി.യു., തീയതി: 31.12.2024. |
| 2. | ശ്രീ. അനിൽ കുമാർ ജി. (PEN-2090), അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -20 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.01.2025 പൂർവ്വാഹ്നം മുതൽ | ശ്രീ. സജി എം.കെ., ഡെപ്യൂട്ടി രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |

**ഇനംനമ്പർ 04/25.02/1663/ADB1 SO/2025** **പോസ്റ്റൽ വകുപ്പിന്റെ സ്പീഡ് പോസ്റ്റ് സംവിധാനമായ ബുക്ക് നൗ പേ ലെയ്റ്റർ (BNPL) സ്കീം മുഖേന 2024 നവംബർ മാസത്തിൽ സർവകലാശാലയിൽ നിന്നും അയക്കപ്പെട്ട സ്പീഡ് പോസ്റ്റിന്റെ ബിൽ തുകയായ 5,17,889/ - രൂപ കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസിന് നൽകുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17)പ്രകാരം വൈസ് ചാൻസലർ ഉത്തരവായത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

പോസ്റ്റൽ വകുപ്പിന്റെ സ്പീഡ് പോസ്റ്റ് സംവിധാനമായ BNPL മുഖേന 2024 നവംബർ മാസം സർവകലാശാലയിൽ നിന്നും അയക്കപ്പെട്ട സ്പീഡ് പോസ്റ്റുകളുടെ ബിൽ തുകയായ ₹5,17,889/ – (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി എൺപത്തി ഒൻപതു രൂപ മാത്രം) പോസ്റ്റൽ വകുപ്പിന് നൽകുന്നതിന് മാഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.12.2024-ലെ 11795/ADB1/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 05/25.02/102957/AD A9-3/2023 (PART I)** **NAAC വിസിറ്റിനു മുന്നോടിയായി സർവകലാശാല ക്യാമ്പസ്സിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിലേക്കായി സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസസ് വകുപ്പിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. മഹേഷ് മോഹൻ-ന്റെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർതുക ₹.2,35,000/-രൂപ ക്രമീകരണം പിഴ പലിശ ഈടാക്കുന്നത് സംബന്ധിച്ച്-14.11.2024 തീയതിയിലെ സിൻഡിക്കേറ്റ് തീരുമാനം - മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിച്ചത്- സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

NAAC വിസിറ്റിനു മുന്നോടിയായി സർവകലാശാല ക്യാമ്പസ്സിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിലേക്കായി സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസസ് വകുപ്പിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ.മഹേഷ് മോഹൻ-ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ ₹2,35,000/- (രണ്ട് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം) NAAC വിസിറ്റിനോടനുബന്ധിച്ച് അടിയന്തിര പ്രാധാന്യത്തോടെ ചെയ്ത് പ്രവർത്തി എന്നത് പരിഗണിച്ചും ടിയാൻ നൽകിയ വിശദീകരണം പരിഗണിച്ചും പിഴപലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും അധികമായി ചെലവഴിച്ച തുകയായ ₹3,05,654/- (മൂന്ന് ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) ടിയാന്റെ പേരിൽ തിരികെ നൽകുന്നതിനും 14.11.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം.168/24.07/102957/AD A9-3/2023(PART-1) പ്രകാരം തീരുമാനിക്കുകയും യു.ഒ.നം.11355/AD A 9/2024/എം ജി യു തിയതി 13.12.2024 പ്രകാരമുള്ള സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

പ്രസ്തുത മുൻകൂർ തുകയിൽ നിന്നും അധികമായി ചിലവഴിച്ച ₹3,05,654/- (മൂന്ന് ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം ) തുകയ്ക്ക് പകരം **₹ 3,28,137/- (മൂന്ന് ലക്ഷത്തി ഇരുപത്തി എട്ടായിരത്തി ഒരുന്നൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം )** രൂപ ഡോ. മഹേഷ് മോഹൻ-ന്റെ പേരിൽ തിരികെ നൽകേണ്ടതാണെന്ന തിരുത്തൽ വരുത്തികൊണ്ട് 1985 ലെ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 09.01.2025 തീയതിയിലെ 214/ADA9/2025/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 06/25.02/146128/AD A3-4/2024** **സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

സർക്കാർ ജീവനക്കാരുടെ ഔദ്യോഗിക യാത്രകൾക്ക് സ്വന്തം വാഹനത്തിൽ നടത്തുന്ന യാത്രകളുടെ യാത്രാബത്ത പരിധിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 69/2024/ധന, തീയതി 06/12/2024 സർവ്വകലാശാലയിൽ നടപ്പിലാക്കി, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 10.01.2025 തീയതിയിലെ 146128/AD A3-4/2024/AD A 3 നമ്പർ പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 07/25.02/147257/ACA16-2/2024** Bachelor of Science (Honours) Statistics **പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ കോഴ്സുകളുടെ** Course Outcomes, Course Content **എന്നിവ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

04.12.2024 തീയതിയിൽ കൂടിയ സ്റ്റാറ്റിസ്റ്റിക്സ് (യു ജി) വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Statistics പ്രോഗ്രാമിന്റെ സിലബസിൽ, രണ്ടാം സെമസ്റ്ററിലെ, MG2DSCSTA100: Introduction to

Statistical Modelling എന്ന കോഴ്സിന്റെ Expected Course Outcomes, Learnig Domains, Programme Outcome mapping, Course Content –ലെ Course Description, Hours, CO Number mapping, MG2MDCSTA100: Time Series Method and their Applications, എന്ന കോഴ്സിന്റെ Course Content –ലെ Module 3 –യുടെ CO Number mapping, MG2MDCSTA101: Data Analysis using JAMOVI and Introduction to R എന്ന കോഴ്സിന്റെ Course Content –ലെ Course Description, Hours, CO Number mapping എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 07.01.2025 തീയതിയിലെ 178/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 08/25.02/3321/AD A9-2/2025**

**2024-2025 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പ് ചെലവിലേയ്ക്കായി നാലാം ഗഡു തുക ₹ 30,00,000/- രൂപ താൽക്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

2024-25 ലെ അന്തർ കലാലയ/അന്തർ സർവ്വകലാശാലാ കായികമത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി നാലാം ഗഡു തുക ₹ 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം, താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.01.2025 തീയതിയിലെ 344/AD A9/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 09/25.02/4432/AD A5-4/2025**

**മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2023-24) ന്റെ ആഭിമുഖ്യത്തിൽ 2025 ജനുവരി 22, 23, 24 തീയതികളിൽ എറണാകുളം ജില്ലയിൽ വച്ച് നാടകോത്സവം സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും, ആയതിന്റെ ചെലവിലേക്കായി ആകെ 6,00,000/- (ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതിയും നൽകി, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) വകുപ്പ് അനുസരിച്ചുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസിലർ ഉത്തരവായത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2023 -24) ന്റെ ആഭിമുഖ്യത്തിൽ 2025 ജനുവരി 22, 23, 24 തീയതികളിൽ എറണാകുളം ജില്ലയിൽ വച്ച് നാടകോത്സവം സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും, ആയതിന്റെ ചെലവിലേക്കായി 8,80000/- (എട്ടു ലക്ഷത്തി എൺപതിനായിരം) രൂപ അനുവദിക്കുന്നതിനുമായി, മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ ജനറൽ സെക്രട്ടറി നൽകിയ അപേക്ഷ പരിഗണിച്ചുകൊണ്ട്, പ്രസ്തുത പരിപാടിയുടെ ചെലവിലേക്കായി ആകെ 6,00,000/- (ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, ടി തുകയിൽ നിന്നും 75% തുകയായ 4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ ഡി.എസ്.എസ്. വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്കു (A/C No. 41517264430) മുൻകൂറായി നൽകുന്നതും ബാക്കി തുകയായ 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ ബില്ലുകളും വൗച്ചറുകളും ക്രമീകരണത്തിനു സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതും അംഗീകരിച്ചു കൊണ്ട്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 14.01.2025 തീയതിയിലെ 326/ADA5/2025/എം.ജി.യൂ നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 10/25.02/147945/AC A16-1/2024

**Bachelor of Science (Honours) Psychology പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിലെ MDC വിഭാഗം കോഴ്സുകളുടെ Mode of Assessment, രണ്ടാം സെമസ്റ്ററിലെ DSC വിഭാഗം കോഴ്സിന്റെ References, DSC, MDC വിഭാഗം കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്ക്കരിക്കുന്നതിനായുള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Science (Honours) Psychology പ്രോഗ്രാമിന്റെ നിലവിലെ സിലബസ് പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിനായി വിദഗ്ധ സമിതി, സൈക്കോളജി (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ പ്രസ്തുത പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്ററിലെ MG1MDCPSY100 : Communicate with Confidence, MG1MDCPSY101 : Psychology of Sports and Exercise എന്നീ കോഴ്സുകളുടെ Mode of Assessment, രണ്ടാം സെമസ്റ്ററിലെ MG2DSCPSY100 : Psychology as a Profession എന്ന കോഴ്സിന്റെ Course Outcomes, Course Content, Mode of Assessment & References, MG2MDCPSY100 : Psychology of Friendship and Love, MG2MDCPSY101 : Psychology of Advertisement എന്നീ കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്ക്കരിക്കുന്നതിനായി ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 16.01.2025 തീയതിയിലെ 397/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

ഇനംനമ്പർ 11/25.02/4221/ACA16-2/2025

**Bachelor in Computer Applications (Honours) പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിലെ കോഴ്സായ MG1SECBCA101: Software Lab in C -യുടെ Learning Approach രേഖപ്പെടുത്തിയതിലുണ്ടായ ടൈപ്പിംഗ് പിഴവുകൾ തിരുത്തുന്നതിനും Mode of Assessment പരിഷ്ക്കരിക്കുന്നതിനുമുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor in Computer Applications (Honours) പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ സിലബസിൽ MG1SECBCA101: Software Lab in C എന്ന കോഴ്സിന്റെ Learning Approach രേഖപ്പെടുത്തിയതിലുണ്ടായ ടൈപ്പിംഗ് പിഴവുകൾ തിരുത്തുന്നതിനും, End Semester Evaluation, Continuous Comprehensive Evaluation എന്നിവയ്ക്ക് വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യപേപ്പർ പാറ്റേണുകൾ, End Semester Evaluation-ന്റെ സമയക്രമം എന്നിവ പരിഷ്ക്കരിക്കുന്നതിനും വിദഗ്ദ്ധ സമിതി, കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (യു ജി) ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 16.01.2025 തീയതിയിലെ 382/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 12/25.02/695/AC A16-1/2025**

**Bachelor of Science (Honours) Zoology പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ സിലബസിലെ DSC, MDC വിഭാഗം കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Science (Honours) Zoology പ്രോഗ്രാമിന്റെ നിലവിലെ സിലബസ് പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിനായി വിദഗ്ദ്ധ സമിതി, സുവോളജി (യു.ജി.)-യുടെ നേതൃത്വത്തിൽ ചേർന്ന ഓൺലൈൻ യോഗത്തിൽ പ്രസ്തുത പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ സിലബസിൽ ഉൾപ്പെടുത്തിയിരിക്കുന്ന MG2DSCZGY100 : Environmental Biology, MG2DSCZGY101 : Biological Basis of Behaviour-II, MG2MDCZGY100 : Pet Care and Management എന്നീ കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 10.01.2025 തീയതിയിലെ 227/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 13/25.02/148283/ACA16-2/2024**

**Bachelor of Science (Honours) Physics പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ കോഴ്സുകളുടെ Course Outcomes, Course Content, End Semester Evaluation ചോദ്യപേപ്പർ പാറ്റേൺ എന്നിവ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

11.12.2024 തീയതിയിൽ കൂടിയ ഫിസിക്സ് (യു ജി) വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Physics പ്രോഗ്രാമിന്റെ സിലബസിൽ, രണ്ടാം സെമസ്റ്ററിലെ, **MG2DSCPHY100: Modern Physics** എന്ന കോഴ്സിന്റെ Expected Course Outcomes, Course Content -ലെ Course Description, Hours, CO Number mapping, End Semester Evaluation - Theory-യുടെ ചോദ്യപേപ്പർ പാറ്റേൺ, **MG2MDCPHY100: Observational Astronomy**, എന്ന കോഴ്സിന്റെ Course Content-ലെ Course Description, Hours, CO Number mapping, End Semester Evaluation - Theory & Practical -ന്റെ ചോദ്യപേപ്പർ പാറ്റേൺ എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 13.01.2025 തീയതിയിലെ 270/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 14/25.02/148070/AC A16-1/2024**

**Bachelor of Science (Honours) Computer Science പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ സിലബസിലെ MDC വിഭാഗം കോഴ്സിന്റെ Course Outcomes, Course Content, End Semester Evaluation (Theory) -ന്റെ ചോദ്യപേപ്പർ പാറ്റേൺ എന്നിവ പരിഷ്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Science (Honours) Computer Science പ്രോഗ്രാമിന്റെ നിലവിലെ സിലബസ് പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിനായി വിദഗ്ധ സമിതി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (യു.ജി.)-യുടെ നേതൃത്വത്തിൽ ചേർന്ന ഓൺലൈൻ യോഗത്തിൽ പ്രസ്തുത പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ സിലബസിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന MDC വിഭാഗം കോഴ്സിന്റെ Course Outcomes, Course Content, End Semester Evaluation (Theory) -ന് വേണ്ടി തയ്യാർ ചെയ്തിരിക്കുന്ന ചോദ്യപേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 07.01.2025 തീയതിയിലെ 154/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 15/25.02/2289/AC A16-1/2025**

**Bachelor of Arts (Honours) Hindi – ഒന്നാം സെമസ്റ്ററിലെ AEC വിഭാഗം കോഴ്സിന്റെ Course Outcomes -ലെ ടൈപ്പിംഗ് പിഴവുകൾ തിരുത്തൽ വരുത്തുന്നതിനും രണ്ടാം സെമസ്റ്ററിലെ DSC, AEC വിഭാഗം കോഴ്സുകളുടെ Course Outcomes, Course Content, End Semester Evaluation -ന്റെ ചോദ്യപേപ്പർ പാറ്റേൺ എന്നിവ പരിഷ്ക്കരിക്കുന്നതിനും ഉള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Arts (Honours) Hindi പ്രോഗ്രാമിന്റെ നിലവിലെ സിലബസ് പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിനായി വിദഗ്ദ്ധ സമിതി, ഹിന്ദി (യു.ജി.)-യുടെ നേതൃത്വത്തിൽ ചേർന്ന ഓൺലൈൻ യോഗത്തിൽ പ്രസ്തുത പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിലെ MG1AECHIN102: Drama and Communicative Hindi, എന്ന കോഴ്സിന്റെ Course Outcomes-ലെ ടൈപ്പിംഗ് പിഴവുകൾ തിരുത്തൽ വരുത്തുന്നതിനും, രണ്ടാം സെമസ്റ്ററിലെ MG2DSCHIN100: Writing Process എന്ന കോഴ്സിന്റെ Course Outcomes, Course Content എന്നിവ, MG2AECHIN101: Harmony of Festivals എന്ന കോഴ്സിന്റെ Course Outcomes, Course Content, End Semester Evaluation (ESE) -ന്റെ ചോദ്യപേപ്പർ പാറ്റേൺ എന്നിവ, MG2AECHIN102: Modern Hindi Prose and Translation എന്ന കോഴ്സിന്റെ Course Outcomes, Course Content എന്നിവ, MG2AECHIN100: New Text New Aesthetics എന്ന കോഴ്സിന്റെ Course Outcomes, Course Content, End Semester Evaluation (ESE)-ന്റെ ചോദ്യപേപ്പർ പാറ്റേൺ എന്നിവ, പരിഷ്ക്കരിക്കുന്നതിനും ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 15.01.2025 തീയതിയിലെ 350/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 16/25.02/220/AC A16-3/2025**

**Bachelor of Arts (Honours) English പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ DSC, MDC, AEC വിഭാഗത്തിലെ കോഴ്സുകളുടെ Course Outcomes, Course Content എന്നിവ പരിഷ്ക്കരിക്കുന്നതിനും Literary History(Minor)-ൽ ഉൾപ്പെടുന്ന DSC കോഴ്സിന്റെ Course Outcomes, Course Content – ലെ Course Outcome Number mapping എന്നിവ പരിഷ്കരിക്കുന്നതിനും, Translation Studies (Minor) -ലെ DSC കോഴ്സിന്റെ Course Outcomes പരിഷ്കരിക്കുന്നതിനുമുള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു : വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

10.12.2024 തീയതിയിൽ കൂടിയ ഇംഗ്ലീഷ് (യു ജി), വിദഗ്ദ്ധ സമിതി യോഗം, Bachelor of Arts (Honours) English പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന MG2DSCENG100: Literary Genres:Prose Drama

and Film, MG2MDCENG100: Narratives of Love and Friendship, MG2MDCENG101: Sports, Literature and Cinema, MG2MDCENG102: Fundamentals of Advertising and Public Relations, MG2AECENG100: English for Science Part II, MG2AECENG101: English for Arts and Humanities Part II, MG2AECENG102: English for Commerce Part II എന്നീ കോഴ്സുകളുടെ Course Outcomes, Course Content എന്നിവ പരിഷ്ക്കരിക്കുന്നതിനും Literary History(Minor)-ന്റെ രണ്ടാം സെമസ്റ്ററിലെ MG2DSCLIH100: From Restoration Rationalism to Romantic Rhapsodies :Makers of English Literature എന്ന കോഴ്സിന്റെ Course Outcomes, Course Content -ലെ Course outcome number Mapping എന്നിവ പരിഷ്കരിക്കുന്നതിനും Translation Studies(Minor) -ന്റെ MG2DSCTRS100: Indian Literature in English Translation എന്ന കോഴ്സിന്റെ Course Outcomes പരിഷ്കരിക്കുന്നതിനുമുള്ള ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച നം. 315 /ACA 16/2025/MGU തീയതി. 14.01.2025, 316/ACA 16/2025/MGU തീയതി: 14.01.2025, 317/ACA 16/2025/MGU തീയതി: 14.01.2025 എന്നീ സർവ്വകലാശാല ഉത്തരവുകളും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

| | |
|---|---|
| **ഇനംനമ്പർ 17/25.02/1346/AC A16-3/2025** | **Bachelor of Science (Honours) Electronics with Computer Technology പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ DSC, MDC കോഴ്സുകളുടെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്കരിക്കുന്നതിനും Industrial Automation (Minor) -ലെ DSC കോഴ്സിന്റെ Course Outcomes, Course Content, Continuous Comprehensive Assessment(CCA) എന്നിവ പരിഷ്കരിക്കുന്നതിനും Mobile System (Minor) -ലെ DSC കോഴ്സുകളുടെ Course Content, Continuous Comprehensive Assessment(CCA) എന്നിവ പരിഷ്ക്കരിക്കുന്നതിനുമുള്ള ശിപാർശകൾ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-** |

16.12.2024 തീയതിയിൽ കൂടിയ ഇലക്ട്രോണിക്സ് (യു ജി), വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Electronics with Computer Technology പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ MG2DSCECT100: Essential Concepts in Digital Electronics, എന്ന കോഴ്സിന്റെ Course Outcomes, Course Content, End Semester Evaluation (ESE) -ന്റെ Duration എന്നിവ പരിഷ്കരിക്കുന്നതിനും MG2DSCECT101 : Data Communication, എന്ന കോഴ്സിന്റെ Course Outcomes, Course Content, Mode of Assessment എന്നിവ പരിഷ്ക്കരിക്കുന്നതിനും MG2MDCECT100 : IoT Based Smart Farming, എന്ന കോഴ്സിന്റെ End Semester Evaluation (ESE)-ന്റെ Duration, Suggested Readings എന്നിവ പരിഷ്ക്കരിക്കുന്നതിനും MG2MDCECT101 : Python for Electronics എന്ന കോഴ്സിന്റെ Course Content, End Semester Evaluation -ന്റെ Duration എന്നിവ പരിഷ്ക്കരിക്കുന്നതിനും MG2MDCECT102 : Office Enhancement Tools എന്ന കോഴ്സിന്റെ Course Outcomes, Course Content, End Semester Evaluation (ESE) -ന്റെ Duration എന്നിവ പരിഷ്ക്കരിക്കുന്നതിനും Industrial Automation (Minor) സിലബസിലെ MG2DSCIAM101: Automotive Systems for E-Vehicles എന്ന കോഴ്സിന്റെ Course Outcomes, Course Content, Continuous Comprehensive Assessment(CCA) എന്നിവ പരിഷ്ക്കരിക്കുന്നതിനും Mobile Systems (Minor) സിലബസിലെ MG2DSCMOS100: Foundations of Mobile Development Systems എന്നാ കോഴ്സിന്റെ Course Content, Continuous Comprehensive Assessment(CCA) എന്നിവ പരിഷ്ക്കരിക്കുന്നതിനുമുള്ള ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച നം. 353 /ACA 16/2025/MGU തീയതി: 15.01.2025, 354/ACA 16/2025/MGU തീയതി: 15.01.2025, 356 /ACA 16/2025/MGU തീയതി: 15.01.2025 എന്നീ സർവ്വകലാശാല ഉത്തരവുകളും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

ഇനംനമ്പർ 18/25.02/148260/AC A16-3/2024

**Bachelor of Commerce (Honours) പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ വിവിധ കോഴ്സുകളുടെ Course Content, End Semester Evaluation (ESE) -ന്റെ പാറ്റേൺ, വിശദീകരണം എന്നിവ പരിഷ്കരിക്കുന്നതിനും Business Studies (Minor) -ന്റെ രണ്ടാം സെമസ്റ്ററിലെ DSC വിഭാഗം കോഴ്സിന്റെ Mode of Assessment പരിഷ്ക്കരിക്കുന്നതിനുമുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

14.12.2024 തീയതിയിൽ കൂടിയ Commerce (യു.ജി, വിദഗ്ദ്ധ സമിതി യോഗം, Bachelor of Commerce (Honours) പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ DSC വിഭാഗത്തിൽപ്പെട്ട MG2DSCCOM100: INDIAN SECURITIES MARKET : STRUCTURE AND OPERATIONS എന്ന കോഴ്സിന്റെ Course Content, End Semester Evaluation -ന്റെ Duration എന്നിവ പരിഷ്കരിക്കുന്നതിനും MG2MDCCOM101: EVENT MANAGEMENT എന്ന കോഴ്സിന്റെ End Semester Evaluation(ESE) -ന്റെ വിശദീകരണം പരിഷ്കരിക്കുന്നതിനും Business Studies (Minor) -ന്റെ രണ്ടാം സെമെസ്റ്ററിലെ MG2DSCBST100: BUSINESS AND SUSTAINABLE DEVELOPMENT എന്ന കോഴ്സിന്റെ Mode of Assessment പരിഷ്ക്കരിക്കുന്നതിനും ഉള്ള ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച നം. 254/ACA 16/2025/MGU തീയതി 10.01.2025, 258/ACA 16/2025/MGU തീയതി 10.01.2025 എന്നീ സർവ്വകലാശാല ഉത്തരവുകളും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 19/25.02/147615/AC A16-3/2024

**Bachelor of Arts (Honours) Economics പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ DSC, MDC കോഴ്സുകളുടെ Course Content, End Semester Evaluation (ESE)-ന്റെ ചോദ്യ പേപ്പർ പാറ്റേൺ എന്നിവ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

27.12.2024 തീയതിയിൽ കൂടിയ ഇക്കണോമിക്സ് (യു.ജി), വിദഗ്ദ്ധ സമിതി യോഗം, Bachelor of Arts (Honours) Economics പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ MG2DSCECO100: Essentials of Economics -II എന്ന കോഴ്സിന്റെ Course Content, End Semester Evaluation -ന്റെ ചോദ്യ പേപ്പർ പാറ്റേൺ എന്നിവ പരിഷ്കരിക്കുന്നതിനും MG2MDCECO100: Understanding Indian Economy എന്ന കോഴ്സിന്റെ End Semester Evaluation(ESE) -ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുമുള്ള ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച നം. 174/ACA 16/2025/MGU, തീയതി. 07.01.2025, 416/ACA 16/2025/MGU തീയതി. 16.01.2025 എന്നീ സർവ്വകലാശാല ഉത്തരവുകളും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 20/25.02/18000/AD A5-2/2020 (1)** **സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസസ് ആൻഡ് ടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലെ താൽക്കാലിക നിയോഗവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങൾ ബഹു: വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചത് – റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

സ്കൂൾ ഓഫ് ഫുഡ് സയൻസസ് ആൻഡ് ടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള താൽക്കാലിക നിയോഗത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, നടപടിക്രമങ്ങളുടെ ഭാഗമായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 18.11.2024 തീയതിയിൽ യോഗം ചേർന്ന് ടി തസ്തികകളിലെ നിയോഗത്തിനായി ഇന്റർവ്യൂ നടത്തുകയുമുണ്ടായി. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങളും, ടി കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടികകളും, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.12.2024 തീയതിയിലെ 11236/AD A5/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 21/25.02/18000/AD A5-2/2020 (2)** **സർവ്വകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസസ് ആൻഡ് ടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലെ താൽക്കാലിക നിയോഗവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങൾ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചത് – റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് –**

സ്കൂൾ ഓഫ് പോളിമർ സയൻസസ് ആൻഡ് ടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള താൽക്കാലിക നിയോഗത്തിനായി, വിജ്ഞാപനം പുറപ്പെടുവിക്കുകയും, നടപടിക്രമങ്ങളുടെ ഭാഗമായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 15.11.2024 തീയതിയിൽ യോഗം ചേർന്ന് ടി തസ്തികകകളിലെ നിയോഗത്തിനായി ഇന്റർവ്യൂ നടത്തുകയുമുണ്ടായി. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങളും, ടി കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടികകളും, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.12.2024 തീയതിയിലെ 11235/AD A5/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 22/25.02/18000/AD A5-2/2020 (3)** **സർവ്വകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസസ് ആൻഡ് നാനോടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലെ താൽക്കാലിക നിയോഗവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങൾ ബഹു: വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചത് – റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് –**

സ്കൂൾ ഓഫ് നാനോസയൻസസ് ആൻഡ് നാനോടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള താൽക്കാലിക നിയോഗത്തിനായി, വിജ്ഞാപനം പുറപ്പെടുവിക്കുകയും, നടപടിക്രമങ്ങളുടെ ഭാഗമായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 20.11.2024 തീയതിയിൽ യോഗം ചേർന്ന് ടി തസ്തികകകളിലെ നിയോഗത്തിനായി ഇന്റർവ്യൂ നടത്തുകയുമുണ്ടായി. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങളും, ടി കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടികകളും, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം

പുറപ്പെടുവിച്ച 11.12.2024 തീയതിയിലെ 11234/AD A5/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 23/25.02/18000/AD A5-2/2020 (4)**

**സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസ് പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലെ താൽക്കാലിക നിയോഗവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങൾ ബഹു: വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് -**

സ്കൂൾ ഓഫ് ബയോസയൻസസ് പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള താൽക്കാലിക നിയോഗത്തിനായി, വിജ്ഞാപനം പുറപ്പെടുവിക്കുകയും, നടപടിക്രമങ്ങളുടെ ഭാഗമായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 21.11.2024 തീയതിയിൽ യോഗം ചേർന്ന് ടി തസ്തികകളിലെ നിയോഗത്തിനായി ഇന്റർവ്യൂ നടത്തുകയുമുണ്ടായി. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയുടെ നടപടി ക്രമങ്ങളും, ടി കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടികകളും, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.11.2024 തീയതിയിലെ 10870/AD A5/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 24/25.02/18000/AD A5-2/2020 (5)**

**സർവ്വകലാശാലയിലെ സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലെ താൽക്കാലിക നിയോഗവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങൾ ബഹു: വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് -**

സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള താൽക്കാലിക നിയോഗത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, നടപടിക്രമങ്ങളുടെ ഭാഗമായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 15.11.2024 തീയതിയിൽ യോഗം ചേർന്ന് ടി തസ്തികകകളിലെ നിയോഗത്തിനായി ഇന്റർവ്യൂ നടത്തുകയുമുണ്ടായി. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങളും, ടി കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടികകളും, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.11.2024 തീയതിയിലെ 10869/AD A5/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 25/25.02/7035/ACA16-2/2025**

Bachelor in Business Administration (Honours) - **രണ്ടാം സെമസ്റ്റർ സിലബസ് അംഗീകരിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ/ മാനേജ്മന്റ് സ്റ്റഡീസ് (യു.ജി.)-യുടെ ശിപാർശകൾ- സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Business Administration പ്രോഗ്രാം, 2024 - 2025 അദ്ധ്യയന വർഷം മുതൽ AICTE -യ്ക്ക് കീഴിൽ ഉൾപ്പെടുത്തിയിരുന്നു. Mahatma Gandhi University Bachelor in Business Administration (BBA, BBA (Honours), BBA (Honours with Research)) Regulations, 2024 (As per AICTE Norms), അക്കാദമിക് കൗൺസിൽ അംഗീകരിക്കുകയും തത്ഫലമായി Bachelor in Business Administration (Honours) (BBA

(Hons)) പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ സിലബസ് അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. കൺവീനർ, വിദഗ്ദ്ധ സമിതി, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ / മാനേജ്മന്റ് സ്റ്റഡീസ് (യു.ജി.), Bachelor in Business Administration (Honours) പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിന്റെ സ്കീമും സിലബസും അംഗീകരിക്കുന്നതിനുള്ള ശിപാർശ നൽകിയിരുന്നു.
പ്രസ്തുത ശിപാർശ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 21.01.2025 തീയതിയിലെ 556/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 26/25.02/7345/AC A16-1/2025**

**Mahatma Gandhi University Bachelor in Business Administration (BBA, BBA(Honours), BBA (Honours with Research)) Regulations, 2024 (as per AICTE norms) ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024 – 2025 അദ്ധ്യയന വർഷം മുതൽ AICTE -യുടെ കീഴിലേക്ക് മാറ്റപ്പെട്ട BBA പ്രോഗ്രാമിന് വേണ്ടി AICTE മാനദണ്ഡങ്ങളനുസരിച്ച് തയ്യാർ ചെയ്ത Mahatma Gandhi University Bachelor in Business Administration (BBA, BBA (Honours), BBA (Honours with Research)) Regulations, 2024 ഭേദഗതി ചെയ്യുന്നതിനായി വിദഗ്ധ സമിതി, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ/ മാനേജ്മെന്റ് സ്റ്റഡീസ് (യു.ജി.) സമർപ്പിച്ച ശിപാർശ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.01.2025 തീയതിയിലെ 553/ACA 16/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 27/25.02/5366/AC A16-3/2025**

**Translation Studies (Minor) – രണ്ടാം സെമസ്റ്ററിലെ DSC വിഭാഗം കോഴ്സിന്റെ Course Content പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

10.12.2024 തീയതിയിൽ കൂടിയ ഇംഗ്ലീഷ്(യു ജി), വിദഗ്ദ്ധ സമിതി യോഗം, Translation Studies(Minor)– ന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന DSC വിഭാഗത്തിൽപ്പെട്ട MG2DSCTRS100– Indian Literatures in English Translation, എന്ന കോഴ്സിന്റെ Course Content -ൽ Course Description, Hours, Course Outcome Number മാപ്പിംഗ് എന്നിവ പരിഷ്ക്കരിക്കുന്നതിനും പുതിയ Units ഉൾപ്പെടുത്തുന്നതിനും ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 18.01.2025 തീയതിയിലെ 479/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 28/25.02/8505/DSS SO/2025**

**ഡിപ്പാർട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവീസസ് – തൃപ്പൂണിത്തുറ RLV കോളേജിലെ 2022 അഡ്മിഷൻ MA Mridangam വിദ്യാർഥിയായിരുന്ന KRIPAL S (PRN:220011030171) മൂന്നും നാലും സെമസ്റ്റർ പരീക്ഷൾക്ക് ഗ്രേസ് മാർക്കിനു സമർപ്പിച്ച അപേക്ഷ – ഫൈൻ ഒഴിവാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് – അനുമതി നൽകി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം (III) സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ചതും, ഇതിനെ തുടർന്നു പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും – സിന്റിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .–**

ആതിഥേയ സർവകലാശാലയിൽ നിന്നും സർട്ടിഫിക്കറ്റ് വൈകി ലഭിച്ചതിനാലും ദേശീയ കലോത്സവത്തിലെ സർട്ടിഫിക്കറ്റ് വിതരണം 2023–'24 അക്കാദമിക വർഷത്തിനുള്ളിൽ സംഘാടകർ പൂർത്തിയാക്കാത്തതിനാലും വൈകി വരുന്ന അപേക്ഷകളെക്കുറിച്ച് 16.04.2016 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 2206/01/ACAVIIII/2016–ൽ പരാമർശിച്ചിട്ടില്ലാത്തതിനാലും, സർട്ടിഫിക്കറ്റ് ലഭിച്ചയുടൻ വിദ്യാർത്ഥി ഗ്രേസ് മാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും, തൃപ്പൂണിത്തുറ RLV കോളേജിലെ 2022 അഡ്മിഷൻ MA Mridangam വിദ്യാർഥിയായിരുന്ന KRIPAL S (PRN:220011030171) എന്ന വിദ്യാർത്ഥി മൂന്നും നാലും സെമസ്റ്റർ പരീക്ഷൾക്കു 2024 മാർച്ച് 28 മുതൽ ഏപ്രിൽ 01 വരെ പഞ്ചാബ് അഗ്രിക്കൾച്ചറൽ സർവകലാശാലയിൽ വച്ച് നടത്തപ്പെട്ട ദേശീയ സർവകലാശാല യുവജനോത്സവമായ 'HUNAR – 2024' –ന്റെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിച്ചതിന്മേൽ ഫൈൻ ഒഴിവാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം (III) സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 24.01.2025 തീയതിയിലെ 809/DSS/2025/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 29/25.02/144252/CBCSS 23–2/2024**

**പായിപ്പാട്, അമൻ കോളേജിലെ സി.ബി.സി.എസ്. ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ & ജേർണലിസം മോഡൽ III (ട്രിപ്പിൾ മെയിൻ) വിദ്യാർത്ഥിയായ SHAIKH ALI QUASIM– നു നോഷണൽ രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :–**

പായിപ്പാട്, അമൻ കോളേജിലെ സി.ബി.സി.എസ് ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ & ജേർണലിസം മോഡൽ III (ട്രിപ്പിൾ മെയിൻ) വിദ്യാർത്ഥിയായ SHAIKH ALI QUASIM (PRN:22002100768) നാല്, അഞ്ച് സെമസ്റ്റർ റഗുലർ പരീക്ഷകൾക്ക് രജിസ്ട്രേഷന് ആവശ്യമായ ഹാജർ നേടിയിട്ടും പരീക്ഷാ രജിസ്ട്രേഷൻ നേടിയിരുന്നില്ല. പ്രസ്തുത സെമസ്റ്ററുകളിൽ നോഷണൽ രജിസ്ട്രേഷൻ അനുവദിച്ച് തുടർപഠനത്തിന് അവസരമൊരുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. വിദ്യാർത്ഥി മേൽപ്പറഞ്ഞ സെമെസ്റ്ററുകൾക്ക് മതിയായ ഹാജർ നേടിയിരുന്നതിനാലും, അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ആരോഗ്യപരമായ ബുദ്ധിമുട്ടുകളും പരിഗണിച്ച്, നിലവിലെ സാഹചര്യത്തിൽ റെഗുലേഷൻ വ്യവസ്ഥകളിലും, നോഷണൽ രജിസ്ട്രേഷനുള്ള നടപടിക്രമങ്ങളിലും ഇളവ് നൽകികൊണ്ട് സമാനമായ കേസിൽ (സർവ്വകലാശാലാ ഉത്തരവ് നമ്പർ 11498/CBCSS 13/2024/MGU dtd: 18.12.2024) മുൻപ് അനുവർത്തിച്ച പ്രകാരം സൂപ്പർ ഫൈൻ ഉൾപ്പടെയുള്ള ഫീസ് ഈടാക്കി 4, 5 സെമസ്റ്ററുകൾക്ക് നോഷണൽ രജിസ്ട്രേഷന് അപേക്ഷിക്കുന്നതിന്, വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 13.01.2025 തീയതിയിലെ 287/CBCSS 23/2025/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 30/25.02/7465/AD A3-4/2025** **സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സംഘടനകൾ 2025 ജനുവരി 22-ന് നടത്തിയ സൂചന പണിമുടക്കിൽ ജീവനക്കാർ പങ്കെടുത്തത് ഡയസ് നോൺ ആയി പ്രഖ്യാപിച്ചുകൊണ്ടുള്ള 20/01/2025-ലെ സ.ഉ.(അച്ചടി) നം.2/2025/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.01.2025 തീയതിയിലെ 7465/AD A 3-4/2025/AD A 3 നമ്പർ പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 31/25.02/138226/AD B2-3/2024** **ഇൻഫർമേഷൻ ബുക്കിന്റെ മുദ്രണം സംബന്ധിച്ച :-**

3000 എണ്ണം ഇൻഫർമേഷൻ ബുക്കുകൾ അച്ചടിക്കുന്നതിനായി 07.12.2024 തീയതിയിൽ ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെൻഡറിൽ പങ്കെടുത്തിരുന്ന 3 സ്ഥാപനങ്ങളിൽ, ഏറ്റവും ചെറിയ തുക - നികുതിയുൾപ്പെടെ ആകെ ₹6,29,838/- (ആറു ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയെട്ട രൂപ മാത്രം) ക്വോട്ട് ചെയ്ത M/s. St. Joseph Orphanage Press & Bookstall, Changanassery എന്ന സ്ഥാപനത്തിന് മുദ്രണ ജോലി ഏൽപ്പിക്കുന്നതിനുള്ള അനുമതി നൽകി, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.01.2025 തീയതിയിലെ 655/AD B2/2025/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 32/25.02/AD AII(2)/432/2010** **Dr. G. Anilkumar (PEN 2618), Professor, School of Chemical Sciences-Promotion as Senior Professor (Academic Level 15) under Career Advancement Scheme of UGC Regulations 2018- Action taken by the Vice Chancellor by exercising the powers conferred under Subsection 17, Section 10, Chapter 3 of Mahatma Gandhi University Act 1985-report to the Syndicate -reg :-**

Dr. G. Anilkumar (PEN 2618), Professor, School of Chemical Sciences submitted application for promotion as Senior Professor (Academic Level 15) under the Career Advancement Scheme (CAS) of UGC Regulations 2018. The Selection Committee at its meeting held on 07.01.2025 carefully examined the application and other documents (detailed bio-data, 10 best publications and details of Ph.Ds awarded under his supervision during the assessment period) submitted by Dr. G. Anilkumar for promotion as Senior Professor under Career Advancement Scheme (CAS) and also had an interactive session with the candidate. The Committee found that Dr. G. Anilkumar satisfies all conditions stipulated for promotion as Senior Professor under Career Advancement Scheme (CAS) of UGC Regulations 2018 including favourable review reports from three eminent subject experts. The performance of the candidate in the interaction was recorded as good.

Considering the above and the academic achievements, the Committe recommended that Dr. G. Anilkumar, Professor (Academic Level 14), School of Chemical Sciences be promoted to the post of Senior Professor (Academic Level 15) with rationalised entry pay of Rs.1,82,200/- under Career Advancement Scheme (CAS) of UGC Regulations 2018 w.e.f. 05.06.2024 FN.

Sanction was accorded by the Vice Chancellor by exercising the powers conferred under Subsection 17, Section 10, Chapter 3 of M G University Act 1985 to promote Dr. G. Anilkumar, Professor( Academic Level 14), School of Chemical Sciences to the post of Senior Professor (Academic Level 15) at rationalised entry pay of Rs. 1,82,200-/- under the Career Advancement Scheme(CAS) of UGC Regulations 2018 w.e.f 05.06.2024 FN and accordingly University order No. 750/AD A2/2025/MGU dated 23.01.2025 was issued.

The action taken by the Vice Chancellor exercising powers under section 10(17) of Chapter III of the Mahatma Gandhi University Act, 1985 and consequent issuance of University order No.750/AD A2/2025/MGU dated 23.01.2025 was reported to the Syndicate.

## (II) ക്രമ ഇനങ്ങൾ

## (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 33/25.02/120291/AC A2-1/2024** **ഗവേഷണം - ഇംഗ്ലീഷ് വിഷയം - 2020 അഡ്മിഷൻ - ശ്രീമതി നീന സൈമൺ - ഗവേഷണ കേന്ദ്രം, ഗവേഷണ മാർഗദർശി എന്നിവരെ മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്**

മഹാരാജാസ് കോളേജ്, എറണാകുളം ഗവേഷണ കേന്ദ്രമായി ഇംഗ്ലീഷ് വിഷയത്തിൽ ഭാഗിക സമയ വ്യവസ്ഥയിൽ ഗവേഷണം നടത്തുന്ന ശ്രീമതി. നീന സൈമണിന്റെ മാർഗദർശിത്വം ഡോ. സാലിയ റെക്സ്-ൽ നിന്നും ഡോ. പ്രീതി നായരിലേക്കും, ഗവേഷണ കേന്ദ്രം മഹാരാജാസ് കോളേജിൽ നിന്നും ശ്രീശങ്കര കോളേജ്, കാലടിയിലേക്കും മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 34/25.02/61914/AC A15-3/2024** **പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ എഴുന്നതിനു മൂന്നാമത് ഒരവസരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ദീപ്തി ദാസ് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:**

ശ്രീമതി. ദീപ്തി ദാസിന് കോഴ്സ് വർക്ക് പേപ്പർ IV (റിസർച്ച് & പബ്ലിക്കേഷൻ എത്തിക്സ്) എഴുതുന്നതിന് മൂന്നാമത് ഒരു അവസരം കൂടി നൽകുന്നതിനും വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം ടിയാൾക്ക് കോഴ്സ് വർക്ക് പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ നൽകിയ താത്കാലിക രജിസ്ട്രേഷൻ സ്ഥിരപ്പെടുത്തി നൽകുവാനും തീരുമാനിച്ചു.

**ഇനംനമ്പർ 35/25.02/124408/AC A2-1/2024** **ഗവേഷണം - ഇംഗ്ലീഷ് വിഷയം - 2023 പ്രവേശന വർഷം - ശ്രീമതി ജീവ തെരേസ ജോസ് - ഗവേഷണ രീതി ഭാഗിക സമയ രീതിയിലേക്ക് മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്**

ശ്രീമതി ജീവ തെരേസ ജോസ്-ന്റെ ഗവേഷണ രീതി 16.08.2024 തീയതി മുതൽ ഭാഗിക സമയ രീതിയിലേക്ക് മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 36/25.02/117237/AC A2-1/2024** **ഗവേഷണം - ഇംഗ്ലീഷ് വിഷയം - 2023 പ്രവേശന വർഷം - ശ്രീമതി നിത്യ തോമസ് പൂവത്തിങ്കൽ - ഗവേഷണ രീതി ഭാഗിക സമയ രീതിയിലേക്ക് മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്**

ശ്രീമതി നിത്യ തോമസ് പൂവത്തിങ്കലിന്റെ ഗവേഷണ രീതി ഭാഗിക സമയ വ്യവസ്ഥയിലേക്ക് മാറ്റി അനുവദിക്കപ്പെട്ട ഉത്തരവ് പുനഃപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 37/25.02/146732/AC A2-1/2023** **ഗവേഷണം - ഇംഗ്ലീഷ് വിഷയം - 2015 അഡ്മിഷൻ - ശ്രീമതി ആനി ജോർജ് - ഗവേഷണ മാർഗദർശി മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്**

സെന്റ്. തോമസ് കോളേജ്, കോഴഞ്ചേരി ഗവേഷണ കേന്ദ്രമായി ഭാഗിക സമയ വ്യവസ്ഥയിൽ ഇംഗ്ലീഷ് വിഷയത്തിൽ ഗവേഷണം നടത്തുന്ന ശ്രീമതി. ആനി ജോർജിന്റെ മാർഗദർശിത്വം ഡോ. റോഷിൻ ജോർജ്-ൽ നിന്നും സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി ഗവേഷണ കേന്ദ്രത്തിലെ തന്നെ മാർഗദർശി ഡോ. ശാലിനി എൽ ആർ (Asst. professor at St. Joseph's College, Moolamattom)-ലേക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 38/25.02/131813/AC A6-1/2024**

**തൃക്കാക്കര, ഭാരത മാതാ കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ.ന്യൂബി ജോസഫ് (Dr.Newby Joseph) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

തൃക്കാക്കര, ഭാരത മാതാ കോളേജിലെ ബോട്ടണി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.ന്യൂബി ജോസഫ് (Dr. Newby Joseph)-ന് യു.ജി.സി. കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 39/25.02/133686/AC A6-1/2024**

**നെടുങ്കണ്ടം, എം.ഇ.എസ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അഭയദേവ് എം (Dr. Abhayadev M) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

നെടുങ്കണ്ടം, എം.ഇ.എസ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അഭയദേവ് എം (Dr. Abhayadev M)-നെ മാറമ്പള്ളി എം.ഇ.എസ് കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 40/25.02/94552/AC A15-3/2023**

**പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ 2024 ൽ Course II - Instrumental Methods of Analysis in Chemistry എന്ന വിഷയം എഴുതുന്നതിനു മൂന്നാമത് ഒരവസരത്തിനായി ശ്രീമതി.അനുശ്രീ കെ യു സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

ശ്രീമതി. അനുശ്രീ കെ യൂ-ന് കോഴ്സ് വർക്ക് പേപ്പർ II (Instrumental Methods of Analysis in Chemistry) എഴുതുന്നതിന് മൂന്നാമത് ഒരു അവസരം കൂടി നൽകുന്നതിനും, വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം ടിയാൾക്ക് കോഴ്സ് വർക്ക് പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ നൽകിയ താത്കാലിക രജിസ്ട്രേഷൻ സ്ഥിരപ്പെടുത്തി നൽകുവാനും തീരുമാനിച്ചു.

**ഇനംനമ്പർ 41/25.02/115779/AC A15-3/2024**

**പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ - ഐച്ഛിക ഭാഷയിൽ/മലയാളത്തിൽ എഴുതുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച് :-**

2016-ലെ എം.ജി.യു. പി.എച്ച്.ഡി. റഗുലേഷൻ/കോഴ്സ് വർക്ക് ഗൈഡ് ലൈൻസ് എന്നിവയിൽ കോഴ്സ് വർക്ക് പരീക്ഷകൾ ഐച്ഛിക ഭാഷയിൽ/മലയാളത്തിൽ എഴുതുന്നത് സംബന്ധിച്ച പ്രത്യേക പരാമർശമില്ലാത്ത സാഹചര്യത്തിലും, കോഴ്സ് I, കോഴ്സ് IV എന്നീ പേപ്പറുകളുടെ പൊതുവായ സിലബസ് ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതിനാലും, കോഴ്സ് വർക്ക് പരീക്ഷകൾ മലയാളത്തിൽ/ ഐശ്ചിക ഭാഷയിൽ എഴുതുന്നതിനുള്ള അനുമതി നൽകുന്ന പക്ഷം മൂല്യനിർണ്ണയത്തിനായി പ്രസ്തുത ഭാഷയിൽ പ്രാവീണ്യമുള്ള മൂല്യകർത്താക്കളെ കണ്ടെത്തുന്നതിന് ഭാവിയിൽ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം ഉടലെടുക്കാൻ സാധ്യത ഉള്ളതിനാലും, പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയിലെ കോഴ്സ് I, കോഴ്സ് IV എന്നീ പേപ്പറുകൾ ഐച്ഛിക ഭാഷയിൽ എഴുതുന്നതിനുള്ള അനുമതിക്കായി ഹിന്ദി, മലയാളം വിഭാഗം ഗവേഷകർ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 42/25.02/Ac A10/2/Tourism/413/SMRA/2021 Admission**

**പി എച്ച് ഡി പ്രോഗ്രാം - ടൂറിസം സ്റ്റഡീസ് - 2021 അഡ്മിഷൻ - വിദേശ ഗവേഷകൻ - ശ്രീ. സലാ മൊഹമ്മദ് റാഷിദ് അൽവഹൈബി - കോഴ്സ് വർക്ക് പരീക്ഷയിൽ റഗുലർ & സപ്ളിമെൻററി അവസരങ്ങളിൽ പരാജയപ്പെട്ടതിനെ തുടർന്ന് കോഴ്സ് വർക്ക് പരീക്ഷ എഴുതുന്നതിനായി ഒരു അവസരം കൂടി ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്:**

ശ്രീ. സലാ മൊഹമ്മദ് റാഷിദ് അൽവഹൈബി-ക്ക് (രജിസ്റ്റർ നമ്പർ 413/2021 - വിദേശ ഗവേഷകൻ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്) കോഴ്സ് വർക്ക് പരീക്ഷ എഴുതുന്നതിന് ഒരു അവസരം കൂടി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 43/25.02/Ac A10/2/Management/167/AJT/2022 Admission** **പി എച്ച് ഡി പ്രോഗ്രാം - മാനേജ്മെന്റ് സ്റ്റഡീസ് - 2022 അഡ്മിഷൻ - ശ്രീമതി ആൻമേരി ജെ. തരകൻ - ഗവേഷണം ഭാഗിക സമയ രീതിയിലേക്ക് മാറ്റുന്നതിനുള്ള അനുവാദത്തിനായി സമർപ്പിച്ച അപേക്ഷയും, അപേക്ഷയിലെ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ, എം.ജി.യു. പി.എച്ച്.ഡി. റഗുലേഷൻ 2016 ക്ലോസ് 13 (2) ൽ പരാമർശിച്ചിരിക്കുന്ന പട്ടികകൾ പുനഃക്രമീകരിക്കുന്ന വിഷയവും - സംബന്ധിച്ച്:**

ശ്രീമതി. ആൻമേരി ജെ. തരകൻ ഗവേഷണം ഭാഗിക സമയ രീതിയിലേക്ക് മാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിനും, എം.ജി.യു. പി.എച്ച്.ഡി. റഗുലേഷൻ 2016 ക്ലോസ് 13 (2)-ൽ പരാമർശിച്ചിരിക്കുന്ന പട്ടികകൾ പുനഃക്രമീകരിക്കുന്ന വിഷയം യുജിസി റഗുലേഷൻ 2022 മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ (സ.ഉ.നം. 8340/ACA10/2024/mgu തീയതി 12.09.2024 പ്രകാരം) പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 44/25.02/139575/AC A11-1/2024** **പി എച്ച് ഡി പ്രോഗ്രാം -ഫിസിക്സ് - ശ്രീ. സിജോ ജോസഫ് (2023 അഡ്മിഷൻ) - നിലവിലെ ഗവേഷണ മാർഗദർശിയെ മാറ്റി നൽകുന്നത് സംബന്ധിച്ച :-**

തൊടുപുഴ, ന്യൂമാൻ കോളേജിൽ ഫിസിക്സ് വിഷയത്തിൽ പൂർണ്ണ സമയരീതിയിൽ ഗവേഷണം നടത്തുന്ന ശ്രീ. സിജോ ജോസഫിന്റെ ഗവേഷണ മാർഗദർശിത്വം ഡോ. ബീനാ മേരി ജോണിൽ നിന്നും ഡോ. സുബിൻ ജോസ്- ലേക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 45/25.02/114062/AC A2-2/2022** **ഗവേഷണം- മലയാളം- ശ്രീ. സിദ്ധാർത്ഥ ശിവപ്രസാദ് -2013 അഡ്മിഷൻ - ഗവേഷണ പ്രബന്ധം പുസ്തകരൂപത്തിൽ പ്രസിദ്ധികരിക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് ലറ്റേഴ്സ് ഗവേഷണ കേന്ദ്രമാക്കി മലയാളം വിഷയമായി ഗവേഷണം പൂർത്തിയാക്കിയ ശ്രീ.സിദ്ധാർത്ഥ ശിവപ്രസാദിന്റെ "പുനരാവിഷ്കാരവും മലയാളസിനിമയും ഒരു സാംസ്കാരിക വിശകലനം" എന്ന ഗവേഷണ പ്രബന്ധം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 46/25.02/73014/AC A10-4/2024** **സർവകലാശാലയിൽ ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത് പലവിധ കാരണങ്ങളാൽ പ്രബന്ധം സമർപ്പിക്കുവാൻ സാധിക്കാത്ത ഗവേഷകർക്ക് ഫീസ്, ഫൈൻ എന്നിവ ഈടാക്കിക്കൊണ്ട് പ്രബന്ധ സമർപ്പണത്തിനായി കാലാവധി ദീർഘിപ്പിച്ച് നൽകിയ ഉത്തരവ് പരിഷ്കരിക്കുന്നത് സംബന്ധിച്ച്.**

31.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിലെ മിനിറ്റ്സ് ഇനം നം.127/24.08, 10.12.2024 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം.1130/ACA10/2024/എംജിയു എന്നിവ പ്രകാരമുള്ള തീരുമാനം താഴെപറയുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത് ഗവേഷണത്തിൽ മുടക്കം വരുത്തിയതും രജിസ്ട്രേഷൻ സ്വമേധയാ ക്യാൻസൽ ആയവർ, തുടർന്ന് ഗവേഷണം നടത്താൻ സധിക്കാത്ത ഗവേഷകർ, സമയപരിധി കഴിഞ്ഞു പലവിധ കാരണങ്ങളാൽ പ്രബന്ധം സമർപ്പിക്കാൻ സാധിക്കാത്ത ഗവേഷകർ എന്നിവർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മതിയായ ഫീസ് ഈടാക്കിക്കൊണ്ട് (പിഴ ഉൾപ്പെടെ) പ്രബന്ധ സമർപ്പിണത്തിനുള്ള കാലാവധി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 47/25.02/115768/AC A6-1/2024**

**എറണാകുളം, സെന്റ് ആൽബെർട്ട്സ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.നിഷ തോംജി വർഗീസ് (Dr. Nisha Thomji Varghese) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

എറണാകുളം, സെന്റ് ആൽബെർട്ട്സ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. നിഷ തോംജി വർഗീസ് (Dr. Nisha Thomji Varghese)-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 48/25.02/138143/AC A6-1/2024**

**മൂവാറ്റുപുഴ, നിർമല കോളേജിലെ ഹിന്ദി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജി.സുജിത (Dr. G. Sugida) റിസർച്ച് ഗൈഡായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മൂവാറ്റുപുഴ, നിർമല കോളേജിലെ ഹിന്ദി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജി.സുജിത (Dr. G. Sugida)-യെ ടി കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ ഹിന്ദി ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 49/25.02/140290/AC A6-1/2024**

**കുറവിലങ്ങാട്, ദേവ മാതാ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അഷിത ടോം (Dr. Ashitha Tom) മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്:-**

കുറവിലങ്ങാട്, ദേവ മാതാ കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അഷിത ടോം (Dr. Ashitha Tom)-നെ പാലാ, സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 50/25.02/85975/AC A6-3/2024**

**പരുമല, ദേവസ്വം ബോർഡ് പമ്പ കോളേജിലെ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാല ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ സംബന്ധിച്ച്**

പരുമല, ദേവസ്വം ബോർഡ് പമ്പ കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗത്തെ ഈ സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനും, അതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സാജൻ പി, ഡോ. അജിത് എസ്. കുമാർ എന്നിവരെ ഈ കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 51/25.02/137840/AC A6-3/2024**

**കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ ബിരുദാനന്തരബിരുദ ഇക്കണോമിക്സ് വിഭാഗത്തെ മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ ബിരുദാനന്തര ബിരുദ ഇക്കണോമിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വ. പി. ബി. സതീഷ് കുമാർ (സിൻഡിക്കേറ്റ് അംഗം), ഡോ. ഷീബ വി.റ്റി., എൻ എസ് എസ് കോളേജ് ചങ്ങനാശ്ശേരി (വിഷയ വിദഗ്ദ്ധ) എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 52/25.02/109785/ACA6 SO/2023** **തുരുത്തിക്കാട് ബിഷപ്പ് ഏബ്രഹാം മെമ്മോറിയൽ കോളേജിലെ ബിരുദാനന്തരബിരുദ കെമിസ്ട്രി വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

തുരുത്തിക്കാട് ബിഷപ്പ് ഏബ്രഹാം മെമ്മോറിയൽ കോളേജിലെ ബിരുദാനന്തരബിരുദ കെമിസ്ട്രി വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. സെനോ ജോസ് (സിൻഡിക്കേറ്റ് അംഗം), ഡോ. കൃഷ്ണകുമാർ കെ.എസ്., സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം (വിഷയ വിദഗ്ദ്ധൻ) എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 53/25.02/115796/AC A6-3/2024** **എറണാകുളം സെന്റ് ആൽബെർട്സ് കോളേജിലെ ബിരുദാനന്തരബിരുദ ഫിസിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാന് നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

സെന്റ് ആൽബെർട്സ് കോളേജിലെ ബിരുദാനന്തരബിരുദ ഫിസിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. രതീഷ് പി.ബി., (സിൻഡിക്കേറ്റ് അംഗം), ഡോ. ലിബിൻ കുര്യാക്കോസ്, സെന്റ് തോമസ് കോളേജ്, പാല (വിഷയ വിദഗ്ദ്ധൻ) എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 54/25.02/108434/AC A6-1/2024** **കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജിനു ജോൺ (Dr.Jinu John) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജിനു ജോൺ (Dr. Jinu John)-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 55/25.02/108904/AC A6-1/2024** **കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സിബി എം.എം (Dr. Sibi M.M) റിസർച്ച് ഗൈഡായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സിബി എം.എം (Dr. Sibi M M )-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 56/25.02/95337/AC A15-1/2024** **പിഎച്ച്. ഡി പ്രോഗ്രാം – ഗവേഷണ പ്രബന്ധം മലയാളത്തിൽ തയ്യാറാക്കി സമർപ്പിക്കുവാൻ അനുമതി തേടിക്കൊണ്ട് ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

1. മഹാത്മാഗാന്ധി സർവ്വകലാശാല പിഎച്ച്.ഡി റെഗുലേഷൻ പ്രകാരം മാർഗ്ഗദർശി, 12 പ്രബന്ധ പരിശോധകരുടെ പാനൽ തയ്യാറാക്കുമ്പോൾ 6 മൂല്യകർത്താക്കളെങ്കിലും കേരളത്തിന് പുറത്തു നിന്നുള്ളവരായിരിക്കണം എന്ന വ്യവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ മലയാളത്തിൽ തയ്യാറാക്കുന്ന പ്രബന്ധങ്ങളുടെ മൂല്യനിർണ്ണയ നടപടികൾ സങ്കീർണ്ണമാകുന്ന സാഹചര്യം ഉടലെടുക്കുന്നതിനാലും,

2. ഭാഷാ വിഷയങ്ങളിൽ ഒഴികെയുള്ള പ്രബന്ധങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കപ്പെടുന്നവയാകയാൽ ഗവേഷണ മേഖലയിൽ ഉള്ള മറ്റ് പ്രബന്ധങ്ങളുമായി താരതമ്യം ചെയ്ത് പ്ലേജിയറിസം പരിശോധിയ്ക്കുന്നതിന് ഇംഗ്ലീഷിൽ തന്നെ പ്രബന്ധം സമർപ്പിയ്ക്കേണ്ടിയിരിയ്ക്കുന്നു എന്ന വസ്തുത പരിഗണിച്ചും,

3. പ്രബന്ധങ്ങൾ മലയാള ഭാഷയിൽ തയാറാക്കുന്ന രീതി അവലംബിക്കുന്ന പക്ഷം ഗവേഷണ മേഖലയിൽ മലയാള ഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് മാത്രമേ ആയത് റഫറൻസിനായി ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ എന്ന പരിമിതി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നുള്ള ഗവേഷണ പ്രബന്ധങ്ങൾക്ക് വന്നു ചേരും എന്നത് പരിഗണിച്ചും,

ഗവേഷണ പ്രബന്ധം മലയാളത്തിൽ തയ്യാറാക്കി സമർപ്പിക്കുവാൻ അനുമതി തേടിക്കൊണ്ട് ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 57/25.02/39916/AC A6-1/2024**

**കളമശ്ശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സബീൻ ഗോവിന്ദ് പി.വി (Dr.Sabeen Govind P.V) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

കളമശ്ശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സബീൻ ഗോവിന്ദ് പി.വി (Dr.Sabeen Govind P.V) -യെ ടി കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിൽ /ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 58/25.02/117186/ACA11-2/2024**

**എൻവിറോൺമെന്റ് സയൻസ് വിഷയത്തിൽ ഇന്റർഡിസ്സിപ്ലിനറി ആയി ഗവേഷണം നടത്തുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡോ. ജേക്കബ് ജോൺ, (റിട്ട. അസ്സോസിയേറ്റ് പ്രൊഫസർ, കേരള കാർഷിക സർവകലാശാല) ബഹു. വൈസ് ചാൻസിലർക്ക് സമർപ്പിച്ച അപേക്ഷ -സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിലവിൽ പ്രാബല്യത്തിലുള്ള പി.എച്ച് ഡി റെഗുലേഷൻ, 2016 ന്റെ വ്യവസ്ഥകൾ പ്രകാരം നേരിട്ടുള്ള പ്രവേശനത്തിന് ഡോ. ജേക്കബ് ജോൺ-ന് അർഹത ഇല്ലാത്തതിനാലും, ടി അപേക്ഷകനെപ്പോലെ ദീർഘകാലത്തെ അദ്ധ്യാപന/ഗവേഷണ പരിചയവും, അനുഭവസമ്പത്തും ഉള്ള വ്യക്തികൾക്ക് വീണ്ടും ഗവേഷണ രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങളെപ്പറ്റിയോ പ്രവേശനപ്രക്രിയകളെ പറ്റിയോ 2016 റെഗുലേഷനിൽ പ്രതിപാദിക്കാത്ത സാഹചര്യത്തിലും പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി അപേക്ഷ അക്കാദമിക് കൗൺസിലിന് കൈമാറുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 59/25.02/114599/ACA13 SO/2021**

Smt. Girija U - 2020 **പി.എച്ച്.ഡി അഡ്മിഷൻ - നിയമം വിഷയം - ഗവൺമെന്റ് ലോ കോളേജ് ,എറണാകുളം -** Part Time Conversion - 01.03.2023 **തിയതി മുതലാണ്** Part time **ലേക്കു മാറേണ്ടതെന്നും ആയതിൻ പ്രകാരം** MGU Ph.D Regulation 2016 **ന്റെ ഭാഗമായ അഡ്വക്കേറ്റ്സ്, ലീഗൽ പ്രൊഫെഷണൽസ്, ജുഡീഷ്യൽ ഓഫീസേഴ്സ് എന്നീ പ്രൊഫെഷണലിലുള്ള ഗവേഷകർക്കും കോഴ്സ് വർക്ക് പൂർത്തീകരിച്ചതിനുശേഷം** Part Time Conversion **സാധ്യമാക്കുന്ന ഉത്തരവ് മുൻകാല പ്രാബല്യം കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കണമെന്നും കാണിച്ചുകൊണ്ടുള്ള അപേക്ഷ സംബന്ധിച്ച്.**

പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 60/25.02/40121/AC A11-1/2020** **ശ്രീമതി . ജിഷ പി ജനാർദ്ദനൻ - SRF - (2020 അഡ്മിഷൻ) പൂർണ്ണസമയ ഗവേഷകയ്ക്ക് ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫെൻസിൽ ആയുർവേദ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) ആയി കോൺട്രാക്ട് രീതിയിൽ ജോലി ലഭിച്ചതിനാൽ രണ്ട് വർഷത്തേക്ക് അനുവദിച്ച അവധി ഇനിയും രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാല പി എച്ച് ഡി റെഗുലേഷൻ 2016-ൽ അവധികളെപ്പറ്റി പരാമർശിച്ചിട്ടുള്ള വകുപ്പുകൾ ഒന്നും തന്നെ ശ്രീമതി. ജിഷ പി ജനാർദ്ദനൻ (SRF)-ന് ബാധകമാവുന്നതല്ല എന്നതിനാൽ രണ്ട് വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 61/25.02/124005/AC A6-1/2024** **തിരുവല്ല, മാർ തോമാ കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ.ഐ.ജോൺ ബെർലിൻ (Dr. I. John Berlin) മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തിരുവല്ല, മാർതോമാ കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ഐ. ജോൺ ബെർലിൻ (Dr. I. John Berlin)-നെ ടി കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ /ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 62/25.02/121742/AC A6-1/2024** **മാന്നാനം, കുര്യാക്കോസ് ഏലിയാസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജിൻസി ലൂക്കോസ് വി. (Dr. Gincy Lukose V) റിസർച്ച് ഗൈഡായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മാന്നാനം, കുര്യാക്കോസ് ഏലിയാസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജിൻസി ലൂക്കോസ് വി. (Dr. Gincy Lukose V)-യെ ടി കോളേജിലെ ബിരുദാനന്തര ബിരുദ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 63/25.02/127859/AC A11-3/2024** **Smt. Shilpa Sarah Mathew-ന് B.Ed കോഴ്സ് പൂർത്തിയാവുന്നതിന് ഒന്നര മാസം മുമ്പായി പി. എച്ച്. ഡി രെജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച്.**

അപേക്ഷകയുടെ ബി.എഡ്. കോഴ്സിന്റെ ഹാജർ സംബന്ധിച്ച് അപേക്ഷയിൽ വ്യക്തതയില്ലാത്തതിനാൽ, Smt. Shilpa Sarah Mathew-ന് പി.എച്ച്.ഡി രജിസ്ട്രേഷൻ അനുവദിച്ച്, പി.എച്ച്.ഡി. രജിസ്ട്രേഷന് ശേഷമുള്ള കാലയളവ് അനുവദനീയമായ ലീവ് ആയി നൽകിയാൽ സർവ്വകലാശാല ബി.എഡ്. റെഗുലേഷൻ പ്രകാരം പരീക്ഷ എഴുതുന്നതിനുള്ള മിനിമം ഹാജർ ടിയാൾക്ക് ഉണ്ടെങ്കിൽ, ബി.എഡ്. പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകുന്നതിനും ടിയാളുടെ ഗവേഷണ രജിസ്ട്രേഷനുള്ള അപേക്ഷ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 64/25.02/4006/AC A5-3/2023** **മഹാത്മാഗാന്ധി സർവകലാശാലയുടെ D.Sc ബിരുദത്തിനായുള്ള Dr.T.Daniel Thangadurai-യുടെ അപേക്ഷ - റിസേർച്ച് വർക്ക് വിലയിരുത്തുന്നതിനായി വൈസ് ചാൻസലർ നാമനിർദേശം ചെയ്ത മൂന്നംഗ പാനൽ അംഗീകാരം - സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവകലാശാലയുടെ D.Sc ബിരുദത്തിനായുള്ള KPR Institute of Engineering and Technology, Coimbatore, Tamilnadu-ലെ Centre for Nanoscience and Technology വകുപ്പമേധാവിയായ

Dr.T.Daniel Thangadurai സമർപ്പിച്ച അപേക്ഷ പരിഗണിച്ച് റിസേർച്ച് വർക്ക് വിലയിരുത്തുന്നതിനായി വൈസ് ചാൻസലർ നാമനിർദേശം ചെയ്ത താഴെ പറയുന്ന മൂന്നംഗ പാനലിന് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

(1) Prof. Jozef Haponiuk
(2) Prof. Didier Rouxel
(3) Dr. Alex Schechter

**ഇനംനമ്പർ 65/25.02/128032/AC A6-1/2024** **എറണാകുളം, മഹാരാജാസ് കോളേജിലെ ഇസ്ലാമിക് ഹിസ്റ്ററി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അജ്മൽ പി.എ (Dr. Ajmal P.A) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

എറണാകുളം, മഹാരാജാസ് കോളേജിലെ ഇസ്ലാമിക് ഹിസ്റ്ററി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അജ്മൽ പി.എ (Dr. Ajmal P.A)-യെ ടി കോളേജിലെ ബിരുദാനന്തര ബിരുദ ഇസ്ലാമിക് ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 66/25.02/129388/AC A6-1/2024** **കോഴഞ്ചേരി, സെന്റ് തോമസ് കോളേജിൽ ബോട്ടണി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ലിനി കെ.മാത്യു (Dr.Lini K.Mathew) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കോഴഞ്ചേരി, സെന്റ് തോമസ് കോളേജിൽ ബോട്ടണി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ലിനി കെ.മാത്യു (Dr. Lini K Mathew)-നെ ടി കോളേജിലെ ബിരുദാനന്തര ബിരുദ ബോട്ടണി ഡിപ്പാർട്ട്മെന്റിൽ /ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 67/25.02/127891/C A10-4/2024** **പി.എച്ച്.ഡി. പ്രവേശനത്തിന് സംവരണം അനുവദിക്കുന്നവരുടെ പട്ടികയിൽ Socially and Educationally Backward Classes (SEBC)വിഭാഗക്കാരെയും കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് Higher Education Forum President, Sri. Babu K.P സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

പ്രസ്തുത വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി.വി., ശ്രീ. അരുൺ കെ. ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 68/25.02/117017/AC A6-1/2024** **പാലാ, സെന്റ് തോമസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അഞ്ജു ലിസ് കുര്യൻ (Dr.Anju Lis Kurian) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

പാലാ, സെന്റ് തോമസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അഞ്ജു ലിസ് കുര്യൻ (Dr.Anju Lis Kurian)-നെ ടി കോളേജിലെ ബിരുദാനന്തര ബിരുദ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 69/25.02/115026/AC A6-1/2024 | **പാലാ, സെന്റ് തോമസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജയിംസ് വർഗീസ് (Dr. James Varghese) റിസർച്ച് ഗൈഡായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്** |

പാലാ, സെന്റ് തോമസ് കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജയിംസ് വർഗീസ് (Dr. James Varghese)–നെ ടി കോളേജിലെ ബിരുദാനന്തര ബിരുദ കോമേഴ്സ് ഡിപ്പാർട്ട്മെന്റിൽ /ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 70/25.02/126736/AC A6-1/2024 | **മൂലമറ്റം, സെന്റ് ജോസഫ്സ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അലക്സ് ഇ.ആർ (Dr.Alex E.R) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്** |

മൂലമറ്റം, സെന്റ് ജോസഫ്സ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അലക്സ് ഇ.ആർ (Dr.Alex E. R)–നെ ടി കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ /ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 71/25.02/80868/AC A6-1/2024 | **കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അനൂപ് ടോം തോമസ് (Dr. Anoop Tom Thomas) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.** |

കാഞ്ഞിരപ്പള്ളി, സെന്റ് ഡൊമിനിക്സ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അനൂപ് ടോം തോമസ് (Dr. Anoop Tom Thomas) –ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 72/25.02/250001 | **16.01.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി – റിസർച്ച് ആന്റ് ഡെവലപ്മെന്റ് –ന്റെ യോഗ നടപടിക്രമം** |
| OA II | **ദേശീയ വിദ്യാഭ്യാസ നയത്തോടനുബന്ധിച്ചുള്ള അഞ്ചു വർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകളെ (ITEP) സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശം ലഭിക്കുന്നത് വരെ ഗവേഷണ കേന്ദ്രങ്ങളും ഗവേഷണ മാർഗ്ഗദർശികളെയും അനുവദിക്കുന്നത് സംബന്ധിച്ച്.** |

ദേശീയ വിദ്യാഭ്യാസ നയത്തോടനുബന്ധിച്ചുള്ള അഞ്ചു വർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകളെ (ITEP) സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശം ലഭിക്കുന്നത് വരെ ഗവേഷണ കേന്ദ്രങ്ങളും ഗവേഷണ മാർഗ്ഗദർശികളെയും അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 73/25.02/137025/AC A4-2/2024** **സംസ്ഥാന ലോ കോളേജുകളിലെ പഞ്ചവത്സര, ത്രിവത്സര എൽ എൽ ബി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് നിലവിലുള്ള സീറ്റ് മെട്രിക്സിനെ ബാധിക്കാതെ ഒരു സ്ഥാപനത്തിൽ പരമാവധി ഒന്ന് എന്ന വിധത്തിൽ ട്രാൻസ് ജൻഡർ വിഭാഗത്തിനു സീറ്റുകൾ അനുവദിച്ചുള്ള സർക്കാർ തീരുമാനത്തിന്മേൽ സർവകലാശാലയുടെ അഭിപ്രായം ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 26.11.2024-ലെ C1/202/2023-HEDN നമ്പർ കത്ത് - മറുപടി നൽകുന്നത് സംബന്ധിച്ച് : -**

റെഗുലേറ്ററി ബോഡി അനുവദിച്ചിട്ടുള്ള പരമാവധി സീറ്റുകളുടെ അകത്തുനിന്നുകൊണ്ട് സീറ്റ് മെട്രിക്സിനെ ബാധിക്കാതെ ഒരു സ്ഥാപനത്തിൽ ഒന്ന് എന്ന രീതിയിൽ ട്രാൻസ്ജെന്റേഴ്സിന് സീറ്റുകൾ അനുവദിക്കാവുന്നതാണെന്ന് സർക്കാരിലേക്ക് അറിയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 74/25.02/104878/AC A5-1/2024** **സർവകലാശാലയിൽ 2025-2026 അക്കാഡമിക് വർഷം മുതൽ രണ്ടു വർഷ എം എ ക്ലിനിക്കൽ സൈക്കോളജി കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച്**

സർവകലാശാലയിൽ 2025-2026 അക്കാഡമിക് വർഷം മുതൽ രണ്ടു വർഷ എം.എ. ക്ലിനിക്കൽ സൈക്കോളജി കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് വിഷയം പഠിച്ച് 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി. വി., ശ്രീ. അരുൺ കെ. ശശീന്ദ്രൻ, ഡോ. ജോജി അലക്സ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 75/25.02/2741/P&D 1-3/2023** **Pradhan Mantri Janjatiya Unnat Gram Abhiyan പദ്ധതി പ്രകാരം ട്രൈബൽ വിദ്യാർത്ഥികൾക്ക് വേണ്ടി ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ - സംബന്ധിച്ച്.**

Pradhan Mantri Janjatiya Unnat Gram Abhiyan പദ്ധതി പ്രകാരം സർവകലാശാലയുടെ അധികാരപരിധിയിൽ വരുന്ന കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ട്രൈബൽ മേഖലകളിൽ നിന്നും സർവകലാശാലയിലും പരിസര മേഖലകളിലെ കോളേജുകളിലും പഠിക്കുന്ന ട്രൈബൽ വിഭാഗം വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ശ്രീ. അരുൺ കെ. ശശീന്ദ്രൻ എന്നിവരെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 76/25.02/113600/AC A3-3/2023** **എൻ.സി.സി. ദേശീയതലത്തിൽ നടത്തുന്ന പാര ബേസിക് കോഴ്സിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് 4% ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

എൻ.സി.സി. ദേശീയതലത്തിൽ നടത്തുന്ന പാര ബേസിക് കോഴ്സിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് 4% ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് സ.ഉ.നം.113600/ACA3-3/2023 തീയതി 28.11.2024 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 77/25.02/130095/AC A3-3/2024** **കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് സംസ്ഥാനതലത്തിൽ നടത്തുന്ന കല/കായിക/സാംസ്കാരിക പരിപാടികളിൽ പങ്കെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് :-**

നിലവിൽ കോളേജ്/സർവകലാശാല/അന്തർ സർവകലാശാല തലത്തിൽ നടത്തുന്ന സ്പോർട്സ്/ കൾച്ചറൽ/യൂത്ത് ഫെസ്റ്റിവൽ മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കാഴ്ച

പരിമിതരായ വിദ്യാർത്ഥികൾക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനാൽ ടി വിഷയം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 78/25.02/124057/CDOE 3-1/2024** **ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ഒഡിഎൽ) /ഓൺലൈൻ മോഡിലൂടെ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള യുജിസി യുടെ വിജ്ഞാപനം- സംബന്ധിച്ച്.**

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 14.10.2024-ലെ പബ്ലിക് നോട്ടീസ് F.No.1-32/2024(DEB-I) പ്രകാരം ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ഒഡിഎൽ)/ഓൺലൈൻ മോഡിലൂടെ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 79/25.02/132848/Ac A1-2/2024** **സർവകലാശാല പുറത്തിറക്കിയ നമ്പർ . 2532/Ac A1/2019/ എം .ജി.യു. തീയതി 10.06.2019 ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് :-**

സ.ഉ.നം. 2532/Ac A1/2019/MGU, തീയതി 10.06.2019-ൽ 'ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ജൻഡർ തെളിയിക്കുന്നതിന് ബന്ധപ്പെട്ട മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്ന വ്യവസ്ഥ താഴെപറയുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

'ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ജൻഡർ തെളിയിക്കുന്നതിന് സാമൂഹ്യ നീതി, ശാക്തീകരണ മന്ത്രാലയം 2020 സെപ്റ്റംബർ 25-ന് വിജ്ഞാപനം ചെയ്ത ട്രാൻസ്ജെൻഡർ നിയമം 2020-ൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരമുള്ള certificate of identity, identity card എന്നിവയിലേതെങ്കിലും ഹാജരാക്കേണ്ടതാണ്.'

**ഇനംനമ്പർ 80/25.02/106397/AC B7-1/2024** **ആലുവ, സെന്റ് സേവിയേഴ്സ് വനിത കോളേജിന്റെ പരീക്ഷാ മാനുവൽ അംഗീകാരം സംബന്ധിച്ച്.**

സർവ്വകലാശാല ലജിസ്ലേഷൻ സെക്ഷൻ പരിശോധിച്ചതിന് ശേഷം പരീക്ഷാ കൺട്രോളറുടെ അനുമതിയോടെ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 81/25.02/83448/AC A12-3/2024** **സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയിൽ (CYN) Yoga For Stress Management (Under Credit System) എന്ന ആഡ് ഓൺ കോഴ്സ് ആരംഭിക്കുന്നതു സംബന്ധിച്ച് - സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ.എസ്. സുമേഷ്, ശ്രീ. അരുൺ കെ ശശീന്ദ്രൻ എന്നിവർ സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു .**

സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയിൽ (CYN) Yoga For Stress Management (Under Credit System) എന്ന ആഡ് ഓൺ കോഴ്സ് ആരംഭിക്കുന്നതു സംബന്ധിച്ച് സ.ഉ.നം.11370/ACA1/2024/എംജിയു തീയതി 16.12.2024 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 82/25.02/135999/CD 1-2/2024** **ചങ്ങനാശ്ശേരി SB കോളേജ് 2024 ഡിസംബർ 3 മുതൽ 7 വരെ "Exploring Machine Learning and Deep Learning" എന്ന വിഷയത്തിൽ നടത്തിയ ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാമിന് അംഗീകാരം നൽകുന്നതിനെ സംബന്ധിച്ച്:-**

ചങ്ങനാശ്ശേരി SB കോളേജിൽ നിന്ന് 29.11.2024- ന് DCDC ഡയറക്ടർക്ക് നൽകിയ അപേക്ഷ പരിഗണിച്ചുകൊണ്ട് 03.02.2024 മുതൽ 07.12.2024 വരെ "Exploring Machine Learning and Deep Learning" എന്ന വിഷയത്തിൽ നടത്തിയ ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാമിന് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 83/25.02/147319/AC A9-2/2024** **സർവ്വകലാശാലയിൽ Communicative English എന്ന വിഷയത്തിൽ അടിയന്തിരമായി ബിരുദാനന്തര ബിരുദ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശം സംബന്ധിച്ച് :-**

സ്കൂൾ ഓഫ് ലെറ്റേഴ്സ് മേധാവിയുടെ അഭിപ്രായം വാങ്ങിയതിനുശേഷം ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 84/25.02/800/Ac A1-2/2023** **സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ എം.എസ്.സി കെമിസ്ട്രി സീറ്റുകളുടെ എണ്ണം കുറക്കുന്നത് സംബന്ധിച്ച്**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ M.Sc കെമിസ്ട്രി പ്രോഗ്രാമിന്റെ സീറ്റുകളുടെ എണ്ണം അധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കുറവ് വരാതെ, 2024 അധ്യയന വർഷത്തേക്ക് മാത്രം 40 ആയി കുറയ്ക്കുന്നതിനും, ഡിപ്പാർട്ട്മെന്റിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്ന മുറയ്ക്ക് സീറ്റുകളുടെ എണ്ണം 48 ആയി ഉയർത്തുന്നതിനും തീരുമാനിച്ചു. കൂടാതെ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. സെനോ ജോസ് (സിൻഡിക്കേറ്റ് അംഗം)-നെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 85/25.02/26601/AC A7/2/2019** **ഇസ്ലാമിക് ലേർണിംഗ് മിഷൻ ട്രസ്റ്റിനു കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, ടെക്നോ വില്ലജ്, മേത്തല, കീഴില്ലം, പെരുമ്പാവൂർ, എറണാകുളം - ഫിനാൻഷ്യൽ ഗ്യാരന്റി മൂന്ന് ലക്ഷം രൂപ റീഫണ്ട് ചെയ്യുന്നത് സംബന്ധിച്ച്**

DSS വിഭാഗത്തിൽ കോളേജിനുള്ള കുടിശ്ശിക തീർപ്പാക്കി ആയതിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 86/25.02/135292/AD B1-1/2024** **സർവ്വകലാശാലയിലെ ഹെൽത്ത് സെന്ററിനെക്കുറിച്ച് ലഭ്യമായ പരാതി സംബന്ധിച്ച്**

സർവ്വകലാശാലയിലെ ഹെൽത്ത് സെന്ററിൽ നിലവിൽ വിദ്യാർത്ഥികൾക്ക് പ്രാഥമിക ചികിത്സക്കുള്ള അത്യാവശ്യ മരുന്നുകളും നെബുലൈസേഷൻ സൗകര്യവുമുള്ളതിനാൽ കേരള സ്റ്റുഡൻസ് യൂണിയൻ എം.ജി. സർവ്വകലാശാല ക്യാമ്പസ് യൂണിറ്റ് സമർപ്പിച്ച അപേക്ഷ തത്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 87/25.02/4677/AD B2-3/2024** **അഡിഷണൽ ആൻസർ ബുക്ക്ലെറ്റുകളുടെ മുദ്രണത്തിനു പ്രതിഫലം നൽകുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലയ്ക്ക് 2,93,000 എണ്ണം അഡിഷണൽ ആൻസർ ബുക്ക്ലെറ്റുകൾ അച്ചടിച്ച് നൽകിയ വകയിൽ M/s. Lovely Forms and Stationery Pvt Ltd എന്ന സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് തുകയായ ₹5,53,770/- (അഞ്ചു ലക്ഷത്തി അൻപത്തി മൂവായിരത്തി എഴുന്നൂറ്റി എഴുപത് രൂപ മാത്രം) രൂപയിൽ നിന്ന് വിതരണം ചെയ്യുന്നതിൽ വരുത്തിയ കാലതാമസത്തിന് കണക്കാക്കിയ പിഴപലിശയായ ₹11,471/- (പതിനോരായിരത്തി നാനൂറ്റി എഴുപത്തിയൊന്നു രൂപ മാത്രം) (പിഴപ്പലിശ) രൂപ കിഴിച്ചു ബാക്കി തുകയായ (നികുതി ഉൾപ്പെടെ) ₹5,42,299/- (അഞ്ചു ലക്ഷത്തി നാല്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) ടി സ്ഥാപനത്തിന് അനുവദിച്ചു നൽകുന്നതിനും, പ്രസ്തുത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ "22 201 04 Printing, Stationery, Paper and Computer Consumables" എന്ന ശീർഷകത്തിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 88/25.02/136080/AD A9-2/2024** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോട്സ് സയൻസസ്-അന്തർ സർവകലാശാല ടൂർണമെന്റ് 2024-2025-മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ കോളേജുകളിലെ വിദ്യാർഥികൾ ഉൾപ്പെടുന്ന യോഗ ടീമിന് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ കോളേജുകളിലെ വിദ്യാർഥികൾ ഉൾപ്പെടുന്ന യോഗ ടീമിന് ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ പങ്കെടുക്കുന്നതിന് സർവകലാശാല അനുമതി നൽകിയിരുന്നതിനാൽ, ടീം അംഗങ്ങൾക്ക് ചെലവായ തുക സർവ്വകലാശാലയിൽ നിന്ന് നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 89/25.02/46029/AD B2-2/2024** | **സർവകലാശാല ജനറൽ സ്റ്റോറിലേക്ക് ആവശ്യമായ 500 ഷീറ്റ് വീതമടങ്ങിയ 2000 പാക്കറ്റ് A 4 സൈസ് ഫോട്ടോകോപ്പി പേപ്പറും 500 ഷീറ്റ് വീതമടങ്ങിയ 50 പാക്കറ്റ് ലീഗൽ സൈസ് ഫോട്ടോകോപ്പി പേപ്പറും വിതരണം ചെയ്ത വകയിൽ M/s. Proxima Trade Links, Alappuzha എന്ന സ്ഥാപനത്തിന് നികുതിയുൾപ്പെടെ 5,12,847/- രൂപ അനുവദിക്കുന്നത് സംബന്ധിച്ച്:-** |

സർവകലാശാല ജനറൽ സ്റ്റോറിലേക്ക് 500 ഷീറ്റ് വീതമടങ്ങിയ 2000 പാക്കറ്റ് A 4 സൈസ് ഫോട്ടോകോപ്പി പേപ്പറും 500 ഷീറ്റ് വീതമടങ്ങിയ 50 പാക്കറ്റ് ലീഗൽ സൈസ് ഫോട്ടോകോപ്പി പേപ്പറും വിതരണം ചെയ്ത വകയിൽ, നൽകേണ്ടുന്ന 5,12,847/- രൂപ (അഞ്ചു ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി നാല്പത്തേഴ് രൂപ മാത്രം) 2024-2025 സാമ്പത്തിക വർഷ ബജറ്റിലെ " 22 101 04 - Printing & Stationery എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 90/25.02/37396/AC A7-2/2022** | Gurudeva Institute of Science & Technology, Vennimala, Payyappady P. O. Puthuppally, Kottayam - **ഫിനാൻഷ്യൽ ഗ്യാരന്റി മൂന്ന് ലക്ഷം രൂപ റീഫണ്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും ആരാഞ്ഞിരിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച് .** |

DSS വിഭാഗത്തിൽ കോളേജിനുള്ള കുടിശ്ശിക തീർപ്പാക്കി ആയതിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 91/25.02/89444/AD A9-3/2024** | **IIRBS സെന്ററിൽ 4+1 പ്രോഗ്രാം നടത്തുന്നതിന്റെ ഭാഗമായി പുതിയ ക്ലാസ്സ്റൂമുകൾ സജ്ജമാക്കുന്നതിന്റെ അവസാന ഘട്ട പ്രവർത്തികൾക്കായി IIRBS ഡയറക്ടറും സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് (SPAP) പ്രൊഫസറുമായ ഡോ. ബിജു പി ആർ -ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹.5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - സംബന്ധിച്ച് :-** |

- IIRBS സെന്ററിൽ 4+1 പ്രോഗ്രാം നടത്തുന്നതിന്റെ ഭാഗമായി പുതിയ ക്ലാസ്സ്റൂമുകൾ സജ്ജമാക്കുന്നതിന്റെ അവസാന ഘട്ട പ്രവർത്തികൾക്കായി IIRBS ഡയറക്ടറും SPAP പ്രൊഫസറുമായ ഡോ. ബിജു പി ആർ ആകെ ചെലവഴിച്ച തുകയായ ₹6,91,364/- (ആറ് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി നാല് രൂപ) അംഗീകരിക്കുന്നതിനും,
- അധികമായി ചിലവഴിച്ച ₹1,91,364 /- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി നാല് രൂപ) ഡോ. ബിജു പി ആർ - ന് തിരികെ നൽകുന്നതിനും,
- സർവകലാശാല ഉത്തരവ് നമ്പർ 7609/AD A9/2024/MGU തീയതി 21.08.2024 പ്രകാരം ഡോ. ബിജു പി ആർ-ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ സർവകലാശാല ബഡ്ജറ്റിലെ " 21 101 27 - Others " എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 92/25.02/51954/DSS 2/2024**

**ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് – 2024–'25 സാമ്പത്തിക വർഷം 2024 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് SWF (Student Welfare Fund) ഉപയോഗിച്ച് നടത്തിയ വിദ്യാർഥിക്ഷേമ പ്രവർത്തനങ്ങളും, ആയതിനായി ചെലവഴിച്ച തുകയുടെ അന്തിമ ക്രമവൽക്കരണവും, 2024 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ നടത്തിയ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് വിനിയോഗം സംബന്ധിച്ച റിപ്പോർട്ടും സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച് .–**

2024–'25 സാമ്പത്തിക വർഷത്തിൽ (2024 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ) സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് (SWF) വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോഗ്രാമുകൾക്കായി ചെലവായ ₹7,94,658/– (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അറുന്നൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) രൂപയും, 2024 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ നടത്തിയ സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള റിപ്പോർട്ടും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 93/25.02/34277/AD A9–2/2024**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് – 2023 – 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി (നാലാം ഗഡു തുക) താൽക്കാലിക മുൻകൂർ തുകയായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച ₹ 30,00,000/–(മുപ്പത് ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് – സംബന്ധിച്ച്.**

- സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് വകുപ്പിലെ 2023–24 അന്തർ കലാലയ/സർവകലാശാല കായിക മത്സരങ്ങൾ (നാലാം ഗഡു) നടത്തിയ വകയിൽ ആകെ ചെലവഴിച്ച തുകയായ ₹30,07,855/ – (മുപ്പത് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) അംഗീകരിക്കുന്നതിനും,
- അധികരിച്ച് ചെലവഴിച്ച ₹7,855/– (ഏഴായിരത്തി എണ്ണൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം) ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് –ന്റെ പേരിൽ തിരികെ അനുവദിച്ച് നൽകുന്നതിനും,
- സർവകലാശാല ഉത്തരവ് നമ്പർ : 2704/AD A 9/2024/MGU തീയതി 25.03.2024 പ്രകാരം SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്–ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹30,00,000/– (മുപ്പത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 401 58 –Inter Collegiate/Inter University Tournament എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 94/25.02/1089/AD.A V 5/2018**

**ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻറ്സ് യൂണിയൻ ഫണ്ട് വിനിയോഗ നടപടിക്രമം സംബന്ധിച്ച് :–**

ഫിനാൻസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 95/25.02/45630/AD B2–2/2024**

**ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് & സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ (IUCBR&SSH) ഇലക്ട്രിസിറ്റി ബില്ലുകൾ റീഇമ്പേഴ്സ് ചെയ്തു നൽകുന്നത് സംബന്ധിച്ച്:–**

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് & സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ (IUCBR&SSH) സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച്, ടി സെന്ററിന്റെ പ്രവർത്തനങ്ങൾക്കായുള്ള സർക്കാർ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വകലാശാലയിലേക്ക് തിരികെ ഒടുക്കണമെന്ന നിബന്ധനയോടെ, ഇലക്ട്രിസിറ്റി ബില്ലുകൾ സർവ്വകലാശാലയിൽ നിന്നും റീഇമ്പേഴ്സ് ചെയ്തു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 96/25.02/127809/AD A4-1/2024** — **സർവകലാശാലയിലെ ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റിയിലെ എക്സ്റ്റേർണൽ മെമ്പർ ന് - ICC യുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് - സിറ്റിങ്ങ് ഫീ നിശ്ചയിക്കുന്നത് - സംബന്ധിച്ച്.**

സർവകലാശാല ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റിയിലെ എക്സ്റ്റേർണൽ മെമ്പർക്ക് ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റിയോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിങ്ങ് ഫീ ആയി ₹1000/- (ആയിരം രൂപ മാത്രം) അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 97/25.02/70196/ADA9 SO/2024** — **മഹാത്മാ ഗാന്ധി സർവകലാശാല-ഗ്രാജ്യൂവെറ്റ് സ്കൂൾ-ന്റെ നടത്തിപ്പ് ചെലവിലേയ്ക്കായി താൽക്കാലിക മുൻകൂർ തുകയായി ഡോ. ജയചന്ദ്രൻ കെ-യുടെ (ഡയറക്ടർ, ഗ്രാജ്യൂവെറ്റ് സ്കൂൾ & സീനിയർ പ്രൊഫസർ, സ്കൂൾ ഓഫ് ബയോ സയൻസസ്) പേരിൽ അനുവദിച്ച ₹ 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് - സംബന്ധിച്ച്.**

- മഹാത്മാഗാന്ധി സർവകലാശാലയിൽ, Graduate School-ന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും Girls Hostel, Boy's Hostel എന്നിവയുടെ ആദ്യ ഗഡു വാടക ഒടുക്കുന്നതിനുമായി ആകെ ചെലവഴിച്ച തുകയായ ₹5,20,256/- (അഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി ഇരുനൂറ്റി അൻപത്തി ആറ് രൂപ മാത്രം ) അംഗീകരിക്കുന്നതിനും,
- അധികരിച്ച് ചെലവഴിച്ച തുകയായ ₹20,256/- ( ഇരുപതിനായിരത്തി ഇരുനൂറ്റി അൻപത്തി ആറ് രൂപ മാത്രം) ഡോ. ജയചന്ദ്രൻ കെ യുടെ പേരിൽ തിരികെ അനുവദിച്ച് നൽകുന്നതിനും,
- സർവകലാശാല ഉത്തരവ് നമ്പർ 5507/AD A 9/2024/MGU തീയതി 21.06.2024 പ്രകാരം ഡോ. ജയചന്ദ്രൻ കെ (ഡയറക്ടർ, ഗ്രാജ്യുവേറ്റ് സ്കൂൾ) യുടെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹ 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 101 17- Other Expenses എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 98/25.02/140660/AC A14-1/2024** — **മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടക്കുന്ന ഓപ്പൺ ഡിഫെൻസുകളിൽ ഹൈബ്രിഡ് മോഡ് അനുവദിച്ചിട്ടുണ്ടെങ്കിലും ഓൺലൈൻ മോഡിൽ ആളുകളെ പങ്കെടുപ്പിക്കുന്നതിലേക്കായി ഗവേഷണ വിദ്യാർത്ഥികൾ പ്രത്യേക ഫീസ് നൽകേണ്ടതുണ്ട് ഇതിൽ മാറ്റം വരുത്തി ഓൺലൈൻ മോഡിൽ ആളുകൾക്ക് പങ്കെടുക്കുന്നതിനുള്ള അവസരം നൽകണമെന്ന ആവശ്യം സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടക്കുന്ന ഓപ്പൺ ഡിഫെൻസുകളിൽ, ഓഫ്‌ലൈൻ മോഡിൽ പങ്കെടുക്കേണ്ട മിനിമം പേർക്ക് പുറമെ, ഓൺലൈൻ മോഡിൽ പങ്കെടുക്കുന്നവർക്ക് ഈടാക്കിയിരുന്ന ഫീസ് Rs. 2500/- രൂപയിൽ നിന്നും Rs. 1000/- (ആയിരം രൂപ മാത്രം) രൂപയായി കുറവ് ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 99/25.02/27127/AD A5-4/2024** — **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 മാർച്ച് 5,6,7 എന്നീ തീയതികളിൽ ഇടുക്കി ജില്ലയിലെ മൂലമറ്റത്തു വച്ച് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ച വകയിൽ ചിലവഴിച്ച തുക സംബന്ധിച്ച് :-**

- മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ (2022-'23)-ന്റെ നേതൃത്വത്തിൽ 2024 മാർച്ച് 5,6,7 എന്നീ തീയതികളിൽ ഇടുക്കി ജില്ലയിലെ മൂലമറ്റത്തു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ച വകയിൽ ആകെ ചെലവഴിച്ച തുകയായ 2,39,950/- (രണ്ട് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) അംഗീകരിക്കുന്നതിനും,
- താത്കാലിക മുൻകൂർ തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ അധികരിച്ച് ചെലവഴിക്കുന്ന തുക തിരികെ നൽകുന്നതല്ല എന്ന് നിഷ്കർഷിച്ചിരിക്കുന്നതിനാൽ അധികരിച്ച് ചെലവഴിച്ച തുകയായ ₹50/- (അൻപതു രൂപ മാത്രം) തിരികെ നൽകേണ്ടതില്ലായെന്നും,

- സർവ്വകലാശാല  ഉത്തരവ് പ്രകാരം താത്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹2,39,900/- (രണ്ടു ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം) നിന്നും മുൻകൂറായി കൈപ്പറ്റിയ ₹1,79,925/- രൂപ (ഒരു ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം) കുറച്ച് ബാക്കി തുകയായ ₹59,975/- (അൻപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപ തിരികെ നൽകുന്നതിനും,
- സർവ്വകലാശാല ഉത്തരവ് നമ്പർ : 2078/ADA5/2024/എം.ജി.യു, തീയതി 05.03.2024 പ്രകാരം, ഡി.എസ്.എസ് വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹2,39,900/-(രണ്ടു ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം)  നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 402 61 (a) - University Union Activities എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 100/25.02/112030/AD A9-3/2023** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - 2023 - 2024 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി (ഒന്നാം ഗഡു തുക) താൽക്കാലിക മുൻകൂർ തുകയായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ അനുവദിച്ച ₹ 25,00,000/-(ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് - സംബന്ധിച്ച്.**

- 2023 - 24 വർഷത്തെ അന്തർ കലാലയ / സർവകലാശാല ,കായിക മത്സരങ്ങളുടെ നടത്തിപ്പിന്റെ ഒന്നാം ഗഡു - ചെലവിനത്തിൽ ആകെ ചെലവഴിച്ച തുകയായ ₹24,98,697/- (ഇരുപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) അംഗീകരിക്കുന്നതിനും,
- അനുവദനീയമല്ലാത്ത ചെലവിനത്തിലുള്ള തുകയായ ₹1,303/- (ആയിരത്തി മുന്നൂറ്റി മൂന്ന് രൂപ മാത്രം) സർവകലാശാലഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും,
- 2023-24 ലെ അന്തർ കലാലയ/അന്തർ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനുള്ള ഒന്നാം ഗഡുവായി സ്പെസ്സ് ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിന്റെ പേരിൽ, ഉത്തരവ് നമ്പർ 9549/ADA 9/2023/എം.ജി.യു തീയതി 11.09.2023 പ്രകാരം താത്കാലിക മുൻകൂറായി അനുവദിക്കപ്പെട്ട ₹25,00,000/- (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 401 58 Inter Collegiate/Inter University Tournaments എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 101/25.02/29835/AD A9-3/2023 (PART I)** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് -2022 - 23 ലെ അന്തർ കലാലയ/സർവ്വകലാശാലാ കായിക മത്സരങ്ങൾ- ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് കോച്ചിങ് ക്യാമ്പ്-വനിതാ ബാസ്കറ്റ്ബോൾ ടീം മാനേജർ സമർപ്പിച്ച അപേക്ഷ-സംബന്ധിച്ച്.**

2022-23 ലെ അന്തർ കലാലയ/സർവ്വകലാശാലാ കായിക മത്സരങ്ങളുടെ ഭാഗമായി നോയിഡയിൽ വച്ച് നടത്തിയ ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിൽ പങ്കെടുത്തതിന് ചെലവായ തുക നൽകണമെന്നാവശ്യപ്പെട്ട് വനിതാ ബാസ്കറ്റ്ബോൾ ടീം മാനേജർ ആയ ഡോ. സുമ ജോസഫ് അപേക്ഷ സമർപ്പിക്കുവാനുണ്ടായ സാഹചര്യത്തിന്മേൽ SPESS  ഡയറക്ടറിൽ നിന്നും വിശദീകരണം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 102/25.02/136224/AD B2-2/2023** **സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിനോടനുബന്ധിച്ചുള്ള മൗലാന അബുൾ കലാം ആസാദ് ചെയർ ഫോർ സ്റ്റഡീസ് ഓൺ നാഷണൽ ഇന്റഗ്രേഷനിലേക്ക് ഫർണിച്ചർ വിതരണം ചെയ്ത വകയിൽ M/s. Spacex Interio, Kothamangalam എന്ന സ്ഥാപനത്തിന് നികുതിയുൾപ്പെടെ മൊത്തം 5,42,536/- രൂപ അനുവദിക്കുന്നത് സംബന്ധിച്ച്:-**

സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിനോടനുബന്ധിച്ചുള്ള മൗലാന അബുൾ കലാം ആസാദ് ചെയർ ഫോർ സ്റ്റഡീസ് ഓൺ നാഷണൽ ഇന്റഗ്രേഷനിലേക്ക് ഫർണിച്ചർ

വിതരണം ചെയ്ത വകയിൽ M/s. Spacex Interio, Kothamangalam എന്ന സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള ₹5,42,536/- രൂപ (അഞ്ച് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്താറ് രൂപ മാത്രം) അനുവദിക്കുന്നതിനും പ്രസ്തുത ചെലവ് 2024-2025 സാമ്പത്തിക വർഷ ബജറ്റിലെ "25 314 01 – School of Pedagogical Sciences – Improvement of Infrastructure Learning Development" എന്ന ശീർഷകത്തിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 103/25.02/4589/AD B2/1/2020** | **സർവകലാശാലയിൽ ഇ-ഗവേണൻസിന്റെ ഭാഗമായി ഭരണവിഭാഗം, പരീക്ഷ വിഭാഗം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 20 APC നിർമിത UPS കൾക്ക് വാർഷിക പരിപാലന കരാർ നികുതിയുൾപ്പെടെ 6,80,000/-(ആറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം ) രൂപയ്ക്ക് M/s Safenet Systems & Services, Cochin എന്ന സ്ഥാപനവുമായി പുതുക്കുന്നത് – സംബന്ധിച്ച്** |

സർവകലാശാല ഭരണവിഭാഗം, പരീക്ഷ വിഭാഗം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 20 APC നിർമിത UPS-കളുടെ വാർഷിക പരിപാലന കരാർ M/s. Safenet systems & services, Cochin എന്ന സ്ഥാപനവുമായി നികുതിയുൾപ്പെടെ 6,80,000/- (ആറ് ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം) രൂപയ്ക്ക് കരാറിൽ ഒപ്പിടുന്ന ദിവസം മുതൽ ഒരു വർഷ കാലയളവിലേക്ക് പുതുക്കുന്നതിനും, കരാർ തുക തുല്യ രണ്ട് ഗഡുക്കളായി, ആദ്യ ഗഡു കരാറിൽ ഒപ്പിട്ടതിന് ശേഷവും ബാക്കി തുക തൃപ്തികരമായ മുഴുവൻ സേവനത്തിനു ശേഷം അനുവദിക്കുന്നതിനും, പ്രസ്തുത ചെലവ് 2024 -25 സാമ്പത്തിക വർഷ ബജറ്റിലെ 22 101 09 Repairs & Maintenance എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 104/25.02/67045/AD A5-4/2024** | **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022 - 23) ന്റെ നേതൃത്വത്തിൽ 2024 ജൂലൈ 2,3,4 തീയതികളിൽ കോട്ടയം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വച്ച് കലാജാഥയും അവസാന ദിവസം പൊതുയോഗവും സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് :-** |

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23)-ന്റെ നേതൃത്വത്തിൽ കലാജാഥയും പൊതുയോഗവും സംഘടിപ്പിച്ച വകയിൽ ഭരണാനുമതി ലഭിച്ച തുകയിൽ നിന്നും അധികരിച്ച് ചെലവഴിച്ച തുകയായ ₹21100/- രൂപയിൽ നിന്നും പിഴപലിശ ഇനത്തിൽ കണക്കാക്കിയ ₹17846/- രൂപ കിഴിച്ച് ശേഷമുള്ള തുകയായ ₹3,254/- (മൂവായിരത്തി ഇരുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 105/25.02/125438/AD A5-4/2023** | **മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ (2023-'24) ന്റെ സമാപന യോഗം, 2024 നവംബർ 21-ന ക്യാമ്പസിനകത്ത് വച്ച് സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് :-** |

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ (2023-'24) ന്റെ സമാപന യോഗം, സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച തുകയിൽ നിന്നും അധികരിച്ച് ചെലവഴിച്ച തുകയായ ₹78,000/- (എഴുപത്തി എട്ടായിരം രൂപ മാത്രം) തിരികെ അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 106/25.02/140241/P&D 1-3/2024** | **സർവകലാശാല ലൈബ്രറിയിൽ Grammarly for Education software-ന്റെ subscription പുതുക്കുന്നതിനായുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച്.** |

സർവകലാശാല ലൈബ്രറിയിൽ നിലവിലുള്ള Grammarly for Education Software-ന്റെ subscription, M/s Total Library Solutions (India) Pvt.Ltd. എന്ന സ്ഥാപനം മുഖേന പുതുക്കുന്നതിനും പ്രസ്തുത ചെലവ് 2024-25 സാമ്പത്തിക വർഷത്തെ " 21 403 10 – Computers and Software " എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 107/25.02/21028/P&D 2-2/2024 (PART-I)** **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സുബില കെ.ബി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ആയിട്ടുള്ള "Design and development of low cost synthetic strategies and Investigation of defect tolerance properties of inorganic semiconductors for semiconductor sensitized solar cell (SSSc) applications" എന്ന SERB റിസർച്ച് പ്രോജക്ടുമായി ബന്ധപ്പെട്ട് Closed Space Sublimation Unit ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ അടയ്ക്കേണ്ട 4,39,860/- രൂപ (നാല് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം) സർവ്വകലാശാലയിൽ നിന്നും അനുവദിക്കണമെന്ന ടിയാളുടെ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച് :-**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സുബില കെ. ബി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ആയിട്ടുള്ള "Design and development of low cost synthetic strategies and Investigation of defect tolerance properties of inorganic semiconductors for semiconductor sensitized solar cell (SSSc) applications" എന്ന SERB റിസർച്ച് പ്രോജക്ടുമായി ബന്ധപ്പെട്ട് Closed Space Sublimation Unit ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ അടയ്ക്കേണ്ട ₹4,39,860/- (നാല് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം), ടി പ്രോജക്ടിന് തുടർന്ന് ലഭിക്കുന്ന തുകയിൽ നിന്നും സർവ്വകലാശാലയിലേക്ക് തിരികെ അടയ്ക്കണമെന്ന നിബന്ധനയോടെ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 108/25.02/56564/AD A5-4/2024** **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022 - 23 ) ന്റെ നേതൃത്വത്തിൽ 2024 ഒക്ടോബർ 14,15,16 (പുനർ നിശ്ചയിച്ച തീയതി) എന്നീ തീയതികളിൽ സർവകലാശാല ക്യാമ്പസ്സിൽ വച്ച് നാഷണൽ കോൺഫറൻസ് സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23)-ന്റെ നേതൃത്വത്തിൽ 2024 ഒക്ടോബർ 14,15,16 (പുനർ നിശ്ചയിച്ച തീയതി) എന്നീ തീയതികളിൽ സർവകലാശാല ക്യാമ്പസ്സിൽ വച്ച് നാഷണൽ കോൺഫറൻസ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച തുകയിൽ നിന്നും അധികരിച്ച് ചെലവഴിച്ച തുകയായ ₹73750/- രൂപയിൽ നിന്നും പിഴപ്പലിശ ഇനത്തിലുള്ള ₹34175/- രൂപ കിഴിവ് ചെയ്തതിന് ശേഷമുള്ള ₹39,575/- (മുപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 109/25.02/142254/AD B4-1/2024** **സർവ്വകലാശാലയിലെ നിലവിൽ ഉപയോഗശൂന്യമായ മിനി പി സി കൾ റിപ്പയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് hardware clinic -ൽ നിന്നും ലഭ്യമായ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള 50 CPU അസ്സെംബിൾ ചെയ്യുന്നതിനാവശ്യമായ component കൾ e- tender മുഖേന വാങ്ങുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലയിലെ ഉപയോഗശൂന്യമായ മിനി പി.സി.-കൾ റിപ്പയർ ചെയ്യുന്നതിനായി നിശ്ചിത സ്പെസിഫിക്കേഷനിലുള്ള 50 CPU അസ്സെംബിൾ ചെയ്യുന്നതിനാവശ്യമായ component കൾ e-tender മുഖേന വാങ്ങുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 110/25.02/110523/AD B4-3/2024** **National Institute of plant Science Technology-ലേക്ക് 2023 - 24 വാർഷിക പദ്ധതി പ്രകാരം ലാബ് ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ M/s.Calgon Scientific Company, Kochi എന്ന സ്ഥാപനത്തിന്റെ പേരിൽ 9,05,992/- രൂപ അനുവദിക്കുന്നത് - സംബന്ധിച്ച്.**

National Institute of plant Science Technology-ലേക്ക് 2023-24 വാർഷിക പദ്ധതി പ്രകാരം ലാബ് ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ M/s Calgon Scientific Company, Kochi എന്ന

സ്ഥാപനത്തിന്റെ പേരിൽ 9,05,992/- രൂപ (ഒൻപത് ലക്ഷത്തി അയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അനുവദിക്കുന്നതിനും ടി ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ " 25 304 01 - School of Biosciences - Upgradation of Class Rooms and Laboratory Facilities of School of Biosciences" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 111/25.02/52637/ADB 1-2/2024** | **പോസ്റ്റൽ വകുപ്പിൻറെ സ്പീഡ് പോസ്റ്റ് സംവിധാനമായ "ബുക്ക് നൗ പേ ലെയ്റ്റർ" (BNPL) സ്കീം മുഖേന സർവകലാശാലയിൽ നിന്നും അയക്കപ്പെടുന്ന സ്പീഡ് പോസ്റ്റുകളുടെ ബിൽ തുക സമയബന്ധിതമായി പേയ്മെന്റ് ചെയ്യേണ്ടതിനാൽ ബിൽ തുക 5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ പേയ്മെന്റുകൾ അനുവദിക്കുന്നതിന് വൈസ് ചാൻസലർക്ക് അനുവാദം നൽകുന്നത്- സംബന്ധിച്ച്.** |

.പോസ്റ്റൽ വകുപ്പിൻറെ സ്പീഡ് പോസ്റ്റ് സംവിധാനമായ "ബുക്ക് നൗ പേ ലെയ്റ്റർ" (BNPL) സ്കീം മുഖേന സർവകലാശാലയിൽ നിന്നും അയക്കപ്പെടുന്ന സ്പീഡ് പോസ്റ്റുകളുടെ ബിൽ തുക 5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ പേയ്മെന്റുകൾ നൽകുന്നതിനുള്ള അധികാരം വൈസ് ചാൻസലർക്ക് നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 112/25.02/4409/P&D 1-3/2022** | **2014 -15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ ഓഫ് കെമിക്കൽ സയന്സസിന് അനുവദിച്ചിരുന്ന 35 ലക്ഷം രൂപ ക്രമീകരണം - ഉത്തരവ് പരിഷ്കരിക്കൽ, ശേഷിച്ച തുകയുടെ തിരിച്ചടവ് -സംബന്ധിച്ച് -** |

സിൻഡിക്കേറ്റ് കുറിപ്പിൽ കൂടുതൽ വ്യക്തതവരുത്തി ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 113/25.02/87356/AC B7-1/2023** | **എറണാകുളം, മഹാരാജാസ് സ്വയംഭരണ കോളേജിലെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി നൽകിയ പരാതിയിന്മേൽ നിയമിതമായ സിൻഡിക്കേറ്റ് പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്** |

എറണാകുളം, മഹാരാജാസ് സ്വയംഭരണ കോളേജിലെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി നൽകിയ പരാതിയിന്മേൽ സ.ഉ.നം.9094/ACB 7/2024/എംജിയു തീയതി 10.10.2024 പ്രകാരം നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 114/25.02/109614/PD 3-4/2024** | **ശ്രീ. ഷൈജു എം. ബി. - B Com (Pvt.) ഡിഗ്രി സർട്ടിഫിക്കറ്റ് (Quadruplicate) അനുവദിക്കുന്നത് സംബന്ധിച്ച്.** |

ശ്രീ. ഷൈജു എം. ബി.-യുടേത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഡിഗ്രി സർട്ടിഫിക്കറ്റിന്റെ Triplicate-ന് ഈടാക്കുന്ന ഫീസിന്റെ 5 മടങ്ങ് ഫീസ് ഈടാക്കിക്കൊണ്ട് സർട്ടിഫിക്കറ്റിന്റെ Quadruplicate അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 115/25.02/94016/EE 1-1/2024** | **ശ്രീമതി. വന്ദന സി എസ് - 2003 admission ബി എ ഇക്കണോമിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ, എസ് എൻ എം കോളേജ്, മാല്യങ്കര - November 2021 അദാലത് മേഴ്സി ചാൻസ് പരീക്ഷയുടെ Part I:English-ന്റെ പരീക്ഷാഫലം പുനഃപ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച്:-** |

മാല്യങ്കര എസ് എൻ എം കോളേജിലെ 2003 admission ബി എ ഇക്കണോമിക്സ് വിദ്യാർഥിനിയായിരുന്ന ശ്രീമതി. വന്ദന സി എസ് (മോഡൽ I-Annual Scheme) ന് November 2021 അദാലത് മേഴ്സി ചാൻസ് പരീക്ഷയിൽ നിലവിൽ നൽകിയിരിക്കുന്ന Part I English-ന്റെ Internal mark മാറ്റി, ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള Internal mark നൽകി Part I English ന്റെ പരീക്ഷാഫലം പുനഃപ്രസിദ്ധികരിക്കുന്നതിന് തീരുമാനിച്ചു.

| Part I:English | External:80 | Internal :20 | Total :100 |
|---|---|---|---|
| Paper I | 38 | 10 | 48 |
| Paper II | 61 | 15 | 76 |
| Paper III | 47 | 12 | 59 |
| Total | 146 | 37 | 183 (Pass Minimum:105) |

**ഇനംനമ്പർ 116/25.02/131336/CBCSS 29-2/2024** **രാജാക്കാട്, സാൻജോ കോളേജ് ഓഫ് മാനേജ്മെൻറ് ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ DONNETT ROY (PRN:230021087149) എന്ന BSW വിദ്യാർത്ഥിയുടെ II SEMESTER CBCS MAY 2024 പരീക്ഷയിൽ 'SW2CRP08 - FIELD EDUCATION AND PRACTICUM LAB' എന്ന വിഷയത്തിൻറെ മാർക്ക് തെറ്റായി രേഖപ്പെടുത്തിയത് പരിഹരിക്കുന്നത് സംബന്ധിച്ച് : -**

രാജാക്കാട്, സാൻജോ കോളേജ് ഓഫ് മാനേജ്മെൻറ് ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ DONNETT ROY (PRN:230021087149) എന്ന BSW വിദ്യാർത്ഥിയുടെ II SEMESTER CBCS MAY 2024 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞതിനാൽ ടി കോളേജിൽ നിന്നും Rs. 5000/- (അയ്യായിരം രൂപ മാത്രം) പിഴ ഈടാക്കി. 'SW2CRP08 - FIELD EDUCATION AND PRACTICUM LAB - 2' (Practical) എന്ന വിഷയത്തിന്റെ തെറ്റായി രേഖപ്പെടുത്തിയ ഇന്റേണൽ മാർക്ക് തിരുത്തി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 117/25.02/129064/CBCSS 14-2/2024** **ആലുവ യു. സി. കോളേജിലെ 2022 അഡ്മിഷൻ ബി. എ. ഹിസ്റ്ററി മോഡൽ I വിദ്യാർത്ഥിനിയായ NAMITHA P S (PRN-220021014910) ന്റെ - കോളേജിൽ നിന്നും പോർട്ടലിൽ രേഖപ്പെടുത്തിയ ഇന്റേണൽ മാർക്ക് എൻട്രിയിൽ പിഴവ് വന്നത് സംബന്ധിച്ച് -**

ആലുവ യു. സി. കോളേജിലെ 2022 അഡ്മിഷൻ B A HISTORY MODEL I വിദ്യാർത്ഥിനിയായ NAMITHA P S (PRN-220021014910)- ന്റെ നാലാം സെമസ്റ്റർ ഏപ്രിൽ 2024 പരീക്ഷയിലെ INDIAN CONSTITUTION - SOCIAL ISSUES IN INDIA (PS4CMT05) എന്ന വിഷയത്തിന്റെ തെറ്റായി രേഖപ്പെടുത്തിയ INTERNAL MARK തിരുത്തി നൽകുന്നതിനും കോളേജിൽ നിന്നും Rs. 5000/- (അയ്യായിരം രൂപ മാത്രം) പിഴ ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 118/25.02/48897/ACA4-3/2023/MGU/B.SC-NURSING-SPECIAL SUPPLY EXAM** **ബി.എസ്.സി നഴ്സിംഗ് (Old Scheme) പ്രോഗ്രാം - സ്പെഷ്യൽ സപ്ലിമെന്ററി & സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച്.**

ബി.എസ് സി. നഴ്സിംഗ് ഓൾഡ് സ്കീം 2012-2015 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾക്ക് ഒരു സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ കൂടി നടത്തുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 119/25.02/120917/CBCSS 17-3/2024** **നാട്ടകാണി ട്രൈബൽ ആർട്സ് ആന്റ് സയൻസ് കോളേജിലെ സി.ബി.സി.എസ്. ബിഎസ്സി. ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ മോഡൽ III വിദ്യാർത്ഥികൾ INDRAJITH SANTHOSH (210021030038), SANU RAJEEV (210021030044) എന്നിവർക്ക് ഗ്രേസ് മാർക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞ് സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിഗണിക്കുന്നത് - സംബന്ധിച്ച്.**

നാട്ടകാണി ട്രൈബൽ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ പിഴവ് ഇനിയും ആവർത്തിക്കരുതെന്ന് ശക്തമായ താക്കീത് നൽകുന്നതിനും ഒരു വിദ്യാർത്ഥിക്ക് Rs. 5000/- (അയ്യായിരം രൂപ മാത്രം) നിരക്കിൽ ടി കോളേജിൽ നിന്നും പിഴ ഈടാക്കി ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 120/25.02/86802/EH 5-1/2024**

**Ayyappa Institute of Management Studies, Peerumedu – ഒന്നാം സെമസ്റ്റർ എംകോം സി എസ് എസ് മാർച്ച് 2023 പരീക്ഷ – ഇന്റേണൽ മാർക്ക് യഥാസമയം യൂണിവേഴ്സിറ്റിയിലേയ്ക്ക 'Forward' ചെയ്യാതിരുന്നതു സംബന്ധിച്ച അപാകത – വിദ്യാർത്ഥികളുടെ പരീക്ഷ ഫലം പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് :**

Ayyappa Institute of Management Studies, Peerumedu-ലെ 2022 അഡ്മിഷൻ എംകോം വിദ്യാർത്ഥിനികളായ ഐശ്വര്യ എൽ-PRN:220011010075, അൻഷു ഷാജി – PRN:220011010076, എന്നിവരുടെ ഒന്നാം സെമസ്റ്റർ എംകോം സി എസ് എസ് മാർച്ച് – 2023 പരീക്ഷയുടെ ഇന്റേണൽ മാർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ യൂണിവേഴ്സിറ്റി പോർട്ടലിലേയ്ക്ക 'Forward' ചെയ്യാതിരുന്ന ഗുരുതരമായ വീഴ്ചയ്ക്ക് ടി കോളേജിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് Rs.5000/- (അയ്യായിരം രൂപ മാത്രം) എന്ന നിരക്കിൽ പിഴ ഈടാക്കി റിസൾട്ട് പ്രഖ്യാപിക്കുന്നതിനും, ടി വിദ്യാർത്ഥികളിൽ നിന്ന് പിഴ തുക ഈടാക്കാൻ പാടില്ലാത്തതും ഇക്കാര്യം സർവ്വകലാശാലയിൽ നിന്ന് വിദ്യാർത്ഥികളെ അറിയിക്കുന്നതിനും, ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് 7 ദിവസങ്ങൾക്കുള്ളിൽ പിഴ അടച്ചില്ലെങ്കിൽ അഫിലിയേഷൻ പിൻവലിക്കുന്നത് അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ടി വിഷയം സംബന്ധിച്ച വിശദീകരണം നൽകുന്നതിനായി Ayyappa Institute of Management Studies, Peerumedu കോളേജ് പ്രിൻസിപ്പാൾ 18.03.2024-ന് പരീക്ഷാ കമ്മിറ്റി കൺവീനർ മുൻപാകെ ഹാജരാകുന്നതിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 121/25.02/142120/EH 12-3/2024**

**Mount Carmel College Karukadom – 2023 അഡ്മിഷൻ – MSc Psychology വിദ്യാർത്ഥിയായ ALIFNA AMEER (PRN:230011021878) ന്റെ II semester April 2024 പരീക്ഷയുടെ ഇന്റേണൽ മാർക്ക് കറക്ഷൻ സംബന്ധിച്ച്**

Karukadom, Mount Carmel College -ലെ 2023 അഡ്മിഷൻ MSc Psychology വിദ്യാർത്ഥിയായ ALIFNA AMEER (PRN:230011021878) ന്റെ II semester April 2024 പരീക്ഷയുടെ ഇന്റേണൽ മാർക്ക് കറക്ഷൻ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ഡോ. ജോജി അലക്സ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 122/25.02/135921/INTERNAL AUDIT 2 SO/2024**

**പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചതിന് ശേഷം ആയതിൻറെ ഫലപ്രഖ്യാപനത്തിന് കാലതാമസം വരുന്നത് മൂലം സപ്ലിമെൻററി പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടി വരുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫീസ് റീഫണ്ട് – സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്:-**

പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചതിന് ശേഷം ആയതിൻറെ ഫലപ്രഖ്യാപനത്തിന് കാലതാമസം വരുന്നത് മൂലം സപ്ലിമെൻററി പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടി വരുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫീസ് റീഫണ്ട് ചെയ്യുന്ന വിഷയം കൂടുതൽ വിദ്യാർത്ഥികൾ റീഫണ്ടിനായി വരുന്നത് സർവ്വകലാശാലയ്ക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുവാൻ സാധ്യതയുള്ളതിനാൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നും അടുത്ത അക്കാദമിക വർഷം മുതൽ പുനർമൂല്യനിർണ്ണയവും ഫല പ്രഖ്യാപനവും കൂടുതൽ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 123/25.02/93455/EI 32-2/2024**

**ഹോളി ക്രസന്റ് കോളേജ് ഓഫ് ആർക്കിടെക്ചർ – ലെ മില ഹൻസൻ എന്ന വിദ്യാർത്ഥിനിയുടെ ഇന്റേണൽ മാർക്ക് തിരുത്തുന്നത് സംബന്ധിച്ച വന്ന കാലതാമസം – അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

ഹോളി ക്രസന്റ് കോളേജ് ഓഫ് ആർക്കിടെക്ചർ-ലെ മില ഹൻസൻ എന്ന വിദ്യാർത്ഥിനിയുടെ ഇന്റേണൽ മാർക്ക് തിരുത്തുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച് സ.ഉ.നം.8568/EI 32/2023/എംജിയു തീയതി 03.08.2023 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി വിദ്യാർത്ഥിയുടെ ഭാവിയെ കരുതി ഇന്റേണൽ മാർക്ക് തിരുത്തി ശരിയായ മാർക്ക് നൽകുന്നതിനും, സെക്ഷന്റെ ഭാഗത്തുനിന്നും വന്ന ഗുരുതരമായ വീഴ്ച സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 124/25.02/123000/EI 40-1/2023

**എം ബി എ മൂന്നാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 2023 – വാഗമൺ ഡി സി സ്കൂൾ ഓഫ് മാനേജ്മെൻറ് & ടെക്നോളജിയിലെ THOMAS REENA REJI എന്ന വിദ്യാർത്ഥിയുടെ പരീക്ഷാഫലത്തിൽ ന്യൂനത സംഭവിച്ചതിൽ ചുമത്തിയ പിഴത്തുകലഘൂകരിച്ച് നല്കുന്നതിനുവേണ്ടി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിരുന്നതും സിൻഡിക്കേറ്റ് നിരസിച്ചതുമായ അപേക്ഷ, സർവകലാശാല വിവിധയിനത്തിൽ പിഴ ഈടാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെകൂടി അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതിനു സമർപ്പിച്ചിട്ടുള്ള അപേക്ഷ സംബന്ധിച്ച്.**

എം ബി എ മൂന്നാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 2023 – വാഗമൺ ഡി സി സ്കൂൾ ഓഫ് മാനേജ്മെൻറ് & ടെക്നോളജിയിലെ THOMAS REENA REJI എന്ന വിദ്യാർത്ഥിയുടെ പരീക്ഷാഫലത്തിൽ ന്യൂനത സംഭവിച്ചതിൽ ചുമത്തിയ പിഴത്തുക ലഘൂകരിച്ച് നല്കുന്നതിനുവേണ്ടി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 125/25.02/83364/EI 32-1/2024

**DC SCHOOL OF ARCHITECTURE & DESIGN കോളേജിലെ 2021 അഡ്മിഷൻ ബാച്ച് വിദ്യാർത്ഥിയായ ADARSH ANIL (PRN : 213241910276) ന്റെ നാലാം സെമസ്റ്റർ റെഗുലർ ഒക്ടോബർ 2023 പരീക്ഷയിലെ 19AR04001: ARCHITECTURAL DESIGN 4 എന്ന വിഷയത്തിന്റെ JURY MARK തിരുത്തി നൽകുന്നതിനുള്ള അപേക്ഷ പരിശോധിച്ച് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം) തയ്യാറാക്കിയ റിപ്പോർട്ട്- സംബന്ധിച്ച്**

DC SCHOOL OF ARCHITECTURE & DESIGN കോളേജിലെ 2021 അഡ്മിഷൻ ബാച്ച് വിദ്യാർത്ഥിയായ ADARSH ANIL (PRN : 213241910276)-ന്റെ നാലാം സെമസ്റ്റർ റെഗുലർ ഒക്ടോബർ 2023 പരീക്ഷയിലെ 19AR04001: ARCHITECTURAL DESIGN 4 എന്ന വിഷയത്തിന്റെ JURY MARK തിരുത്തി നൽകുന്നതിനുള്ള അപേക്ഷയിന്മേൽ സ.ഉ.നം.11564/ EI 32/2024/എംജിയു തീയതി 20.12.2024 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 126/25.02/19504/EB 1-1/2024

**പരുമല പമ്പ കോളേജിലെ എക്കണോമിക്സ് വിഭാഗം അധ്യാപികയായ ഡോ.പ്രിയദർശിനി ജെ അതേ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപകനായ ഡോ.രതീഷ്കുമാർ എ-യ്ക്ക് എതിരെ സർവ്വകലാശാലയിൽ നൽകിയ പരാതി സംബന്ധിച്ച് :**

പരുമല, പമ്പ കോളേജിലെ എക്കണോമിക്സ് വിഭാഗം അധ്യാപികയായ ഡോ. പ്രിയദർശിനി ജെ അതേ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപകനായ ഡോ.രതീഷ്കുമാർ എ-യ്ക്ക് എതിരെ സർവ്വകലാശാലയിൽ നൽകിയ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി. വി., ഡോ. ജോജി അലക്സ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 127/25.02/65249/EM 1-4/2024

**BCA (ഓഫ് ക്യാമ്പസ് സപ്ലിമെന്ററി പരീക്ഷ ഏപ്രിൽ 2017) – പ്രൊജക്റ്റ്, സെമിനാർ എന്നിവയുടെ മാർക്കുകൾ റെഗുലേഷൻ പ്രകാരം CONVERT ചെയ്തു നല്കുന്നതും, വൈവക്ക് സ്പെഷ്യൽ പരീക്ഷ നടത്തുന്നതും – സംബന്ധിച്ച് :-**

ഈ പരീക്ഷയുമായി ബന്ധപ്പെട്ട് എക്സാമിനർ നൽകിയിട്ടുള്ള മറ്റു കുട്ടികളുടെ മാർക്കിലും സമാനമായ പിഴവുകൾ ഉണ്ടാകുവാൻ സാധ്യതയുള്ളതിനാൽ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ഹരികൃഷ്ണൻ പി., ഡോ. എ.എസ്. സുമേഷ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 128/25.02/106395/AC B7-1/2024** **പാലാ, സെന്റ് തോമസ് കോളേജിന്റെ പരീക്ഷാ മാനുവൽ അംഗീകാരം സംബന്ധിച്ച് :-**

പാലാ, സെന്റ് തോമസ് കോളേജിന്റെ പരീക്ഷാ മാനുവൽ സർവ്വകലാശാല ലെജിസ്ലേഷൻ സെക്ഷൻ വിശദമായി പഠിച്ച് പരീക്ഷാ കൺട്രോളറുടെ അനുമതിക്കു വിധേയമായി അംഗീകാരം നൽകുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 129/25.02/72160/AC B6-4/2024** **സർവ്വകലാശാലയിലെ പഠനവകുപ്പുകളിൽ 2025-26 അധ്യയന വർഷം മുതലുള്ള മുഴുവൻ പ്രവേശനങ്ങളും കേന്ദ്രീകൃത അലോട്ട്മെന്റ്(CAP) വഴി നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ച സിൻഡിക്കേറ്റ് സമിതിയുടെ റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്;-**

സർവ്വകലാശാലയിലെ പഠനവകുപ്പുകളിൽ 2025-26 അധ്യയന വർഷം മുതലുള്ള മുഴുവൻ പ്രവേശനങ്ങളും കേന്ദ്രീകൃത അലോട്ട്മെന്റ്(CAP) വഴി നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി സ.ഉ.നം.9085/ACB6/2024/എംജിയു തീയതി 09.10.2024 പ്രകാരം നിയമിതമായ സിൻഡിക്കേറ്റ് സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 130/25.02/24465/EI 31-3/2024** **കോ-ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ-2022 അഡ്മിഷൻ, Five year Integrated BBA,LL.B (Hons.) Degree Programme ലെ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ ജൂൺ 2023 പരീക്ഷയുടെ Internal mark തിരുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം- സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച്:-**

കോ-ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ-2022 അഡ്മിഷൻ, Five year Integrated BBA, LL.B (Hons.) Degree Programme ലെ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ ജൂൺ 2023 പരീക്ഷയുടെ Internal mark തിരുത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ തൊടുപുഴ, കോ-ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ-യിലെ പ്രിൻസിപ്പാൾ, മാനേജർ എന്നിവർ സമർപ്പിച്ച മറുപടികൾ അംഗീകരിക്കുന്നതിനും ഇന്റേണൽ മാർക്കുകളൊന്നും പുതുതായി തിരുത്തി നൽകേണ്ടതില്ല എന്നും തീരുമാനിച്ചു.

**ഇനംനമ്പർ 131/25.02/141556/EI 37-2/2023** **എറണാകുളം, ഗവണ്മെന്റ് ലോ കോളേജിലെ 2018 അഡ്മിഷൻ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി കോം എൽ എൽ ബി (ഓണേഴ്സ് ) വിദ്യാർത്ഥികളുടെ, 2023 ഓഗസ്റ്റ് മാസത്തിൽ നടത്തിയ ഒൻപതാം സെമസ്റ്റർ പരീക്ഷയുടെ ഇന്റേർണൽ മാർക്കുകൾ യഥാസമയം കോളേജ് അധികൃതർ സർവ്വകലാശാലയിലേക്ക് പരീക്ഷ പോർട്ടൽ മുഖേന ഫോർവേഡ് ചെയ്യാതിരുന്നത് സംബന്ധിച്ച്:**

എറണാകുളം, ഗവണ്മെന്റ് ലോ കോളേജിലെ 2018 അഡ്മിഷൻ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി കോം എൽ എൽ ബി (ഓണേഴ്സ്) വിദ്യാർത്ഥികളുടെ, 2023 ഓഗസ്റ്റ് മാസത്തിൽ നടത്തിയ ഒൻപതാം സെമസ്റ്റർ പരീക്ഷയുടെ ഇന്റേർണൽ മാർക്കുകൾ യഥാസമയം കോളേജ് അധികൃതർ സർവ്വകലാശാലയിലേക്ക് പരീക്ഷ പോർട്ടൽ മുഖേന ഫോർവേഡ് ചെയ്യാതിരുന്നത് സംബന്ധിച്ച് പിഴ ഒടുക്കുന്നതിന് എറണാകുളം, ഗവണ്മെന്റ് ലോ കോളജ് പ്രിൻസിപ്പളിന് ഒരിക്കൽക്കൂടി കർശന നിർദ്ദേശം നൽകുന്നതിനും ആയത് ഒടുക്കുന്നില്ല എങ്കിൽ ടി സ്ഥാപനത്തിലെ പരീക്ഷാ ഫലങ്ങൾ തടഞ്ഞുവയ്ക്കുന്നതിനും ഒടുക്കേണ്ടുന്ന പിഴത്തുക ടി വ്യക്തിയുടെ വ്യക്തിഗത ബാദ്ധ്യതയായി കണക്കാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അറിയിപ്പ കൊടുക്കുന്നതിനും തീരുമാനിച്ചു.

## (ii) മുൻ ഇനങ്ങൾ

**ഇനംനമ്പർ OA 28/24.07/120070/AC A13-3/2024** **Sri. Shiraz Shanavas ( 2016 Admission ഗവേഷകൻ - SIRP - International Relations & Politics വിഷയം ) - തന്റെ പ്രബന്ധ സമർപ്പണത്തിനു നേരിട്ട കാലതാമസം മാപ്പാക്കി, പ്രബന്ധ സമർപ്പണത്തിനു അനുമതി നൽകണമെന്നും, ഇതിനായി ഗവേഷണ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും കാണിച്ചുകൊണ്ട് 09.10.2024 തിയതിയിലായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

1. അപേക്ഷകൻ നിർദിഷ്ട ഫീസ് ഒടുക്കി ക്രമപ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷ പ്രകാരം അനുവദിച്ചു നൽകാവുന്ന ഒന്നും രണ്ടും ഗവേഷണ കാലാവധി ദീർഘിപ്പിക്കലുകൾ (01.03.2023 - 29.02.2024 -ഒന്നാം ഘട്ടമായും, 01.03.2024 -28.02.2025 -രണ്ടാം ഘട്ടമായും ) അനുവദിക്കുന്നതിനും,
2. ഗവേഷകന്റെ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 24.06.2022 ആയതിനാൽ 25.06.2022 മുതൽ 24.06.2023 വരെയുള്ള ഒരു വർഷം കാലതാമസം നിർദിഷ്ട ഫീസ് ഈടാക്കി (1830/- രൂപ) Ph.D Regulation 2016 Clause 39 .3 - പ്രകാരം Condone ചെയ്തു നൽകുന്നതിനും,
3. 25.06.2023 മുതൽ 28.02.2025 വരെയുള്ള കാലതാമസം Rs.32940/- (മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി നാൽപത് രൂപ മാത്രം) രൂപ പിഴ ഇനത്തിൽ ഈടാക്കി പ്രബന്ധം സമർപ്പിക്കാൻ അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ OA 8/24.08/105611/AC A 12-3/2024** **എം.എഡ്. പ്രോഗ്രാമിന്റെ ഭാഗമായിട്ടുള്ള തീസിസ് സമർപ്പിച്ചു കോഴ്സ് പൂർത്തിയാക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. നെൽസൺ തോമസ് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

എം.എഡ്. പ്രോഗ്രാമിന്റെ ഭാഗമായിട്ടുള്ള തീസിസ് സമർപ്പിച്ചു കോഴ്സ് പൂർത്തിയാക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. നെൽസൺ തോമസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് last and final Mercy chance പ്രകാരം thesis സമർപ്പിക്കുവാൻ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 43/24.08/7133/AD A9-2/2024** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - NAAC സന്ദർശനം- വകുപ്പിൽ 3D ബോർഡ് സ്ഥാപിക്കാനും മേൽക്കൂര മാറ്റുന്നതിനുമുള്ള ചെലവിലേക്കായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹ 5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിലെ മൂന്ന് വർഷം മാത്രം കാലപ്പഴക്കമുള്ള മേൽക്കൂര മാറ്റുവാൻ ഇടയാക്കിയ സാഹചര്യം സംബന്ധിച്ച് സർവ്വകലാശാല എഞ്ചിനീയർ, SPESS ഡയറക്ടർ എന്നിവരിൽ നിന്നും വിശദീകരണം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 28/24.08/133042/AD B4-2/2024** **ഇന്റർനാഷണൽ സെന്റർ ഫോർ അൾട്രാ ഫാസ്റ്റ് സ്റ്റഡീസ് (ICUS)-ലേക്ക് One-box Ti-Sapphire Femtosecond Amplified Laser System എന്ന ഉപകരണത്തിന്റെ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയ വകയിൽ M/s. Laser Science Service (I) Pvt. Ltd., Mumbai എന്ന സ്ഥാപനത്തിന് 28,44,508/- രൂപ അനുവദിക്കുന്നത് - സംബന്ധിച്ച്.**

സർവകലാശാലയുടെ അനുമതി ഇല്ലാതെ One-box Ti-Sapphire Femtosecond Amplified Laser System എന്ന ഉപകരണത്തിന്റെ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന് ഇന്റർനാഷണൽ സെന്റർ ഫോർ അൾട്രാ ഫാസ്റ്റ് സ്റ്റഡീസ് (ICUS)-ന്റെ ഓണററി ഡയറക്ടറോട് വിശദീകരണം ചോദിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ OA 2/24.08/130422/CBCSS.16-1/2024** | **തൃക്കാക്കര, ഭാരത മാതാ കോളേജ്-ലെ - B.Sc. Physics Model II Computer Applications പ്രോഗ്രാമിന്റെ 2023 അഡ്മിഷൻ ബാച്ചിലെ 22 വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്റർ മെയ് 2024 പരീക്ഷയിൽ ഇന്റേണൽ മാർക്ക് കോളേജിൽ നിന്നും തെറ്റായി രേഖപ്പെടുത്തിയത് തിരുത്തുന്നതിനുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷ സംബന്ധിച്ച്.** |

തൃക്കാക്കര ഭാരത മാതാ കോളേജിന്റെ ഭാഗത്തുനിന്നും ഉണ്ടായത് ഗുരുതരമായ പിഴവായതിനാൽ ബന്ധപ്പെട്ട അദ്ധ്യാപകർ , വകുപ്പ് മേധാവി, പ്രിൻസിപ്പാൾ എന്നിവർക്ക് കർശനമായ താക്കീത് നൽകുന്നതിനും ഒരു വിദ്യാർത്ഥിക്ക് Rs.2500/- എന്ന നിരക്കിൽ പിഴ ഈടാക്കി ഇന്റേണൽ മാർക്ക് തിരുത്തി ഫലം പുനഃപ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ OA 3/24.08/138452/EH 7-1/2024** | **അങ്കമാലി ,ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി -2024 അഡ്മിഷൻ എം.കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ (SF) വിദ്യാർത്ഥിയായ Paul George ന്റെ പി ജി പ്രവേശന യോഗ്യത - സംബന്ധിച്ച്:-** |

അങ്കമാലി, ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി 2024 അഡ്മിഷൻ എം.കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ (SF) വിദ്യാർത്ഥിയായ Paul George-ന്റെ പ്രവേശനസമയത്ത് നിലവിലുണ്ടായിരുന്ന റഗുലേഷനു വിരുദ്ധമായി വിദ്യാർത്ഥിയെ പ്രവേശിപ്പിച്ചത് കോളേജിന്റെ ഭാഗത്തുനിന്നുള്ള പിഴവായി കണക്കാക്കി Rs.15000/-(പതിനയ്യായിരം രൂപ മാത്രം) പിഴ ഈടാക്കുന്നതിനും, എന്നാൽ പുതിയ റഗുലേഷൻ പ്രകാരം വിദ്യാർത്ഥിക്ക് അഡ്മിഷന് അർഹതയുള്ളത് കണക്കാക്കി വിദ്യാർത്ഥിയുടെ ഭാവിയെക്കരുതിയും സമാനമായ മറ്റു കേസുകൾ ഇല്ലാത്തതിനാലും പ്രവേശനം ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ OA 6/24.08/145151/EA 2-1/2024/EXAM** | **റാന്നി സെന്റ് തോമസ് കോളേജിലെ സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രസിഡന്റ് സമർപ്പിച്ച പരാതി - എക്സാം വിജിലൻസ് സ്ക്വാഡ് അംഗങ്ങളിൽ നിന്നുമുണ്ടായ മോശം പെരുമാറ്റം - സംബന്ധിച്ച്.** |

എക്സാം വിജിലൻസ് സ്ക്വാഡ് അംഗങ്ങളിൽ നിന്നുമുണ്ടായ മോശം പെരുമാറ്റം സംബന്ധിച്ച് റാന്നി സെന്റ് തോമസ് കോളേജിലെ സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രസിഡന്റ് സമർപ്പിച്ച പരാതി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. എസ്. സുമേഷ്, ശ്രീ. അരുൺ കെ. ശശീന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ OA 33/24.08/107632/EI32 SO/2024** | HOLY CRESCENT COLLEGE OF ARCHITECTURE **ലെ 2012-2017 ബാച്ച്** B ARCH **വിദ്യാർത്ഥിയായ** CHRISTOPHER ANTOO (PRN: 12051016) **എന്ന വിദ്യാർത്ഥിയുടെ** CONSOLIDATED GRADE CARD, PROVISIONAL CERTIFICATE, DEGREE CERTIFICATE **എന്നിവ നൽകാൻ അനുവാദം ലഭിക്കുന്നത്- സംബന്ധിച്ച്** |

HOLY CRESCENT COLLEGE OF ARCHITECTURE ലെ 2012-2017 ബാച്ച് B ARCH വിദ്യാർത്ഥിയായ CHRISTOPHER ANTOO (PRN: 12051016) എന്ന വിദ്യാർത്ഥിയുടെ CONSOLIDATED GRADE CARD, PROVISIONAL CERTIFICATE, അപേക്ഷിക്കുന്ന മുറയ്ക്ക് DEGREE CERTIFICATE എന്നിവ നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 21/24.08/148147/EJ1 SO/2022** | **UG/PG പരീക്ഷ - മൂല്യനിർണയവും പുനർമൂല്യനിർണയവും തമ്മിലുള്ള മാർക്ക് വ്യത്യാസം 15 ശതമാനത്തിൽ കൂടുതൽ ആകുന്ന സാഹചര്യത്തിൽ വിദഗ്ധ സമിതിയെ നിയോഗിച്ച് വീഴ്ച വരുത്തിയ അധ്യാപകർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നത് - സംബന്ധിച്ച്.** |

സ.ഉ.നം. 9426/EJ 1/2024/എംജിയു തീയതി 18.10.2024 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

## അഡീഷണൽ അജൻഡ

(I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 132/25.02/9616/P&D 2-1/2024**

**International Skill Development Corporation (ISDC) -യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

ബാംഗ്ലൂർ ആസ്ഥാനമായ International Skill Development Corporation (ISDC) - യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.01.2025 തീയതിയിലെ 902/P&D 2/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 133/25.02/9193/AC A1-3/2025**

**2024-25 അദ്ധ്യയന വർഷം - ഇലാഹിയ ലോ കോളേജ്, മൂവാറ്റുപുഴ എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി മൂവാറ്റുപുഴ, ഇലാഹിയ ട്രസ്റ്റ് നൽകിയ അപേക്ഷ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവുകളും - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്:-**

മൂവാറ്റുപുഴ, ഇലാഹിയ ലോ കോളേജിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഫൈനൽ അപ്രൂവലിനു വിധേയമായി 2024-'25 അദ്ധ്യയന വർഷം താത്ക്കാലിക അഫിലിയേഷൻ നൽകുകയും വിദ്യാർത്ഥി പ്രവേശനത്തിന് അനുമതി നൽകികൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.01.2025 തീയതിയിലെ 971/ACA1/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 134/25.02/121242/FO SECTION-ASSISTANT1/2024**

**ധനകാര്യം - 2024-25 സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ " 22 329 31 - Honorarium for Guest / Visiting faculty " എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് -**

2024 - 25 സാമ്പത്തിക വർഷത്തെ "22 329 31 - Honorarium for Guest / Visiting faculty" എന്ന ശീർഷകത്തിൽ ₹10,00,000/- (പത്തു ലക്ഷം രൂപ മാത്രം) രൂപ കൂടി അധിക തുകയായി വകയിരുത്തി അടങ്കൽ തുക ₹25,00,000/- (ഇരുപത്തി അഞ്ചു ലക്ഷം മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.01.2025 തീയതിയിലെ 842/FO SECTION/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 135/25.02/99381/AC A5-2/2024**

**സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി - 2024-2025 അധ്യയന വർഷം മുതൽ Executive MTech in Polymer Engineering and Nano Technology എന്ന പ്രോഗ്രാം Evening Programme ആയി ആരംഭിക്കുന്നത് സംബന്ധിച്ച - മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി 2024-2025 അധ്യയന വർഷം മുതൽ Executive M Tech in Polymer Engineering and Nano Technology എന്ന പ്രോഗ്രാം Evening Programme ആയി ആരംഭിക്കുന്നതിന് ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി വി, ഡോ. ബീന മാത്യു എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് UO.No.10856/AC A5/2024/MGU, dated 30.11.2024 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സിൻഡിക്കറ്റ് അംഗങ്ങളായ ഡോ. സുജ റ്റി വി , ഡോ. ബീന മാത്യു എന്നിവർ ശിപാർശകൾ സമർപ്പിച്ചിരുന്നു. Inspection Committe ശുപാർശകളിൽ ഡയറക്ടർ, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളോജിയുടെ വിശദമായ Compliance report തേടിയ ശേഷം പ്രസ്തുത വിഷയം വീണ്ടും സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നതിന്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.01.2025 തീയതിയിലെ 1002/ACA5/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 136/25.02/11686/FO SECTION-ASSISTANT1/2025**

**2024 - 25 സാമ്പത്തിക വർഷത്തെ "22 402 61 b - Working Fund of Department Students Union" എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് -**

2024-25 സാമ്പത്തിക വർഷത്തെ "22 402 61 b - Working Fund of Department Students Union" എന്ന ശീർഷകത്തിൽ ₹1,92,000/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) രൂപ കൂടി അധിക തുകയായി വകയിരുത്തി അടങ്കൽ തുക ₹5,42,000/- (അഞ്ചു ലക്ഷത്തി നാല്പത്തി രണ്ടായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ട്, വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.02.2025 തീയതിയിലെ 1168/FO Section/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 137/25.02/9806/ACA16-2/2025**

**Bachelor in Computer Applications (Honours) - രണ്ടാം സെമസ്റ്റർ സിലബസ് അംഗീകരിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (യു.ജി.) - യുടെ ശിപാർശകൾ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

Bachelor of Computer Applications പ്രോഗ്രാം, 2024-2025 അദ്ധ്യയന വർഷം മുതൽ AICTE-യ്ക്ക് കീഴിൽ ഉൾപ്പെടുത്തിയിരുന്നു. Bachelor in Computer Applications (Honours) (BCA (Hons)) പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ സിലബസ് അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. കൺവീനർ, വിദഗ്ദ്ധ സമിതി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (യു.ജി.), Bachelor in Computer Applications (Honours) പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിന്റെ സ്കീമും സിലബസും അംഗീകരിക്കുന്നതിനുള്ള ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ, വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.02.2025 തീയതിയിലെ 1165/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 138/25.02/AD AIX/ 2/5331/2011** **സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (SGTDS) അസിസ്റ്റന്റ് പ്രൊഫസർ ഡോ. മഞ്ജുഷ കെ എ-യ്ക്ക് യു ജി സി റെഗുലേഷൻസ് 2010 പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് 2 തസ്തികയിൽ നിന്നും അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് 3 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ട് പുറപ്പെടുവിച്ച ഉത്തരവ്- മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം ഭേദഗതി ചെയ്തത്- സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. മഞ്ജുഷ കെ എ-യ്ക്ക് യു ജി സി റെഗുലേഷൻസ് 2010 പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് 3/അക്കാഡമിക് ലെവൽ 12 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടുള്ള പ്രൊസീഡിങ്സ്, സിൻഡിക്കേറ്റ് മിനിറ്റ്സ്, സർവകലാശാല ഉത്തരവ് നമ്പർ 11547/AD A9/2024/MGU തീയതി 19.12.2024 എന്നിവയിൽ സ്കെയിൽ ഓഫ് പേ Rs. 37400-67000 + AGP 8000/- എന്ന് രേഖപ്പെടുത്തിയിരുന്നത് തിരുത്തി Rs. 15600-39100+AGP 8000/- എന്നാക്കി, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.01.2025 തീയതിയിലെ 764/AD A 9/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 139/25.02/126006/AC A6-1/2024** **കോട്ടയം, ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം പ്രൊഫസറായ ഡോ.അഗസ്റ്റിൻ ജോർജ്-നെ മഹാത്മാഗാന്ധി സർവകലാശാലയുടെ School of Physical Education and Sports Sciences-ൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ചത് സിൻഡിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

കോട്ടയം, ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം പ്രൊഫസറായ ഡോ. അഗസ്റ്റിൻ ജോർജ് മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസ് കേന്ദ്രമായി ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കുന്നതിനു അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച 16.01.2025-ൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി (റിസർച്ച് & ഡെവലപ്മെന്റ്) യോഗം ഇനം നമ്പർ. ഒ എ 1 പ്രകാരം, ഡോ.അഗസ്റ്റിൻ ജോർജ്-ന് മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസ് കേന്ദ്രമായി ഗവേഷണ വിദ്യാർത്ഥികളെ മാർഗനിർദേശം ചെയ്യുന്നതിനുള്ള അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.02.2025 തീയതിയിലെ 1238/ACA6/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 140/25.02/27950/AD A3/3/2019 (PART I)** **സർവകലാശാല ഹെൽത്ത് സെന്ററിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയോഗിക്കുന്നത് - സെലക്ഷൻ കമ്മിറ്റി യോഗ നടപടിക്രമങ്ങൾ - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, സെക്ഷൻ 3.10 (17) പ്രകാരം അംഗീകരിച്ച നടപടിയും തദനുസരണം ഉത്തരവ് പുറപ്പെടുവിച്ചതും - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സർവകലാശാല ഹെൽത്ത് സെന്ററിൽ മെഡിക്കൽ ഓഫീസറെ കരാറടിസ്ഥാനത്തിൽ താത്കാലികമായി ഒരു വർഷത്തേയ്ക്ക് നിയോഗിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, 29.01.2025-ൽ വാക്-ഇൻ-ഇന്റർവ്യൂ നടത്തുകയും ചെയ്തിരുന്നു. ടി നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 01.02.2025 തീയതിയിലെ 1135/ADA3/2025/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 141/25.02/144681/P&D 2-1/2024**

**Shodhganga Project-ന്റെ ഭാഗമായി ഗുജറാത്തിലെ ഗാന്ധിനഗർ ആസ്ഥാനമായ INFLIBNET Centre- ഉം മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ, Shodhganga National Steering Committee (SNSC) ശിപാർശ ചെയ്ത ഭേദഗതികൾ ഉൾപ്പെടുത്തി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

ഗുജറാത്തിലെ ഗാന്ധിനഗർ ആസ്ഥാനമായ INFLIBNET Centre-ഉം മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ, Shodhganga Project-ൽ പങ്കെടുക്കുന്നതിനായി, ഒരു ധാരണാപത്രം (Shodhganga National Steering Committee (SNSC) ശിപാർശ ചെയ്ത ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയ ധാരണാപത്രം) ഒപ്പ് വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.02.2025 തീയതിയിലെ 1233/P&D 2/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 142/25.02/107737/CS S-2/2023**

**മഹാത്മാ ഗാന്ധി സർവ്വകലാശാലയും കണ്ണൂർ സർവ്വകലാശാലയും സംയുക്തമായി നടത്തുന്ന ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളായ M.Sc Physics(Nanoscience and Nanotechnology), M.Sc Chemistry(Nanoscience and Nanotechnology) മൂന്നാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിരുന്നതിൽ External, Internal പരീക്ഷകൾക്ക് ലഭിച്ച മാർക്ക് Round off ചെയ്യാത്തതിനാൽ ഇരു സർവ്വകലാശാല കളിലുമായി എട്ട് വിദ്യാർത്ഥികളുടെ Grade point, SGPA എന്നിവയിൽ മാറ്റം വരുത്തി പരീക്ഷാഫലം പുനഃ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലയും കണ്ണൂർ സർവ്വകലാശാലയും സംയുക്തമായി, സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ നടത്തുന്ന ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളായ MSc Physics (Nanoscience and Nanotechnology), MSc Chemistry (Nanoscience and Nanotechnology) എന്നിവയുടെ ആദ്യ ബാച്ചായ 2022 അഡ്മിഷൻ വിദ്യാർത്ഥികളുടെ 2024 ഏപ്രിൽ മാസത്തിൽ നടത്തിയ, മൂന്നാം സെമസ്റ്റർ പരീക്ഷാഫലം 24/09/2024 തീയതിയിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത പരീക്ഷാഫലത്തിൽ എട്ട് വിദ്യാർഥികൾക്ക് ലഭിച്ച ആകെ മാർക്ക് (Internal+ External) ദശാംശ സ്ഥാനം റൗണ്ട്ചെയ്യാതെയാണ് (>-0.5-Next Higher Digit) തയ്യാറാക്കിയിരുന്നത്. സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി ജോയിന്റ് ഡയറക്ടർ 29/01/2025 തീയതിയിൽ നൽകിയ കത്ത്, 2024 ഏപ്രിൽ മാസം നടന്ന 2022 അഡ്മിഷൻ വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ പരീക്ഷാഫലത്തിൽ 'C' ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികളുടെ ഗ്രേഡ് 'P' എന്നാക്കി മാറ്റിക്കൊണ്ടും, Round off ചെയ്ത് അപാകതകൾ പരിഹരിച്ച M.Sc Physics(Nanoscience and Nanotechnology), M.Sc Chemistry(Nanoscience and Nanotechnology) പ്രോഗ്രാമുകളിലെ എട്ട് വിദ്യാർഥികളുടെ പരീക്ഷാഫലം എന്നിവയുടെ അടിസ്ഥാനത്തിൽ, പരീക്ഷാഫലം പരിഷ്ക്കരിക്കുന്നതിന് 03/02/2025 തീയതിയിൽ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10 (17) പ്രകാരം ഉത്തരവ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്നാം സെമസ്റ്റർ പരീക്ഷയുടെ ടാബുലേഷൻ രജിസ്റ്റർ, DMS PORTAL എന്നിവയിൽ പ്രസ്തുത വിദ്യാർത്ഥികളുടെ ഗ്രേഡുകളിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇരു സർവ്വകലാശാലകളും സംയുക്തമായി പ്രസ്തുത പ്രോഗ്രാമുകളുടെ നാലാം സെമസ്റ്റർ പരീക്ഷാഫലം 06.02.2025 തീയതിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

തദനുസരണം സ്വീകരിച്ച നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 143/25.02/85992/P&D 1-1/2023 (PART I)** **മഹാത്മാഗാന്ധി സർവ്വകലാശാല Administrative block building,Silver Jubilee Pareeksha Bhavan, School of Environmental Sciences, Exam Paper Store Building, Employment Information and Guidance Bureau, School of Tourism Studies & School of Computer Sciences എന്നിങ്ങനെ 7 ബിൽഡിംഗ്കളുടെ പെയിന്റിംഗ്, അനുബന്ധ പ്രവൃത്തികളുടെ second and final bill തുകയായ ₹20,49,439/- കരാറുകാരനായ ശ്രീ.സോമൻ നമ്പ്യാർ ക്ക് അനുവദിച്ചുകൊണ്ടു ബഹു. വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം ഉത്തരവായതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് :-**

സർവകലാശാലയിലെ വിവിധ കെട്ടിടങ്ങളുടെ പെയിന്റിങ്ങിന്റെയും അനുബന്ധ പ്രവൃത്തികളുടെയും 75% തുക പാർട് ബില്ല് തുകയായി കരാറുകാർക്ക് അനുവദിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സി. സോമൻ നമ്പ്യാർ കരാർ ഏറ്റെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ പൂർത്തിയായ പ്രവൃത്തികളുടെ 75% തുകയായ ₹34,49,880/- രൂപ കരാറുകാരന് ഫസ്റ്റ് ആൻഡ് പാർട്ട് പേയ്മെന്റായി ഉത്തരവ് നമ്പർ :1943 /P&D1/2024/MGU Dated 29.02.2024 പ്രകാരം അനുവദിച്ച ഉത്തരവായിരുന്നു. തുടർന്ന്, മേൽ പറയുന്ന പെയിന്റിംഗ് പ്രവൃത്തിയുടെ സെക്കൻഡ് ആൻഡ് ഫൈനൽ ബില്ല് തുകയായ ₹20,49,439/- കരാറുകാരനായ ശ്രീ. കെ. സി. സോമൻ നമ്പ്യാർക്ക് അനുവദിക്കുന്നതിനായി സർവ്വകലാശാല എൻജിനീയർ അപേക്ഷ സമർപ്പിച്ചിരിന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തി ധനകാര്യ വിഭാഗം പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സെക്കൻഡ് & പാർട്ട് ബിൽ തുകയായ ₹20,49,439/- രൂപ അനുവദിക്കാവുന്നതാണെന്നും, മേൽ തുകയിൽ നിന്നും IT(1% of BV)- ₹17,368/-, WWF (1% of BV)-₹17,368/-[(Amount of cess to the Board (KCWWF))-₹17,194/-+(Cost of collection charges remitted to FO's account(1% of WWF)- ₹174/-)], GST (2% of BV)- ₹34,736/-, Water Charges to be deducted - ₹44,817/-.(ഓഫീസ് ഉത്തരവ് നം.41708/ADA4 -3 /2024/ ADA4 dated 12/04/2024 clause 3 പ്രകാരം സർവ്വകലാശാലയിൽ നിന്നുള്ള ജലം ടി പ്രവൃത്തിയ്ക്ക് ഉപയോഗിച്ചിരിക്കുന്നതിനാൽ വാട്ടർ ചാർജ് ഇനത്തിൽ ഇടക്കേണ്ടുന്ന തുക, പ്രസ്തുത തുക ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുവാൻ കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്) എന്നീ നിയമാനുസൃതമായ കിഴിവുകൾ വകയിരുത്തേണ്ടതാണെന്നും ആദ്യ & പാർട്ട് ബില്ലിൽ Retention ഇനത്തിൽ deduct ചെയ്ത ഫിനാൻസ് ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള Retention amount തുകയായ 73,091/- (എഴുപത്തിമൂവായിരത്തി തൊണ്ണൂറ്റൊന്ന് രൂപ മാത്രം) രൂപ കരാറുകാരന് പ്രത്യേകം തിരികെ നൽകാവുന്നതാണെന്നും, മേൽ കിഴിവുകൾ വരുത്തി റീടെൻഷൻ എമൗണ്ട് കൂടി ചേർത്ത് ബില്ലിനൊപ്പം statutory GST invoice സമാപിക്കുന്ന പക്ഷം ₹20,08,241/- രൂപ ശ്രീ K.C സോമൻ നമ്പ്യാർക്ക് കൈമാറാവുന്നതാണെന്നും ശുപാർശ ചെയ്തു.

ടി ശുപാർശ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.02.2025 തീയതിയിലെ 1404/പി&ഡി1/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 144/25.02/118228/P&D 1-3/2023** **വാർഷിക പദ്ധതി 2024-25 - ഭരണാനുമതി തുക 1822 ലക്ഷം രൂപയായി പരിഷ്കരിച്ചുള്ള സർക്കാർ ഉത്തരവു നടപ്പാക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് അധ്യായം III സെക്ഷൻ 10(17) പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ബഹു.വൈസ് ചാൻസലർ നൽകിയ അനുമതിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിന്ഡിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നതു - സംബന്ധിച്ച്**

2024-25 വാർഷിക പദ്ധതിയിൽ പുനഃക്രമീകരണം വരുത്തിക്കൊണ്ടും സർവ്വകലാശാലയുടെ ഭരണാനുമതി തുക 3117.77 ലക്ഷം രൂപയിൽ നിന്നും 1822 ലക്ഷം രൂപയായി പരിഷ്കരിച്ചും കേരള

സർക്കാർ 6.1.2025 ലെ GO (Rt)No.21/2025/HEDN, പ്രകാരം ഉത്തരവായിരുന്നു. ആയതു പ്രകാരം വാർഷിക പദ്ധതി സർവ്വകലാശാലയിൽ നടപ്പാക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ നൽകിയ അനുമതിയും തദനുസരണം പുറപ്പെടുവിച്ച 04.02.2025 തീയതിയിലെ 1205/P&D 1/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 145/25.02/73681/AC A5-1/2024**

**01-01-2025 തീയതിയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റിയുടെ ഇനം നമ്പർ 4 ശിപാർശ അംഗീകരിച്ച ഉത്തരവായത് – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച.-**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠനവകുപ്പുകൾ/സെന്ററുകൾ എന്നിവിടങ്ങളിലെ വിവിധ അക്കാദമിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 01-01-2025 തീയതിയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന സി.എസ് .എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റിയുടെ ഇനം നമ്പർ 4 ശിപാർശ ചുവടെ ചേർക്കുന്നു.
"നാലാം സെമസ്റ്റർ പരീക്ഷകളിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടപ്പെടാതിരിക്കുന്നതിനായി, പ്രസ്തുത പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച ഉടൻ തന്നെ, പ്രത്യേക സപ്ലിമെന്ററി പരീക്ഷ നടത്തുന്നതിനും, ആയതുമായി ബന്ധപ്പെട്ട് സി.എസ്.എസ് റെഗുലേഷനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും ശിപാർശ ചെയ്തു ."
പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.02.2025 തീയതിയിലെ 1170/AC A5/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 146/25.02/15067/ACA16-2/2025**

Mahatma Gandhi University Bachelor in Business Administration (BBA, BBA(Honours), BBA (Honours with Research)) Regulations, 2024 (as per AICTE norms) **ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024 – 2025 അദ്ധ്യയന വർഷം മുതൽ AICTE -യുടെ കീഴിലേക്ക് മാറ്റപ്പെട്ട BBA പ്രോഗ്രാമിന് വേണ്ടി AICTE മാനദണ്ഡങ്ങളനുസരിച്ച് തയ്യാർ ചെയ്ത Mahatma Gandhi University Bachelor in Business Administration (BBA, BBA (Honours), BBA (Honours with Research)) Regulations, 2024 അംഗീകരിച്ചുകൊണ്ട് സർവ്വകലാശാലാ ഉത്തരവ് നം. 7319/LEGN/2024/MGU, തീയതി.08.08.2024 പുറപ്പെടുവിച്ചിരുന്നു. പിന്നീട്, പ്രസ്തുത റഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനായി MGU – UGP – നിയമങ്ങളും റഗുലേഷനുകളും ഉപസമിതി സമർപ്പിച്ച ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.02.2025 തീയതിയിലെ 1418/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 147/25.02/12999/ACA16-2/2025**

MGU-UGP/BBA/BCA (Honours) OBE – ATTAINMENT MANUAL PART – I – **സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിനായി രൂപീകരിച്ച വിവിധ കമ്മറ്റികൾ, വിശദമായ ചർച്ചകൾക്കൊടുവിൽ, Outcome Based Education –ന്റെ പശ്ചാത്തലത്തിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾ കൈവരിക്കുന്ന Course Outcomes (COs), Programme Outcomes (POs) ഇവ വിലയിരുത്തുന്നതിനായി തയ്യാർ ചെയ്ത MGU-UGP/BBA/BCA (Honours) – OBE – ATTAINMENT MANUAL – PART – I അംഗീകരിക്കുന്നതിനുള്ള ശിപാർശ നൽകിയിരുന്നു.
പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.02.2025 തീയതിയിലെ 1317/ACA 16/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 148/25.02/1117/AD A9/1/2019**

**സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ രാജേഷ് ഇ, 2010 യു.ജി.സി റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ അസ്സോസിയേറ്റ് പ്രൊഫസ്സർ (സ്റ്റേജ് 4) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സമർപ്പിച്ച അപേക്ഷ യുജിസി റെഗുലേഷൻസ് 2018 4th Amendment, തീയതി 06.06.2024 പ്രകാരം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് – 14.11.2024 – ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ. 227/24.07/1117/AD A9/1/2019 തീരുമാനം – സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10 (17) അനുസരിച്ച് സിൻഡിക്കേറ്റ് മിനിറ്റ്സ് പരിഷ്കരിക്കുന്നതിനുള്ള വൈസ് ചാൻസലറുടെ ഉത്തരവ് – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

14.11.2024–ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ. 227/24.07/1117/AD A9/1/2019 പ്രകാരമുള്ള തീരുമാനത്തിൽ, "15.01.2021 മുതൽ സ്ഥാനക്കയറ്റം നൽകുന്നതിന് തീരുമാനിച്ചു" എന്നതിന് പകരം "സ്ഥാനക്കയറ്റം നൽകുന്നതിന് ശ്രീ. രാജേഷ് ഇ 2010 യു ജി സി റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് തീരുമാനിച്ചു" എന്ന് ഭേദഗതി വരുത്തിക്കൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.01.2025 തീയതിയിലെ 473/AD A9/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 149/25.02/5285/AD A1/1/2019**

**ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയ വൈസ് ചാൻസലറുടെ 31.01.2025 തീയതിയിലെ ഉത്തരവ് – സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് –സംബന്ധിച്ച്.**

സൂചന:– സർവ്വകലാശാലാ ഉത്തരവ് നമ്പർ: 1105/ADA1/2025/എം.ജി.യു, തീയതി: 31.01.2025.
താഴെ പരാമർശിച്ചിരിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം അനുവദിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.01.2025 തീയതിയിലെ 1105/ADA1/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| ക്രമ നം. | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ,തീയതി |
|---|---|---|---|---|
| 1. | ശ്രീമതി ഹേമകല എസ്. (PEN-1912), അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) –14 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.02.2025 പൂർവ്വാഹ്നം മുതല് | ശ്രീമതി സൂസൻ ആൻഡ്രൂസ്, ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 1105/ADA1/2025/എം.ജി.യു ., തീയതി: 31.01.2025. |

| | | | | |
|---|---|---|---|---|
| 2. | ശ്രീ. ഉദയകുമാർ ജി. (PEN-1904), അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -3 (ഭരണ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.02.2025 പൂർവ്വാഹ്നം മുതല് | ശ്രീ. അനിൽ കുമാർ ജി., ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |

**ഇനംനമ്പർ 150/25.02/120404/CDOE 3-1/2024** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ- എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് ശിപാർശകൾ - മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17)പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നതു- സംബന്ധിച്ച്.**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷന്റെ 11 .12 .2024-ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിന്റെ ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 29.01.2025 തീയതിയിലെ 987/CDOE 3/2025/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 151/25.02/ AD A1/2/5285/Report.Synd./2021** **സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പുനർ നാമകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് തീരുമാനം താത്കാലികമായി മാറ്റിവെച്ചുകൊണ്ടുള്ള വൈസ് ചാൻസലറുടെ 28.01.2025 തീയതിയിലെ ഉത്തരവ് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോര്ട്ട് ചെയ്യുന്നത് സംബന്ധിച്ച് -**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പുനർ നാമകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ ടി.വി., ഡോ. സെനോ ജോസ്, ഡോ. ബൈജു കെ.ആർ. എന്നിവർ 30.10.2024 തീയതിയിൽ സിൻഡിക്കേറ്റ് ഹാളിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷൻ എന്ന് പുനർനാമകരണം ചെയ്യാനും സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE), ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP) എന്നിവയെ പ്രത്യേകമായി സ്കൂളിന് കീഴിൽ സ്വതന്ത്ര കേന്ദ്രങ്ങളായി കൊണ്ടുവരാനും നിർദ്ദേശിച്ചു. കൂടാതെ, CDOE, DASP എന്നിവയുടെ ചുമതല സ്കൂൾ ഓഫ് ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷന്റെ ഡയറക്ടറിന് നൽകാവുന്നതാണ് എന്നും നിർദ്ദേശിക്കുകയുണ്ടായി. 31.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, മിനിറ്റ്സിലെ ശുപാർശകൾ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും, ആയതിന്റെ സർവകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ, പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കുന്നത് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം താത്ക്കാലികമായി മാറ്റിവെച്ചുകൊണ്ട് 28.01.2025 തീയതിയിൽ വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.02.2025 തീയതിയിലെ 1330/AD A1/2025/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 152/25.02/15022/AD A3-4/2020** **സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്-ലെ വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിലേക്ക് ആയ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നത് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിലേക്ക് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പരിചണജോലി ചെയ്യുന്നതിന് 'ആയ' തസ്തികയിലേക്ക് 645/- രൂപ വേതനത്തിൽ 179 ദിവസത്തേയ്ക്ക് നിയോഗം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും 03.02.2025 ൽ ഇന്റർവ്യൂ നടത്തുകയും ചെയ്തിരുന്നു. ടി നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മറ്റിയുടെ നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.02.2025 തീയതിയിലെ 1231/AD A3/2025/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 153/25.02/134119/DSS 2/2024** **മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. യു. ആർ. അനന്തമൂർത്തിയുടെ ജന്മദിനം ഡി.എസ്.എസ്. ദിനമായി ആചരിക്കുന്നത് – മികച്ച മാഗസിൻ തയ്യാറാക്കുന്ന കലാലയത്തിന് ക്യാഷ് അവാർഡ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക കാര്യങ്ങൾ പരിശോധിച് സമർപ്പിച്ച റിപ്പോർട്ട് – വൈസ് ചാൻസിലരുടെ ചുമതല വഹിക്കുന്ന പ്രൊഫസർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച ഉത്തരവ് സിൻഡിക്കേറ്റിന് റിപ്പോർട്ട് ചെയുന്നത് സംബന്ധിച്ച്.-**

04.02.2025-ന കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി – ഫിനാൻസ് യോഗത്തിന്റെ (24.07) എക്സ്ട്രാക്റ്റ് ഇനം നമ്പർ 134119/DSS 2/2024/DSS. പ്രകാരം ചുവടെ പറയുന്ന തീരുമാനം കൈകൊണ്ടു.
"പ്രൊഫ. യു ആർ അനന്തമൂർത്തിയുടെ ജന്മദിനമായ ഡിസംബർ 21 സർവ്വകലാശാലയിൽ ഡി.എസ്.എസ്. ദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി മികച്ച മാഗസിൻ തയ്യാറാക്കുന്ന കലാലയത്തിന് ക്യാഷ് അവാർഡ് നൽകുന്നതിനായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങൾ പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ സമതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ശുപാർശ ചെയ്യുന്നു".

മേൽ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലരുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.02.2025 തീയതിയിലെ 1397/DSS/2025/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 154/25.02/AcA4/3/IMCA (2020 admn )-Ambiguity in Regulation/2022** **INTEGRATED MCA (IMCA) (2020 Onwards) പ്രോഗ്രാമിന്റെ റഗുലേഷനിലെ അപാകതകൾ പരിഹരിക്കുന്നതിന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺ നൽകിയ ശിപാർശകൾ, യൂണിവേഴ്സിറ്റി ആക്ട് ചാപ്റ്റർ III -ലെ സെക്ഷൻ 10 (17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ചു. പ്രസ്തുത നടപടിയും, പുറപ്പെടുവിച്ച ഉത്തരവും റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2020 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വന്ന Integrated MCA (IMCA) പ്രോഗ്രാം റഗുലേഷൻ പ്രകാരമുള്ള ആദ്യത്തെ ബാച്ച് പ്രോഗ്രാം പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ, വിഷയത്തിലെ അടിയന്തിര സ്വഭാവം പരിഗണിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം റഗുലേഷൻ ഭേദഗതി വരുത്തുവാൻ ബോർഡ് ഓഫ് സ്റ്റഡീസ് നൽകിയ ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.01.2025 തീയതിയിലെ 494/AC A4/2025/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 155/25.02/101958/FO SECTION-ASSISTANT1/2024** **ധനകാര്യം :- 2024 - 25 സർവ്വകലാശാല ബജറ്റിൽ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിക്ക് അനുവദിച്ച " 22 352 31 - Payment to Guest/Visiting Faculty " എന്ന ബജറ്റ് ശീർഷകത്തിൽ അധിക തുക വകയിരുത്തി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് .**

സർവ്വകലാശാലയുടെ 2024- 25 ബജറ്റിൽ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിക്ക് അനുവദിച്ച ബജറ്റ് ശീർഷകമായ "22 352 31 - Payment to Guest/Visiting Faculty" എന്ന ശീർഷകത്തിൽ അധിക തുകയായി ₹15,00,000/- (പതിനഞ്ചു ലക്ഷം രൂപ മാത്രം) കൂടി വകയിരുത്തി അടങ്കൽ തുക ₹27,50,000/ - (ഇരുപത്തി ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ ആയി വർദ്ധിപ്പിക്കുന്നതിനും, സർവ്വകലാശാലയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റ് അടങ്കലും വാർഷിക കമ്മിയും മേൽ സൂചിപ്പിച്ച പ്രകാരം പരിഷ്കരിക്കുന്നതിനും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.02.2025 തീയതിയിലെ 1409/FO Section/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 156/25.02/136851/AC B1-1/2024** **സ്വകാര്യ എയ്ഡഡ് കോളേജുകൾ - എസ് .ബി കോളേജ്, ചങ്ങനാശ്ശേരി (ഓട്ടോണമസ്) - കോളേജ് മാനേജരുടെ മാറ്റം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

ചങ്ങനാശേരി എസ് .ബി കോളേജിലെ മാനേജർ സ്ഥാനത്തേക്ക്, ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പിന്റെ 01.11.2024 ലെ നിയമന കത്തിലൂടെ 03.11.2024 തീയതി മുതൽ **റെവ.ഫാദർ രാജു ആന്റണി** നിയമിതനായി എന്ന് കോളേജിൽ നിന്നും സർവ്വകലാശാലയെ അറിയിച്ചിരിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23,സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേർണിംഗ് ബോഡി(യൂണിറ്ററി മാനേജ്മെന്റ് ) അല്ലെങ്കിൽ മാനേജിങ് കൗൺസിൽ(കോർപ്പറേറ്റ് മാനേജ്മെന്റ്)എന്നിവയിലെ മാറ്റങ്ങൾ സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട് ( *"All changes in the membership of the Governing Body or the Managing Council and all appointments, transfers, promotions,demotions or dismissals of teachers of the colleges with name, qualification and designation shall forthwith be reported to the Syndicate.")*.കൂടാതെ,മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) - പ്രകാരം യൂണിറ്ററി മാനേജ്മെന്റ്-ന്റെ കീഴിൽ വരുന്ന പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേർണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിച്ചിട്ടുണ്ട്.

ടി വിഷയം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (II) ക്രമ ഇനങ്ങൾ

## (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 157/25.02/186731/AC B2-3/2021** **എസ് എൻ എം കോളേജ് മാല്യങ്കര - വിരമിച്ച അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ.സിബി കോമളൻ -ന്റെ പ്രിൻസിപ്പൽ നിയമനം 01.10.2016 മുതൽ നിബന്ധനകളൊന്നും കൂടാതെ അംഗീകരിക്കണമെന്നുള്ള ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

മാല്യങ്കര, എസ്.എൻ.എം. കോളേജ്-ലെ വിരമിച്ച അസ്സോസിയേറ്റ് പ്രൊഫസ്സർ (ഡോ). സിബി കോമളന്റെ പ്രിൻസിപ്പൽ നിയമനം 01.10.2016 മുതൽ നിബന്ധനകളെന്നും കൂടാതെ അംഗീകരിക്കണമെന്നുള്ള ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 158/25.02/147190/AC B1-1/2024** **സ്വകാര്യ എയ്ഡഡ് കോളേജുകൾ -സെന്റ് തോമസ് കോളേജ്,കോഴഞ്ചേരി UGC റെഗുലേഷൻസ് 2018 പ്രകാരം നേരിട്ടുള്ള നിയമനം മുഖേന പ്രിൻസിപ്പലായി നിയമിതനായ പ്രൊഫ (ഡോ) ജോർജ് കെ അലക്സിന്റെ നിയമനം - അംഗീകരിക്കുന്നത് സംബന്ധിച്ച്.**

കോഴഞ്ചേരി, സെന്റ് തോമസ് കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതനായ പ്രൊഫ. (ഡോ) ജോർജ് കെ അലക്സ്-ന് UGC Regulation 2018 4.1 (V) (A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിൽ നിയമിതനാകുന്നതിന് ആവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ ടിയാന്റെ നിയമനം 18.12.2024 പൂർവ്വാഹ്നം മുതൽ ടിയാന്റെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ 5 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 159/25.02/130798/AC B2-1/2024** **മാർത്തോമ്മാ വനിതാ കോളേജ്, പെരുമ്പാവൂർ - ഡോ. ലത പി ചെറിയാൻ-ന്റെ പ്രിൻസിപ്പൽ നിയമനാംഗീകാരം - സംബന്ധിച്ച്:**

പെരുമ്പാവൂർ, മാർത്തോമ്മാ വനിതാ കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതയായ ഡോ. ലത പി ചെറിയാന് UGC Regulation 2018 4.1 (V)(A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമിതയാകുന്നതിന് ആവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ ടിയാളുടെ നിയമനം 30.10.2024 പൂർവാഹ്നം മുതൽ ടിയാളുടെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ 5 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 160/25.02/250003** **31.01.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - അപ്രൂവൽ -ന്റെ യോഗ നടപടിക്രമം**

OA 1 **എയ്ഡഡ് കോളേജ് അധ്യാപകരുടെ സ്ഥാനക്കയറ്റ ഉത്തരവുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച്.**

എയ്ഡഡ് കോളേജ് അധ്യാപകരുടെ പ്രൊമോഷൻ/ പ്ലേസ്മെന്റുകളിൽ സർവ്വകലാശാല ശമ്പള നിർണ്ണയം നടത്തുകയും അടുത്ത വാർഷിക ഇൻക്രിമെന്റ് തുക നിർണ്ണയിച്ച്, നടപ്പിൽ വരുന്ന തീയതി കൂടി രേഖപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്ന രീതിയാണ് പൻതുടരുന്നത്. എന്നാൽ ശമ്പള നിർണ്ണയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയതിന് ശേഷം ഇത്തരം ഉത്തരവുകൾ പരിഷ്കകരിക്കേണ്ട സാഹചര്യം ഉണ്ടാവുന്നതിനാൽ ഇനി മുതൽ സ്ഥാനക്കയറ്റ ഉത്തരവിൽ, സ്ഥാനക്കയറ്റം ലഭിക്കുന്ന തീയതിയും പുതുക്കിയ ശമ്പള സ്കെയിലും മാത്രം രേഖപ്പെടുത്തിയാൽ മതിയാവുന്നതാണ്. ഇത് പ്രകാരം ചെക്ക് ലിസ്റ്റും ഉത്തരവും പരിഷ്കരിക്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 161/25.02/129912/AD A1-1/2024** **ശ്രീ. സെബാസ്റ്റ്യൻ ജോർജ്, അസിസ്റ്റന്റ് രജിസ്ട്രാർ - ന്റെ KSEB യിലെ മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യസേവന കാലയളവായി പരിഗണിക്കുന്നതിനുള്ള അപേക്ഷ- സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

KSR, Part III, Rule 20 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ മുൻകാലസേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യസേവനകാലയളവായി പരിഗണിക്കാൻ സാധിക്കാത്തതിനാലും, ഇക്കാര്യത്തിൽ വ്യക്തത വരുത്തി സർവ്വകലാശാല ഉത്തരവ് നമ്പർ 4597/Ad A1/2022/MGU തീയതി 01.05.2022 പുറപ്പെടുവിച്ചിട്ടുള്ളതിനാലും ശ്രീ. സെബാസ്റ്റ്യൻ ജോർജ്, അസിസ്റ്റന്റ് രജിസ്ട്രാർ തന്റെ KSEBയിലെ മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യസേവന കാലയളവായി പരിഗണിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 162/25.02/33834/AD A3/4/2019** **പബ്ലിക് സർവീസിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർഥികളുടെ സ്വഭാവവും പശ്ചാത്തലവും പരിശോധിക്കുന്നത് സംബന്ധിച്ച് - പരിഷ്കരിച്ച മാർഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

.സംസ്ഥാന പബ്ലിക് സർവ്വീസിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സ്വഭാവവും പശ്ചാത്തലവും പരിശോധിക്കുന്നത് സംബന്ധിച്ച് പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

ഉൾപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച G.O(P) No.77/2024/Home തീയതി 05/11/2024 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 163/25.02/133935/AD A4-4/2021** **സർവ്വകലാശാല എൻജിനീയറിംഗ് യൂണിറ്റ് - അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിന്ന് ശ്രീമതി രാധാമണി പി കെ ൽ നിയമനംവിരമിച്ച ഒഴിവി നടത്തുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാല എൻജിനീയറിംഗ് വിഭാഗത്തിൽ സ്ഥാനക്കയറ്റങ്ങൾ നൽകുന്നതും ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതും സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 164/25.02/135366/AD A1-1/2024** **സർവ്വകലാശാലകളിലെ ക്ലാസ് 3, ക്ലാസ് 4 തസ്തികകളിലേക്കുള്ള പി എസ് സി മുഖേനയുള്ള തിരഞ്ഞെടുപ്പുകളിൽ കായിക രംഗത്ത് മികവ് തെളിയിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അധിക മാർക്ക് നൽകുന്നത് സംബന്ധിച്ച് സർവ്വകലാശാലയുടെ അഭിപ്രായം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിന്നും ലഭിച്ച കത്ത് - സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാലയിലെ ക്ലാസ് 3, ക്ലാസ് 4 തസ്തികകളിലേക്കുള്ള പി.എസ്.സി. മുഖേനെയുള്ള തെരഞ്ഞെടുപ്പുകളിൽ, കായികരംഗത്ത് മികവ് തെളിയിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർക്കാർ വകുപ്പുകളിലേക്കുള്ള പി.എസ്.സി. മുഖേനെയുള്ള തെരഞ്ഞെടുപ്പുകൾക്ക് നൽകിവരുന്നതിന് സമാനമായ അധിക മാർക്ക് നൽകാവുന്നതാണെന്ന് സർക്കാരിനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 165/25.02/130900/AD A7-3/2021 (PART I)** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE)-ലേക്ക് കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനായി ഓൺലൈൻ എം.കോം, എംബിഎ പ്രോഗ്രാമുകൾക്ക് വിഷയടിസ്ഥാനത്തിൽ കോഴ്സ് കോർഡിനേറ്റർസിനെ അനുവദിക്കുന്നതും, പുതിയതായി ആരംഭിക്കുന്ന ഓൺലൈൻ ബി.കോം, എം എ ഇംഗ്ലീഷ് പ്രോഗ്രാമുകൾക്ക് ഓരോ കോഴ്സ് കോർഡിനേറ്റർസിനെ അനുവദിക്കുന്നതും സംബന്ധിച്ച്.**

CDOE-യിൽ പുതിയതായി ആരംഭിക്കുന്ന ഓൺലൈൻ ബി കോം, എം എ ഇംഗ്ലീഷ് പ്രോഗ്രാമുകൾക്ക് ഓരോ കോഴ്സ് കോർഡിനേറ്റർമാരെ വീതം കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനും, CDOE യുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി സിൻഡിക്കേറ്റംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. ബീന മാത്യു, ഡോ. എ.എസ്. സുമേഷ് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 166/25.02/18942/AD C1-2/2024** **ശ്രീമതി മിനിമോൾ ബി (PEN 3887) സീനിയർ ഗ്രേഡ് അസിസ്റ്റന്റിന് അനുവദിച്ച 296 ദിവസത്തെ ശൂന്യവേതനാവധിയിൽ അധികമായി അനുവദിച്ച 116 ദിവസത്തെ ശൂന്യവേതനാവധി ക്രമപ്പെടുത്തുന്നതും, ടിയാളുടെ അപേക്ഷ പരിഗണിച്ച് 23 ദിവസത്തെ ശൂന്യവേതനാവധി വ്യക്തിപരമായ ആവശ്യങ്ങൾക്കായി അനുവദിക്കുന്നതും സംബന്ധിച്ച്:-**

ശ്രീമതി. മിനിമോൾ ബി, സീനിയർ ഗ്രേഡ് അസിസ്റ്റന്റിന് 15.02.2024 മുതൽ 06.12.2024 വരെ രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 296 ദിവസത്തെ ശൂന്യവേതനാവധിയിലെ അധികമായി അനുവദിച്ചിരിക്കുന്ന 116 ദിവസത്തെ ശൂന്യവേതനാവധി (13.08.2024 മുതൽ 06.12.2024 വരെയുള്ള ദിവസങ്ങൾ) ക്രമപ്പെടുത്തി നൽകുന്നതിനും, ടിയാൾക്ക് 07.12.2024 മുതൽ 29.12.2024 വരെയുള്ള 23 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 167/25.02/62600/AD A7-2/2024** **സർവ്വകലാശാലയിൽ ഇൻഡസ്ട്രി അകാദമിയ ഇൻർഫേസ് സെന്റർ (IAIC)ൽ ഒരു പ്രോജക്ട് അസിസ്റ്റന്റ്-നെ നിയോഗിക്കുന്നതിനായി നിലവിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം പുനഃ പരിശോധിക്കുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയിൽ ഇൻഡസ്ട്രി അകാദമിയ ഇൻർഫേസ് സെന്റർ (IAIC)ൽ പ്രോജക്ട് അസിസ്റ്റന്റ്-ന്റെ ചുമതലകൾ നിർവഹിക്കുന്നതിന് M.Tech യോഗ്യതയുള്ള ഒരു സർവ്വകലാശാല അസിസ്റ്റന്റ് -നെ നിയോഗിക്കുന്നതിനായി പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് നം. 9241/Ad A7/2024 തീയതി 15.10.2024 റദ്ദാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 168/25.02/81176/P&D 2-1/2024** **RV University ബാംഗ്ലൂരും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ Centre for Migration Policy and Inclusive Governance (CMPIG) - യും തമ്മിൽ പരസ്പര സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് - സംബന്ധിച്ച്.**

RV University ബാംഗ്ലൂരും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ Centre for Migration Policy and Inclusive Governance (CMPIG) - യും തമ്മിൽ അക്കാദമിക ഗവേഷണ നൈപുണ്യ വികസന മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനായി സർവ്വകലാശാലയ്ക്ക് സാമ്പത്തിക ബാദ്ധ്യത വരാത്ത വിധം ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 169/25.02/90659/SGTD S-2/2024** **Kerala Institute of Local Administration (KILA) - യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ പരസ്പര സഹകരണത്തിനായി 07.11.2019 തീയതിയിൽ ഒപ്പ് വച്ചതും, 06.11.2022 തീയതിയിൽ കാലാവധി അവസാനിച്ചതുമായ ധാരണാപത്രത്തിലെ വ്യവസ്ഥകൾ അതേപടി നിലനിർത്തി - പുതിയ ധാരണാപത്രം അടുത്ത അഞ്ച് വർഷത്തേക്കുകൂടിഒപ്പ് വയ്ക്കുന്നത്- സംബന്ധിച്ച്.**

Kerala Institute of Local Administration (KILA)-യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ പരസ്പര സഹകരണത്തിനായി 07.11.2019 തീയതിയിൽ ഒപ്പ് വച്ചതും, 06.11.2022 തീയതിയിൽ കാലാവധി അവസാനിച്ചതുമായ ധാരണാപത്രത്തിലെ വ്യവസ്ഥകൾ അതേപടി നിലനിർത്തി പുതിയ ധാരണാപത്രം അടുത്ത അഞ്ച് വർഷത്തേക്കുകൂടി ഒപ്പ് വയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 170/25.02/3270/CUE 2024-25/St.Joseph Training College Mananam/Clarification of age കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പ് (2024-25) - ബി.എഡ് വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള പ്രായപരിധി - സംബന്ധിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബി.എഡ്. വിദ്യാർത്ഥികളുടെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള പ്രായപരിധി 26 വയസായി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച അപേക്ഷ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 171/25.02/97401/LEGN -1/2024** **സ്വകാര്യ എയ്ഡഡ് കോളേജുകളിൽ യു.ജി.സി. ലൈബ്രേറിയന്മാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സ് ആയി നിശ്ചയിച്ച് ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997 -ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.**

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനങ്ങൾക്കുള്ള ഉയർന്ന പ്രായപരിധിയെപ്പറ്റി പ്രതിപാദിക്കുന്ന മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997, അദ്ധ്യായം 45, പാർട്ട് C, വകുപ്പ് 49-ൽ "For the purpose of appointment of members of non-teaching staff by direct recruitment, the minimum and the maximum age followed for similar categories of post in Government service shall be followed." എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റാറ്റ്യൂട്ട് യു.ജി.സി. ലൈബ്രേറിയന്മാരുടെ നേരിട്ടുള്ള നിയമനങ്ങൾക്കും ബാധകമായതിനാൽ, യു.ജി.സി.

ലൈബ്രേറിയന്മാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സാക്കി നിശ്ചയിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 172/25.02/159103/LEGN -1/2022** **മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 – അദ്ധ്യായം 1 – പ്രിലിമിനറി – ഭേദഗതി സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 1, സെക്ഷൻ 2, സബ് സെക്ഷൻ 19-ൽ ഭേദഗതി വരുത്തി 'പ്രൊഫഷണൽ കോഴ്സ്, പ്രൊഫഷണൽ കോളേജ്' എന്നിവയ്ക്ക് നിർവചനം നല്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന പട്ടിക പ്രകാരമുള്ള ആക്ട് ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| Existing Act | Proposed Amendment |
|---|---|
| Mahatma Gandhi University Act 1985, Chapter 1, PRELIMINARY | |
| 19. "Professional college" means a college in which instruction is given in any of the following subjects, namely:-<br>(i) Engineering and Technology;<br>(ii) Allopathic Medicine and Para Medical Courses;<br>(iii) Dental Medicine;<br>(iv) Ayurvedic Medicine;<br>(v) Homoeopathic Medicine;<br>(vi) Law; and<br>(vii) Education; | 19. "Professional Course" means a course / programme conducted by a College having registration with a statutory professional council approved by the UGC, who shall be responsible for the recognition of courses and promotion of professional institutions. |
| ……. | 19B. "Professional college" means a college or educational institution that offers and conducts professional courses, as defined under sub section 19 of section 2. |

**ഇനംനമ്പർ 173/25.02/136643/P&D 2-1/2024** **MagGenome Technologies Pvt Ltd. എറണാകുളം, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സഹകരണത്തോടെ Kerala Genome Data Centre (KGDC) മുൻപാകെ ഒരു റിസർച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, ടി സ്ഥാപനങ്ങൾ തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് – സംബന്ധിച്ച്**

MagGenome Technologies Pvt. Ltd. എറണാകുളവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ Kerala Genome Data Centre (KGDC) മുൻപാകെ ഒരു റിസർച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, സർവ്വകലാശാലയ്ക്ക് സാമ്പത്തിക ബാദ്ധ്യത വരാത്ത വിധം ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനും, പ്രസ്തുത റിസർച്ച് പ്രോജക്റ്റിൽ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാരായി പ്രവർത്തിക്കുന്നതിന് സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫസർ ഡോ. ജയചന്ദ്രൻ കെ, അസ്സോസിയേറ്റ് പ്രൊഫസർ ഡോ. രാധാകൃഷ്ണൻ ഇ.കെ എന്നിവർക്ക് അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 174/25.02/77444/P&D 2-1/2024** **കോട്ടയം വെള്ളൂർ ആസ്ഥാനമായ കേരള റബ്ബർ ലിമിറ്റഡ് (KRL) – ഉം മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക – ഗവേഷണ മേഖലകളിൽ പരസ്പര സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നത് – സംബന്ധിച്ച്.**

കേരള റബ്ബർ ലിമിറ്റഡ് (KRL) വെള്ളൂർ, കോട്ടയവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക ഗവേഷണ മേഖലകളിൽ പരസ്പര സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 175/25.02/96297/ACL SO/2021

**യു.ജി.സി. റെഗുലേഷൻസ് (Minimum Qualifications for Appointment of Teachers and Other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Education) 2018 അടിസ്ഥാനമാക്കി തയ്യാറാക്കിയ സ്റ്റാറ്റ്യൂട്ട് ഭേദഗതിയിന്മേൽ സർക്കാർ നൽകിയ കത്തിന് വിശദീകരണം നൽകുന്നത് സംബന്ധിച്ച്.**

യു.ജി.സി. റെഗുലേഷൻസ് (Minimum Qualifications for Appointment of Teachers and Other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Education) 2018 സർവ്വകലാശാലയിൽ നടപ്പിലാക്കിയത് അടിസ്ഥാനമാക്കി തയ്യാറാക്കിയ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സിലെ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതിയുടെ കരട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

| Existing Statutes as per UGC Regulations 2010 | Amendment Proposal Submitted for approval made in tune with the UGC Regulations 2018 |
|---|---|
| Mahatma Gandhi University Statutes 1997, Chapter 46, TERMS AND CONDITIONS OF SELECTION AND PROMOTION OF TEACHERS OF THE UNIVERSITY TEACHING DEPARTMENTS AND AFFILIATED COLLEGES | |
| **Statute 3 (12).** The Screening cum Evaluation Committee, for CAS Promotion of Assistant Professors/equivalent cadres in Librarians/Physical Education from one AGP to the other higher AGP shall consist of : | **Statute 3 (12).** The Screening cum Evaluation Committee, for CAS Promotion of Assistant Professors/ equivalent cadres in Librarians/Physical Education and Sports from one level to the other higher level shall consist of : |

ഇനംനമ്പർ 176/25.02/82545/AC L-1/2021

**മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997 - ഭേദഗതി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ശുപാർശ സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997-ൽ കാലാനുസൃതമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി അഡ്വ. റെജി സഖറിയ, സിൻഡിക്കേറ്റംഗം കൺവീനറായും എല്ലാ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും കൺവീനർമാർ അംഗങ്ങളായും സ്റ്റാറ്റ്യൂട്ട്സ് ഭേദഗതി സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 177/25.02/34862/P&D 2-1/2024

SCHOOL HERBAL GARDEN PROJECT" **നടപ്പാക്കുന്നതിനായിസ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് കേരളയും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നത് - സംബന്ധിച്ച്:**

സ്കൂൾ ഹെർബൽ ഗാർഡൻ പ്രോജക്ട് നടപ്പാക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് കേരളയും തമ്മിൽ സർവ്വകലാശാലയ്ക്ക് സാമ്പത്തിക ബാദ്ധ്യത വരാത്ത വിധം ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനും ടി ധാരണാപത്രത്തിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്നപക്ഷം ചെലവഴിച്ച തുക ഫണ്ടിംഗ് ഏജൻസിക്ക് തിരികെ നൽകേണ്ടിവരും എന്ന വ്യവസ്ഥയുള്ളതിനാൽ ധാരണാപത്രത്തിലെ വ്യവസ്ഥകൾ കർശനമായിത്തന്നെ പാലിക്കണമെന്ന് കോ-ഓർഡിനേറ്റർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ആന്റ് ടെക്നോളജി-ക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 178/25.02/119970/AC A1-SO/2024

**കോതമംഗലം, ഇന്ദിരാഗാന്ധി ലോ അക്കാദമി - ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യവസ്ഥകളോട്ടുകൂടിയ ഇടക്കാല അനുമതി പത്രവും, സർക്കാർ നിരാക്ഷേപ പത്രം എന്നിവ പരിഗണിച്ച് 2024-25 അദ്ധ്യയന വർഷം വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച് .**

ടി വിഷയത്തിൽ 187154/AC A1-3/2021/AC AD നമ്പർ ഫയലിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ ഫയൽ മടക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 179/25.02/133272/AC A7-1/2024** **അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, അങ്കമാലി - 2025-'26 അദ്ധ്യയനവർഷം മുതൽ BA (Hons) English - Media Studies & Film Studies (30 Seats) പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

അങ്കമാലി, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) English - Media Studies & Film Studies (30 Seats) - എന്ന പ്രോഗ്രാം 2025-'26 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 180/25.02/126203/AC B7-1/2024** **കളമശ്ശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സ്വയംഭരണ കോളേജിൽ 2025-26 അക്കാദമിക് വർഷം മുതൽ നാല് പ്രോഗ്രാമുകൾ സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

16.10.2021 തീയതിയിലെ 456/2021/ഉവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളിൽ ബി.വോക് പ്രോഗ്രാമുകളല്ലാതെ പുതിയ സ്വാശ്രയ പ്രോഗ്രമുകളൊന്നും തുടങ്ങുവാൻ സർക്കാർ നിരാക്ഷേപപത്രം നൽകുന്നതല്ല എന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ, കളമശ്ശേരി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സ്വയംഭരണ കോളേജിൽ 2025-26 അക്കാദമിക് വർഷം മുതൽ സ്വാശ്രയ ധാരയിൽ [ബി.കോം (അധിക ബാച്ച്)-(60), ബിഎസ് സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്&മെഷീൻ ലേണിംഗ് -(60),ബിഎസ്സി സൈക്കോളജി (അധിക ബാച്ച്)-(60),എം.കോം(ഫിനാൻസ് ആൻഡ് ടാക്സേഷൻ)-(30)] എന്നീ നാല് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാരിന്റെ അഭിപ്രായം തേടി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 181/25.02/65410/AC A1-1/2024** **യൂണിയൻ ക്രിസ്ത്യൻ കോളേജ് , ആലുവ - സ്വാശ്രയ കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2024 -'25 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച്:**

ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിൽ നടത്തപ്പെടുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2024-25"അദ്ധ്യയന വർഷം പുതുക്കി സൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ കോഴ്സുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-25 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Govt.NOC | Programme - Specialization |
|---|---|---|
| Union Christian College, Aluva | G.O(Ms)No.349/ 2024/HEDN Dated, 05.06.2024 | 1. B.Sc (Hons) Biological Techniques and Specimen Preparation - 30 seats<br>2. B.Sc (Hons) Electronics with Computer Technology and Computer Science - 30 seats<br>3. B.Com (Hons) - Finance and Taxation - 40 seats<br>4. B.Com (Hons) - Marketing - 40 seats<br>5. M.Sc Biotechnology - 20 seats<br>6. M.Sc Bio-informatics - 20 seats |
| | G.O(Ms)No.623/ 2024/HEDN Dated, 25.10.2024 | 1. Master of Business Administration (MBA) - 60 seats<br>2. Master of Computer Application (MCA) (2 batches) - 120 seats |

**ഇനംനമ്പർ 182/25.02/105045/AC B7-2/2024**

**തൃക്കാക്കര ഭാരതമാതാ സ്വയംഭരണ കോളേജിൽ പുതിയ ആറ് സ്വാശ്രയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതും, ഒരു പ്രോഗ്രാമിന് അധിക ബാച്ച് അനുവദിക്കുന്നതും സംബന്ധിച്ച വിഷയത്തിൽ സ്വീകരിച്ച സിൻഡിക്കേറ്റ് തീരുമാനം പുനഃ പരിശോധിക്കുന്നത് സംബന്ധിച്ച്.**

16.10.2021 തീയതിയിലെ 456/2021/ഉവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളിൽ ബി.വോക് പ്രോഗ്രാമുകളല്ലാതെ പുതിയ സ്വാശ്രയ പ്രോഗ്രമുകളെന്നും തുടങ്ങുവാൻ സർക്കാർ നിരാക്ഷേപപത്രം നൽകുന്നതല്ല എന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ, തൃക്കാക്കര, ഭാരതമാതാ സ്വയംഭരണ കോളേജ് 2025-26' അധ്യയന വർഷത്തേക്ക് സ്വാശ്രയ ധാരയിൽ ബിഎസ് സി ഡിജിറ്റൽ ആൻഡ് സൈബർ ഫോറൻസിക്, ബിഎസ് സി ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, ബിഎസ് സി നെറ്റ് വർക്കിംഗ് ആൻഡ് സൈബർ സെക്യൂരിറ്റി, ബിഎസ് സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ അനലിറ്റിക്സ്, എംഎസ് സി സൈക്കോളജി, എംഎസ് സി ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സ് എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും, സ്വാശ്രയ ധാരയിലെ നിലവിലുള്ള എംഎസ്ഡബ്ല്യൂ പ്രോഗ്രാമിന് ഒരു അധിക ബാച്ച് അനുവദിക്കുന്നതിനും വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാരിന്റെ അഭിപ്രായം തേടി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 183/25.02/26236/AC A7-1/2024**

**അൺ എയ്ഡഡ് / സ്വാശ്രയ ആർട്സ് &സയൻസ് കോളേജുകൾ - ചേർപ്പുങ്കൽ , ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോളി ക്രോസ്സ് കോളേജ് വിദേശ സർവകലാശാലയുമായി കൈകോർത്ത് BSW പ്രോഗ്രാമിന് മാത്രമായി, സ്റ്റുഡൻ്റ് എക്സ്ചേഞ്ച് പ്രോഗ്രാം 2024-25 അധ്യയന വർഷം മുതൽ ആരംഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

ചേർപ്പുങ്കൽ, ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോളി ക്രോസ്സ് കോളേജ് വിദേശ സർവകലാശാലയുമായി കൈകോർത്ത് BSW പ്രോഗ്രാമിന് മാത്രമായി സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം 2024-25 അധ്യയന വർഷം മുതൽ ആരംഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷ തൽക്കാലം പരിഗണിക്കേണ്ടതില്ലന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 184/25.02/138536/AC A7-3/2024**

**സെൻറ് മേരീസ് കോളേജ് ഫോര് കൊമേഴ്സ്ആൻഡ് മാനേജ് മെൻറ്സ്റ്റഡീസ്, ഉരുത്തിപ്പി-പ്രോഗ്രാമുകള് താല്കാലികമായി നിർത്തലാക്കി പുനരാരംഭിക്കുന്നതിനും സ്ഥിരമായി നിർത്തലാക്കുന്നതിനും സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

ഉരുത്തിപ്പി, സെൻറ് മേരീസ് കോളേജ് ഫോര് കൊമേഴ്സ് ആൻഡ് മാനേജ് മെൻറ് സ്റ്റഡീസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കേളേജിലെ Bcom(Hons) Marketing (55 seats), M Sc Computer Science (15 seats), M Com Finance and Taxation (1 batch 25 seats), BSW (40 seats) എന്നീ പ്രോഗ്രാമുകൾ 2024-25' അധ്യയന വർഷം താല്കാലികമായി നിർത്തലാക്കി 2025-26' അധ്യയന വർഷം പുനരാരംഭിക്കുന്നതിനും, കൂടാതെ, BA English Language and Literature Model I (40 seats),M Com Marketing and International Business (12 seats), M Com Finance and Taxation (1 batch 25 seats) എന്നീ പ്രോഗ്രാമുകൾ 2024-25 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനും അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 185/25.02/138042/AC A7-1/2024**

**അൺ എയ്ഡഡ്/ സ്വാശ്രയ കോളേജുകൾ -അൽ അസർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, തൊട്ടുപുഴ - പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

തൊട്ടുപുഴ, അൽ അസർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ Bsc (Hons) Geology (Water Management), M.Sc Physics, M.A English, Master ot Tourism & Travel Management, M.Com Finance and Taxation, M.Com Marketing & International Businessഎന്നീ 6 പ്രോഗ്രാമുകൾ 2025-26' അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 186/25.02/11022/AC B7-1/2022** **ചങ്ങനാശ്ശേരി, അസംപ്ഷൻ കോളജിന്റെ സ്വയംഭരണ പദവി ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷ സംബന്ധിച്ച്**

2010 മുതൽ E-ഗ്രാന്റ്സ് ഉൾപ്പെടെ പരീക്ഷ ഫീസ് ഇനത്തിലും മറ്റ് ഫീസിനങ്ങളിലും ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജിന് കുടിശികയില്ലായെന്ന് ഉറപ്പ് വരുത്തിയതിനു ശേഷവും ടി കോളേജ് മാനേജരും സർവ്വകലാശാലയുമായി ഏർപ്പെടേണ്ട കരാർ സംബന്ധിച്ച വ്യവസ്ഥ, സ്വയംഭരണ കലാലയങ്ങളിലെ മാനേജർമാർ സർവ്വകലാശാലയുമായി ഏർപ്പെടേണ്ട കരാർ സംബന്ധിച്ച വ്യവസ്ഥയിന്മേലുള്ള 2024-ലെ സിവിൽ റിട്ട് ഹർജ്ജി നമ്പർ 31836-ലെ അന്തിമവിധി പ്രകാരം പാലിക്കാമെന്ന വ്യവസ്ഥയോടു കൂടിയും ടികോളേജിന്റെ സ്വയംഭരണ പദവി ദീർഘിപ്പിച്ച് കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 187/25.02/144397/AC A7-2/2024** **Mar Athanasios College For Advanced Studies(MACFAST),Thiruvalla "MSc. in Biochemistry"പ്രോഗ്രാം- 2025-2026 അക്കാദമിക വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച് .**

Thiruvalla, Mar Athanasios College For Advanced Studies(MACFAST) സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ Msc. In Biochemistry എന്ന പ്രോഗ്രാം 2025-26' അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 188/25.02/145079/AC A1-1/2024** **സെന്റ് മേരീസ് കോളേജ് മണർകാട് - B. Sc Physics - Applied Electronics എന്ന എയ്ഡഡ് പ്രോഗ്രാം 2023-24' അദ്ധ്യയന വർഷത്തിൽ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനും 2024-25' അധ്യയനവർഷം പുനഃരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

മണർകാട്, സെന്റ്. മേരീസ് കോളേജിന്റെ അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Sc Physics - Applied Electronics എന്ന എയ്ഡഡ് പ്രോഗ്രാം 2023-24' അദ്ധ്യയന വർഷം താൽകാലികമായി നിർത്തലാക്കുന്നതിനും 2024-25' അദ്ധ്യയന വർഷം പുനഃരാരംഭിക്കുന്നതിനും അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 189/25.02/100575/AC A7-3/2024** **അൺഎയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - സെൻറ് ആൻറണീസ് കോളേജ്, പെരുവന്താനം, പീരുമേട് - ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും NOC ലഭിക്കുന്നതിലേയ്ക്കായി കോളേജിനെ ശുപാർശ ചെയ്തുകൊണ്ടുള്ള സർവ്വകലാശാലയുടെ NOC നൽകണമെന്ന അപേക്ഷ - പരിശോധന സമിതി റിപ്പോർട്ട് സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

പെരുവന്താനം, പീരുമേട് സെൻറ് ആൻറണീസ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിൽ പാർക്ക് ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭിക്കുന്നതിലേക്കായി കോളേജിനെ ശിപാർശ ചെയ്തുകൊണ്ടുള്ള സർവ്വകലാശാലയുടെ നിരാക്ഷേപ പത്രം നൽകുന്നതിനായി ടി കോളേജ് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധന സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും NOC ലഭിക്കുന്നതിലേയ്ക്കായി ടി കോളേജിനെ ശിപാർശ ചെയ്യുന്നതിനും അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 190/25.02/73025/AC A1-1/2024**

**എയ്ഡഡ് കോളേജുകളിൽ നടത്തപെടുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപെട്ട വർഷാവർഷം നടത്തുന്ന ഇൻസ്പെക്ഷന്റെ റിപ്പോർട്ടിൽ ടി കോളേജ് എയ്ഡഡ് കോളേജിന്റെ വിഭവങ്ങൾ ഉപയോഗിക്കുന്നത്/കോളേജുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ലഭിച്ച പരാതി എന്നിവ സംബന്ധിച്ച് ഇൻസ്പെക്ഷൻ കമ്മീഷൻ തങ്ങളുടെ ശിപാർശയിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് .**

എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ പ്രോഗ്രാമുകളുടെ അഫിലിയേഷൻ പുതുക്കുന്നതിനായി രൂപീകരിക്കുന്ന പരിശോധനാ സമിതികളുടെ നിയമന ഉത്തരവുകളിൽ താഴെ സൂചിപ്പിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് പരാമർശിക്കുന്നതിന് തീരുമാനിച്ചു.

1. എയ്ഡഡ് പ്രോഗ്രാമുകൾക്കും സ്വാശ്രയ പ്രോഗ്രാമുകൾക്കും പ്രത്യേകം ബിൽഡിങ് ഉണ്ടോ
2. സ്വാശ്രയ പ്രോഗ്രാമുകൾക്ക് പ്രത്യേകം ലൈബ്രറി സൗകര്യം ഉണ്ടോ
3. എയ്ഡഡ് പ്രോഗ്രാമുകൾക്കും സ്വാശ്രയ പ്രോഗ്രാമുകൾക്കും പ്രത്യേകം ടീച്ചിങ് / നോൺ ടീച്ചിങ് ഫാക്കൽറ്റി ഉണ്ടോ
4. സ്വാശ്രയ പ്രോഗ്രാമുകൾക്ക് പ്രത്യേകം ലാബ് സൗകര്യം ഉണ്ടോ
5. എയ്ഡഡ് പ്രോഗ്രാമുകൾക്കായി മാത്രം ഉപയോഗപ്പെടുത്തേണ്ട എന്തെകിലും സൗകര്യം സ്വാശ്രയ പ്രോഗ്രാമുകൾ ഉപയോഗപ്പെടുത്തുന്നുണ്ടോ .
6. മുൻ വർഷങ്ങളിൽ ടി കോളേജിനെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടെകിൽ അവ പരിഹരിക്കപ്പെട്ടിട്ടുണ്ടോ.

**ഇനംനമ്പർ 191/25.02/138039/AC A7-1/2024**

**അൺ എയ്ഡഡ് /സ്വാശ്രയ കോളേജുകൾ – തൊടുപുഴ, അൽ അസർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എന്ന കോളേജ് - BSc (Hons)** Chemistry (40) **പ്രോഗ്രാം 2024-'25 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-'26 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

തൊടുപുഴ, അൽ അസർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്-ലെ BSc (Hons) Chemistry (40) പ്രോഗ്രാം 2024-'25 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-'26 അധ്യയന വർഷം പുനരാരംഭിക്കുന്നതിനുമായി അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 192/25.02/37270/AC B7-2/2024**

**തൃക്കാക്കര ഭാരതമാതാ സ്വയംഭരണ കോളേജ് സ്വാശ്രയ ധാരയിൽ 2024-25' അക്കാദമിക വർഷം മുതൽ പുതിയതായി അനുവദിച്ച പ്രോഗ്രാമുകളിലേക്ക് അധികമായി വിദ്യാർത്ഥി പ്രവേശനം നടത്തിയത് സംബന്ധിച്ച്.**

2024-25' അക്കാദമിക വർഷം അനുവദിച്ച സീറ്റ് എണ്ണത്തിൽ ഉപരിയായി പ്രവേശനം നടത്തിയ നടപടി കോളേജിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ ചട്ടലംഘനമായതിനാൽ ടി വിഷയത്തിൽ കോളേജ് പ്രിൻസിപ്പലിനെ ഇനിമേൽ ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കരുതെന്ന് കർശനമായി താക്കീത് ചെയ്യുന്നതിനും, 5,00,000/- (അഞ്ച് ലക്ഷം രൂപ) പിഴ ഈടാക്കികൊണ്ട് കോളേജിൽ നിലവിൽ നടത്തിയിരിക്കുന്ന പ്രവേശനങ്ങൾ ക്രമപ്പെടുത്തി നല്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 193/25.02/28798/AC A7-2/2024**

**അൺ-എയ്ഡഡ് സ്വാശ്രയ കോളേജുകൾ-രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്ലൈഡ് സയൻസസ്, കാക്കനാട് - 2024-2025 അദ്ധ്യയന വർഷത്തെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട്-സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത്-സംബന്ധിച്ച്.**

കാക്കനാട്, രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്ലൈഡ് സയൻസസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിന്റെ 2024-2025 അദ്ധ്യയന വർഷത്തെ താൽക്കാലിക

അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2024-25' അധ്യയന വർഷത്തേക്ക് പുതുക്കുന്നതിനും തീരുമാനിച്ചു.

| Name of College | Programme | | Specialisation | Intake |
|---|---|---|---|---|
| Rajagiri College of Management & Applied Sciences, Kakkanadu | 1 | BA (Hons) Animation and Graphic Design | Animation Film Making & Digital Design | 60 |
| | 2 | BA (Hons) English | Media Studies | 60 |
| | 3 | Bachelor of Business Administration (Hons) | Nil | 60 |
| | 4 | Bachelor of Computer Applications (Hons) | Nil | 60 |
| | 5 | BCom (Hons) | Accounting & Financial Markets | 60 |
| | 6 | BCom (Hons) | Accounting & Logistics Management | 60 |
| | 7 | BCom (Hons) | Finance and Taxation | 60 |
| | 8 | BCom (Hons) | Finance and Taxation & Accounting | 60 |
| | 9 | BCom (Hons) | Logistics Management & Finance and Taxation | 60 |
| | 10 | BCom (Hons) | Marketing & Finance and Taxation | 60 |
| | 11 | BSW (Hons) | Medical and Psychiatric Social Work and Development Social Work | 40 |
| | 12 | M Sc Artificial Intelligence | Nil | 12 |
| | 13 | M A Graphic Design | Nil | 20 |
| | 14 | M.Com Finance and Taxation | Nil | 20 |

ഇനംനമ്പർ 194/25.02/187154/AC A1-3/2021

2024-25അദ്ധ്യയന വർഷം ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയ്ക്കും സർക്കാരിന്റെ നിരാക്ഷേപപത്രത്തിനും വിധേയമായി കോതമംഗലം, ഇന്ദിരാഗാന്ധി ലോ അക്കാദമി എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി നൽകിയ അനുമതി - ബാർ കൗൺസിൽ ഓഫ് ഇന്ത്യ നൽകിയ പ്രതികൂല റിപ്പോർട്ടിന്മേൽ പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് , 2024-25' അധ്യയന വർഷം വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുള്ള അനുമതി എന്നിവ - സംബന്ധിച്ച് :-

ബാർ കൗൺസിൽ ഓഫ് ഇൻഡ്യ നൽകിയ പ്രതികൂല റിപ്പോർട്ടിന്മേൽ പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, കോളേജ് പ്രവർത്തനം ആരംഭിക്കുമ്പോൾ സർവ്വകലാശാലയുമായി ഏർപ്പെടേണ്ട കരാർ ഒപ്പുവച്ച ശേഷവും, ഒടുക്കേണ്ടതായ ഫീസുകൾ, ഫിനാൻഷ്യൽ ഗ്യാരണ്ടി എന്നിവ ഈടാക്കിയ ശേഷവും, ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അന്തിമ അംഗീകാരത്തിന് വിധേയമായി Integrated Five year B.Com LL.B(Honours)(60 seats), Integrated Five year BBA LL.B (Honours) (60 seats), Three year Unitary LL.B (60 seats) എന്നീ പ്രോഗ്രാമുകളോടോപ്പം ടി കോളേജിന്റെ താൽക്കാലിക അഫിലിയേഷൻ 2024-25' അധ്യയന വർഷം നൽകുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോളേജിന്റെ പേര് 2024-25' അധ്യയന വർഷം മുതൽ ഇന്ദിരാഗാന്ധി ലോ കോളേജ് എന്ന് പുനർനാമകരണം ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 195/25.02/63391/AC A1-1/2023** **കുര്യാക്കോസ് ഗ്രിഗോറിയോസ് കോളേജ്, പാമ്പാടി - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത് - സംബന്ധിച്ച് :**

പാമ്പാടി, കുര്യാക്കോസ് ഗ്രിഗോറിയോസ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപപത്രം പരിഗണിച്ച് ടി കോളേജിൽ നടന്നു വരുന്ന താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ പ്രോഗ്രാമിന്റെതാൽക്കാലിക അഫിലിയേഷൻ 2023-24' അദ്ധ്യയന വർഷം പുതുക്കുന്നതിനും തീരുമാനിച്ചു.

| Name of College | NOC | Course |
|---|---|---|
| Kuriakose Gregorios College, Pampady | G.O(Ms)No.3/2025/H EDN dated 03/01/2025 | Bachelor of Business Administration- BBA |

**ഇനംനമ്പർ 196/25.02/71288/AC A1-1/2023** **മാർ തോമ കോളേജ്, തിരുവല്ല - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത് - സംബന്ധിച്ച്:-**

തിരുവല്ല, മാർ തോമ കോളേജ് സമർപ്പിച്ച അപേക്ഷ ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപപത്രം പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ പ്രോഗ്രാമിന്റെ താൽക്കാലിക അഫിലിയേഷൻ 2023-24' അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Govt NOC | Course |
|---|---|---|
| Mar Thoma College, Tiruvalla | G.O(Ms)No.21/2025/HEDN dated 15/01/2025 | 1.M.Sc Microbiology<br>2. M.Sc Biotechnology |

**ഇനംനമ്പർ 197/25.02/73069/AC A1-1/2024** **അൽ - അമീൻ കോളേജ്, എടത്തല, ദി കൊച്ചിൻ കോളേജ് , കൊച്ചി - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2024 -'25 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

എടത്തല, അൽ - അമീൻ കോളേജ്, ദി കൊച്ചിൻ കോളേജ് , കൊച്ചി എന്നിവയിൽ നടത്തപ്പെടുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2024-25'അദ്ധ്യയന വർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധന സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രങ്ങൾ പരിഗണിച്ച്ടി കോളേജുകളുടെ താഴെ പട്ടിക പ്രകാരമുള്ള കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2024-25' അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Govt.NOC | Programme - Specialization |
|---|---|---|
| Al-Ameen College, Edathala | G.O(Ms)No.203/2024/H EDN Dated, 22.03.2024 | 1. B.A (Hons) English -Media Studies & Film Studies<br>2. B.Com (Hons) -Finance and Taxation<br>3. B.Sc (Hons) Biotechnology |

| | | |
|---|---|---|
| | | 4. Bachelor of Business Administration (Honours)<br>5. Bachelor of Computer Applications (Honours)<br>6. B.Sc (Hons) Computer Science – Data Science & Analytics<br>7. BTTM (Hons) – Aviation Management & Tour Operation Management<br>8. B.Voc Sound Engineering<br>9. M.Sc Physics |
| The Cochin College, Kochi | G.O(Ms)No.342/2024/HEDN<br>Dated, 04.06.2024 | 1. BSc (Hons) Mathematics<br>2. BCom (Hons) – Finance & Taxation & Accounting<br>3. BCom (Hons) Logistics Management & Marketing<br>4. Bachelor of Business Administration (Honours)<br>5. Bachelor of Computer Applications (Honours)<br>6. MSc Chemistry<br>7. MSc Mathematics<br>8. MSc Zoology |

**ഇനംനമ്പർ 198/25.02/68314/AC A1-3/2024**

**മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ, ഏറ്റുമാനൂർ – 2024-'25 അദ്ധ്യയന വർഷം താത്കാലികമായി നിർത്തലാക്കിയ B.Ed ,M.Ed എന്നീ പ്രോഗ്രാമുകൾ 2025-'26 അദ്ധ്യയന വർഷം പുനരാരംഭിക്കുന്നതിന് മതിയായ ഫീസടച്ച് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

ഏറ്റുമാനൂർ, മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 2024-25' അദ്ധ്യയന വർഷം താൽക്കാലികമായി നിർത്തലാക്കിയ B.Ed, M.Ed എന്നീ പ്രോഗ്രാമുകൾ 2025-26' അദ്ധ്യയന വർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 199/25.02/75530/AC A1-1/2023**

**സെന്റ് മേരീസ് കോളേജ്, മണർകാട് – 2023 – '24 അദ്ധ്യയന വർഷത്തിൽ താൽകാലികമായി സസ്പെന്റ് ചെയ്ത M.Com Finance & Taxation എന്ന സ്വാശ്രയ പ്രോഗ്രാം 2025-26 അദ്ധ്യയന വർഷം പുനഃരാരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്.**

സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം സിൻഡിക്കേറ്റിന്റെ അനുമതിയോടെ ഒരു വർഷ കാലത്തേയ്ക്ക് പ്രോഗ്രാം താൽക്കാലികമായി നിർത്തി അടുത്തവർഷം പുനരാരംഭിയ്ക്കുന്നതിനും അല്ലെങ്കിൽ സ്ഥിരമായി നിർത്തലാക്കുന്നതിനും മാത്രമേ വ്യവസ്ഥയുള്ളൂ. ആയതിനാൽ മണർകാട്, സെന്റ് മേരീസ് കോളേജിന്റെ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 200/25.02/139073/AC A7-1/2024**

**അൺ എയ്ഡഡ് /സ്വാശ്രയ കോളേജുകൾ – Jawaharlal Nehru Institute of Arts and Science, Balagram – B.A(Hons) Animation and Graphic Design (40) പ്രോഗ്രാം 2024-'25 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-'26 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

ബാലഗ്രാം, ജവാഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.A(Hons) Animation and Graphic Design (40) പ്രോഗ്രാം 2024-'25 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-'26 അദ്ധ്യയന വർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 201/25.02/151007/AC A1-3/2023**

**2024-25 അദ്ധ്യയന വർഷം വ്യവസ്ഥകൾക്ക് വിധേയമായി 'Sree Narayana Gurukulam College of Legal Studies, Kadayiruppu 'എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Sree Narayana Gurukulam Trust, Perumbavoor അനുമതി നൽകിയ സർവകലാശാല ഉത്തരവ് നം. 8864/ACA1/2024/MGU, തീയതി:- 02.10.2024, 2025-26 അദ്ധ്യയന വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

'Sree Narayana Gurukulam College of Legal Studies, Kadayiruppu 'എന്ന പേരിൽ 2024-25 അദ്ധ്യയന വർഷം പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി Sree Narayana Gurukulam Trust, Perumbavoor-ന് 02.10.2024 തീയതിയിലെ 8864/AC A1/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം നൽകിയ അനുമതി 2025-26 അദ്ധ്യയന വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 202/25.02/54266/AC B7-1/2024**

**പാലാ, സെന്റ് തോമസ് കോളേജിലെ 2024-25 അക്കാഡമിക വർഷത്തെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

പാലാ, സെന്റ് തോമസ് കോളേജിലെ 2024-25 അക്കാദമിക വർഷത്തെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധന സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ടി കോളേജിലെ താഴെ പരാമർശിച്ചിട്ടുള്ള സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-25' അക്കാദമിക വർഷത്തേക്ക് പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

1. ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ കമ്മ്യൂണിക്കേഷൻ &ജേണലിസം
2. ബി.കോം വിത്ത് കമ്പ്യൂട്ടർ അപ്ലിക്കേഷൻ
3. ബി.സി.എ
4. ബി.വോക് സസ്‌റ്റൈനബിൾ അഗ്രിക്കൾച്ചർ
5. ബി.വോക് ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി
6. എം.എസ്.സി അപ്ലൈഡ് മൈക്രോബയോളജി
7. എം.എസ്.സി ബയോടെക്നോളജി
8. എം.എസ്.സി ബയോസ്റ്റാറ്റിസ്റ്റിക്സ്

**ഇനംനമ്പർ 203/25.02/3368/AC B7-1/2025**

**ചങ്ങനാശ്ശേരി, അസംപ്ഷൻ സ്വയംഭരണ കോളേജിലെ 2024-25 അക്കാദമിക വർഷത്തെ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ നീട്ടി നൽകുന്നത് സംബന്ധിച്ച് :-**

ചങ്ങനാശ്ശേരി, അസംപ്ഷൻ സ്വയംഭരണ കോളേജിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-25' അക്കാദമിക വർഷത്തിലേക്ക് നീട്ടി നൽകുന്നതിനായുള്ള അപേക്ഷ പരിഗണിച്ച് ടി കോളേജിലെ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വ. റെജി സഖറിയ (സിൻഡിക്കേറ്റ് അംഗം)-നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

1.ബി.എ മ്യൂസിയോളജി &ആർക്കിയോളജി -30
2.ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ കമ്മ്യൂണിക്കേഷൻ &ജേർണലിസം (ട്രിപ്പിൾ മെയിൻ) -30
3.ബി.കോം മോഡൽ 1 (ഫിനാൻസ് &ടാക്സേഷൻ) -40
4.ബി.കോം മോഡൽ 1 (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) -60
5.ബി.ബി.എ -40
6.ബി.സി.എ -30
7.ബി എസ് സി (ഓണേഴ്സ്) ഫാഷൻ ഡിസൈനിങ് -30
8.എം.എസ്.സി ഹോംസയൻസ് (ഡയറ്ററ്റിക്സ് &ഫുഡ് സർവീസ് മാനേജ്മെന്റ് )-20

9.എം.എസ്.സി ടെക്സ്റ്റൈൽസ് &ഫാഷൻ ടെക്നോളജി –15
10.എം.കോം ഫിനാൻസ് –15
11.എം.എ ഇംഗ്ലീഷ് ലാംഗ്വേജ് &ലിറ്ററേച്ചർ –30
12.മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് –30

**ഇനംനമ്പർ 204/25.02/72127/AC A1-1/2022** **സെന്റ് മേരീസ് കോളേജ് , മണർകാട് – സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2022 – '23 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് –സംബന്ധിച്ച്:**

മണർകാട്, സെന്റ് മേരീസ് കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2022 – '23 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 205/25.02/109782/AC A1-3/2023** **കോപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ – 2024–'25 അദ്ധ്യയന വർഷം 60 സീറ്റുകളോട് കൂടി Three Year Unitary LL.B, Five Year Integrated B.A LL.B(Hons) എന്നീ പ്രോഗ്രാമുകൾക്ക് താത്ക്കാലിക അനുമതി നൽകുന്നത് –സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ലോ കോളേജായ തൊടുപുഴ, കോപ്പറേറ്റീവ് സ്കൂൾ ഓഫ് ലോയിൽ 2024–'25 അദ്ധ്യയന വർഷം 60 സീറ്റുകളോട് കൂടി Three Year Unitary LL.B, Five Year Integrated B.A LL.B(Hons) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയും സർക്കാർനിന്നും ലഭിച്ച Administrative Sanction & NOC എന്നിവയും പരിഗണിച്ച് 2024–25' അദ്ധ്യയന വർഷം താൽക്കാലിക അഫിലിയേഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 206/25.02/136252/AC A1-3/2024** **സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ എം.എഡ് കോഴ്സിന്റെ താല്ക്കാലിക അഫിലിയേഷൻ 2024–'25 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ എം.എഡ് കോഴ്സിന്റെ താല്ക്കാലിക അഫിലിയേഷൻ 2024–'25 അദ്ധ്യയന വർഷംപുതുക്കിനൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധന സമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രവും പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള കോളേജുകളിലെ സ്വാശ്രയ എം.എഡ് പ്രോഗ്രാമിന്റെ താല്ക്കാലിക അഫിലിയേഷൻ 2024–25' അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| ക്രമ നം. | കോളേജ് | സർക്കാർ നിരാക്ഷേപപത്രം |
|---|---|---|
| 1. | Mount Carmel College of Teacher Education for Women, Kanjikuzhi, Kottayam | G.O(Ms) No.381/2024/HEDN dtd 18.06.2024 |
| 2. | S.N.M Training College, Moothakunnam, Ernakulam | G.O(Ms) No.465/2024/HEDN dtd 29.07.2024 |
| 3. | St. Joseph College of Teacher Education for Women, Ernakulam | G.O(Ms) No.373/2024/HEDN dtd 14.06.2024 |
| 4. | St. Joseph's Training College, Mannanam, Kottayam | G.O(Ms) No.690/2024/HEDN dtd 07.12.2024 |
| 5. | St. Thomas College of Teacher Education, Pala, Kottayam | G.O(Ms) No.357/2024/HEDN dtd 11.06.2024 |
| 6. | Titus II Teachers College, Tiruvalla, Pathanamthitta | G.O(Ms) No.617/2024/HEDN dtd 21.10.2024 |

**ഇനംനമ്പർ 207/25.02/7697/AC A1-3/2025** **സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ് / എം.എഡ് കോഴ്സിന്റെ താല്ക്കാലിക അഫിലിയേഷൻ 2024–'25 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രവും പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള കോളേജുകളിൽ നടത്തപ്പെടുന്നസ്വാശ്രയ ബി.എഡ്/എം.എഡ് പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

| SL.No. | Name of College | Programme | Govt.NOC |
|---|---|---|---|
| 1 | Adi Sankara Training College , Kalady, Ernakulam | B.Ed | G.O(Ms)No.589/2024/HEDN dtd 09.10.2024 |
| 2 | Auxilium College of Education, Kidangoor, Angamaly, Ernakulam | B.Ed | G.O(Ms)No.586/2024/HEDN dtd 07.10.2024 |
| 3 | Avila College of Education, Edacochin,Ernakulam | B.Ed | G.O(Ms)No.6/2025/HEDN dtd 04.01.2025 |
| 4 | Sahodaran Ayyappan Memorial College of Education, Poothotta, Ernakulam | B.Ed | G.O(Ms)No.354/2024/HEDN dtd 10.06.2024 |
| 5 | St. John the Baptist's College of Education, Nedumkunnam, Kottayam | B.Ed<br>M.Ed | G.O(Ms)No.383/2024/HEDN dtd 18.06.2024 |
| 6 | St. Mary's Womens College of Teacher Education, Tiruvalla, Pathanamthitta | B.Ed | G.O(Ms)No.16/2025/HEDN dtd 13.01.2025 |
| 7 | St. John the Baptist's College of Special Education, Nedumkunnam, Kottayam | B.Ed Special Education (Intellectual Disability) | G.O(Ms)No.371/2024/HEDN dtd 14.06.2024 |
| 8 | Sneha Sadan College of Special Education, Angamaly, Ernakulam | B.Ed Special Education (Intellectual Disability) | G.O(Ms)No.344/2024/HEDN dtd 04.06.2024 |

**ഇനംനമ്പർ 208/25.02/117011/AC A8-4/2024**

**ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി, ആലുവ BBA LLB - അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷാവേളയിൽ വിദ്യാർത്ഥിക്ക് അഡീഷണൽ ആൻസർ ഷീറ്റ് നിഷേധിക്കപ്പെട്ടു എന്ന് ആരോപിച്ചുകൊണ്ട് സമർപ്പിക്കപ്പെട്ട പരാതി.**

ആലുവ, ചൂണ്ടി, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്-ലെ BBA LLB (2024-25 ബാച്ച്) വിദ്യാർത്ഥിയായ ശ്രീ. അനന്തൻ എൽ എ, അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷാവേളയിൽ തനിക്ക് അഡീഷണൽ ആൻസർ ഷീറ്റ് നിഷേധിച്ചത് സംബന്ധിച്ച് സമർപ്പിച്ച പരാതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. സുജ ടി വി, ശ്രീ. അമൽ അബ്രഹാം എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് തീരുമാനിച്ചു. .

**ഇനംനമ്പർ 209/25.02/127042/ACA8-4/2024**

**കാഞ്ഞിരപ്പള്ളി, സെൻറ് ഡോമിനിക്സ് കോളേജിലെ മൂന്നാം വർഷ ബികോം വിദ്യാർത്ഥി ശ്രീ. എബിൻ മാത്യൂ കാരണം ബോധിപ്പിക്കാതെ തന്നെ കോളേജിൽ നിന്നും പുറത്താക്കി എന്ന് ആരോപിച്ചുക്കൊണ്ട് സർവകലാശാല യൂണിയൻ അധ്യക്ഷൻ മുഖേന സമർപ്പിച്ച പരാതി - B.A.S.G - ശിപാർശ-സംബന്ധിച്ച്.**

പ്രസ്തുത വിഷയത്തിൽ ബി.എ.എസ്.ജി-യുടെ ശിപാർശകൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 210/25.02/47559/ACA8-3/2024** **മാറമ്പള്ളി എം ഇ എസ് കോളേജിലെ B Voc (Logistic Mangement) വിദ്യാർത്ഥിയായ ശ്രീ.സൈഫുദ്ദീൻ എം എസ് (PRN:210041000207), 08.04.2024 തീയതിയിൽ നടന്ന ആറാം സെമസ്റ്റർ റെഗുലർ പരീക്ഷയിലെ Financial Management എന്ന വിഷയത്തിന്റെ പരീക്ഷയ്ക്ക് പരീക്ഷാ ക്രമക്കേട് നടത്തിയതിനു പിടിക്കപ്പെട്ടതിനെ തുടർന്ന് പ്രിൻസിപ്പൽ, ഡോ.അജിംസ് പി മുഹമ്മദ് വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ തന്നെ മാത്രം പ്രതിചേർത്ത് റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു എന്ന് കാണിച്ചുകൊണ്ട് സർവകലാശാല യൂണിയൻ അധ്യക്ഷൻ മുഖാന്തരം നൽകിയ പരാതിയിന്മേൽ BASG-യുടെ ശിപാർശ- സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

പ്രസ്തുത വിഷയത്തിൽ ബി.എ.എസ്.ജി-യുടെ ശുപാർശകൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 211/25.02/120807/CBCSS 21-3/2024** **മെഴുവേലി, ശ്രീ നാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് കോളേജിൽ രണ്ടാം സെമസ്റ്റർ B.Com CBCS മെയ് 2024 പരീക്ഷയിൽ നടന്ന ക്രമക്കേട് സംബന്ധിച്ച അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് -സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ മെയ് 2024 പരീക്ഷകൾ റദ്ദ് ചെയ്യുന്നതിനും, കൂടാതെ തുടർന്നുള്ള ഒരു റെഗുലർ/സപ്ലിമെന്ററി പരീക്ഷ അവസരത്തിൽ നിന്നും വിലക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 212/25.02/50223/CBCSS 17-3/2024** **അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് സെപ്റ്റംബർ 2023 പരീക്ഷയിൽ സി.എം.എസ് കോളേജിലെ B.Sc Zoology വിദ്യാർത്ഥിയായ Sumesh K S (PRN: 150021096151)-ന്റെ പേരിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പരീക്ഷാ ക്രമക്കേട് - സിൻഡിക്കേറ്റ്തല അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

വിദ്യാർത്ഥി പരീക്ഷയിൽ ക്രമക്കേട് നടത്തി എന്ന് സ്ഥാപിക്കുന്നതിനുള്ള യാതൊരു തെളിവുകളും കണ്ടെത്താൻ സാധിക്കാത്തതിനാലും, പരീക്ഷയ്ക്ക് ഇൻവിജിലേറ്റർ ആയി പ്രവർത്തിച്ച അദ്ധ്യാപകന്റെയും സി.എം.എസ് കോളേജ് പ്രിൻസിപ്പലിന്റെയും റിപ്പോർട്ടുകൾ അനുസരിച്ചും ആരോപണത്തിന് അനുകൂലമായ തെളുവുകൾ കണ്ടെത്താൻ സാധിക്കാത്തതിനാലും വിദ്യാർത്ഥിക്ക് എതിരെ നടപടി ആവശ്യമില്ലായെന്ന് തീരുമാനിച്ചു. കൂടാതെ, തുടർന്നുള്ള പരീക്ഷകളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിന് കോട്ടയം സി.എം.എസ് കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 213/25.02/80998/CBCSS 9-3/2024** **ആലുവ കെ.എം.ഇ.എ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ബി ബി എ വിദ്യാർത്ഥിയായ KIRAN M S (PRN 220021080860) നാലാം സെമസ്റ്റർ സി ബി സി എസ് ഏപ്രിൽ 2024 (റെഗുലർ) പരീക്ഷയിൽ ക്രമക്കേട് നടത്തിയതായി ആരോപിക്കപ്പെട്ട വിഷയത്തിൽ, 14.11.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാന പ്രകാരം കോളേജ് പ്രിൻസിപ്പൽ സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - സ്റ്റുഡന്റ്സ് ഡിസിപ്ലിൻ മുൻപാകെ 11.12.2024 തീയതിയിൽ ഹാജരായി നടത്തിയ ഹിയറിങ്ങിലെ ശിപാർശകൾ സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - സ്റ്റുഡന്റ്സ് ഡിസിപ്ലിന്റെ ചുവടെ ചേർത്തിട്ടുള്ള ശിപാർശകൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

- പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് outside expert-നെ ചുമതലപ്പെടുത്തികൊണ്ട് ഒരു ഓറിയെന്റേഷൻ ക്ലാസ് ടി കോളേജിലെ എല്ലാ അദ്ധ്യാപകർക്കും കോളേജ് നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത ക്ലാസ്സിന്റെ റിപ്പോർട്ടും, ഫോട്ടോയും യൂണിവേഴ്സിറ്റിയ്ക്ക് കൈമാറേണ്ടതാണ്.
- പരീക്ഷ ക്രമക്കേട് നടത്തി എന്നതിന് തെളിവ് ലഭ്യമല്ലാത്തതിനാൽ വിദ്യാർത്ഥിയെ മാൽപ്രാക്ടീസ് നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
- കോളേജിന്റെ ഭാഗത്തു നിന്നും പ്രസ്തുത പരീക്ഷ ക്രമക്കേട് സർവ്വകലാശാലയെ അറിയിക്കുന്നത് സംബന്ധിച്ച് വീഴ്ച വരുത്തിയതിനാൽ പ്രിൻസിപ്പലിന് ശക്തമായ താക്കീത് നല്കാവുന്നതും കോളേജിൽ നിന്നും 25,000/- (ഇരുപത്തിയയ്യായിരം) രൂപ പിഴ ഈടാക്കാവുന്നതുമാണ്.

**ഇനംനമ്പർ 214/25.02/115013/P&D 1-1/2024** **മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കെട്ടിടത്തിന്റെ ഷീറ്റ് റൂഫിങ് പൂർണമായി ഇളക്കി മാറ്റി പുതിയ ഷീറ്റ് ഇടുക , CDOE-2 സെക്ഷനിലെ FALSE CEILING മാറ്റി പുതിയത് സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ അടിയന്തിര പ്രാധാന്യമുള്ളതാണോ എന്ന് പരിശോധിക്കാനും ടി പ്രവൃത്തികൾക്ക് സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹6,68,500/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതും സംബന്ധിച്ച് - സംബന്ധിച്ച് :-**

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കെട്ടിടം പൂർണ്ണമായും പൊളിച്ചു മാറ്റിയാണ് PM-USHA പദ്ധതിയുടെ ഭാഗമായി സർവകലാശാലയിൽ FYUGP കെട്ടിടം നിർമ്മിക്കുന്നത് എന്നതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ഷീറ്റ് റൂഫിംഗ് പ്രവർത്തനം നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 215/25.02/140669/P&D 1-3/2024** **സർവകലാശാലയിൽ വിദേശ ഭാഷാ പഠനകേന്ദ്രം സ്ഥാപിക്കുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവകലാശാലയിൽ വിദേശ ഭാഷ പഠന കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.സുജ ടി.വി. ഡോ. സുമേഷ് എ.എസ്. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 216/25.02/2611/IT CELL1 1/2025** **സർവ്വകലാശാലയിൽ K-REAP/ MGU UGP പദ്ധതി നടപ്പിലാക്കൽ - സോഫ്റ്റ്‌വെയർ ഡവലപ്പർമാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിന് അനുമതി സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവകലാശാലയിൽ K-REAP/MGU UGP പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ ഡെവലപ്പർമാരെ വിവിധ കാറ്റഗറികളിലായി നിയമിക്കുന്നതിനുള്ള ഐടി ഡയറക്ടറുടെ ശുപാർശ, താഴെ പറയുന്ന ഭേദഗതികളോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചു. കൂടാതെ, ഐടി സെൽ നിലവിൽ കൈകാര്യം ചെയ്യുന്ന സോഫ്റ്റ്‌വെയറുകളും അവ കൈകാര്യം ചെയ്യുവാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങളും അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കുവാൻ ഡയറക്ടറോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

| നം | കാറ്റഗറി | നിയമിക്കേണ്ട എണ്ണം |
|---|---|---|
| 1 | Lead Developer | 2 |
| 2 | Senior Software Developer | 4 |
| 3 | Junior Software Developer | 6 |

**ഇനംനമ്പർ 217/25.02/140507/IQAC-1/2024** Establishment of University Placement Cell and its constitution-reg:-

സർവ്വകലാശാലയുടെ പഠനവകുപ്പുകളിലെയും, അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെയും ബിരുദ, ബിരുദാനന്തര പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനു വേണ്ടി സർവ്വകലാശാല തലത്തിൽ പ്ലേസ്മെന്റ് സെൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് IQAC ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന കുറിപ്പിലെ വിശദാംശങ്ങൾ കൂടി പരിശോധിച്ച്, റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. സതീഷ് കുമാർ പി.ബി., ഡോ. സെനോ ജോസ്, ഡോ. സുമേഷ് എ.എസ്. എന്നിവരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**ഇനംനമ്പർ 218/25.02/144463/AC A6-1/2024**

**തൃപ്പൂണിത്തുറ, ഗവൺമെന്റ് സംസ്കൃത കോളേജിലെ സംസ്കൃത വേദാന്ത വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.രഞ്ജിനി എം. (Dr. Ranjini M) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

തൃപ്പൂണിത്തുറ, ഗവൺമെന്റ് സംസ്കൃത കോളേജിലെ സംസ്കൃത വേദാന്ത വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.രഞ്ജിനി എം. (Dr. Ranjini M) –ന് പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ സംസ്കൃത വേദാന്ത ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 219/25.02/135450/AC A6-1/2024**

**ഇരുത്തിക്കാട്, ബി.എ.എം കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ആൻഡ്രൂസ് റ്റി (Dr. Andrews T.) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

ഇരുത്തിക്കാട്, ബി.എ.എം കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ആൻഡ്രൂസ് റ്റി (Dr. Andrews T)–ക്ക് പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ കോമേഴ്സ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 220/25.02/145227/AC A6-1/2024**

**തൃപ്പൂണിത്തുറ, ഗവൺമെന്റ് സംസ്കൃത കോളേജിലെ സംസ്കൃത (ജനറൽ) വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ശാരിക ശശി (Dr. Sarika Sasi) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

തൃപ്പൂണിത്തുറ, ഗവൺമെന്റ് സംസ്കൃത കോളേജിലെ സംസ്കൃത (ജനറൽ) വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ശാരിക ശശി (Dr. Sarika Sasi)–യെ പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ സംസ്കൃത ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 221/25.02/Ac AII/4/188/Mathematics/2019 – Bincy C J**

**ഗണിതശാസ്ത്ര ഗവേഷണം – 2019 പ്രവേശനം – ശ്രീമതി ബിൻസി സി ജെ – ഗവേഷണ മാർഗദർശി, ഗവേഷണ കേന്ദ്രം എന്നിവ മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്.**

തൃക്കാക്കര, ഭാരതമാത കോളേജ് ഗവേഷണ കേന്ദ്രമായി ഗണിതശാസ്ത്ര വിഷയത്തിൽ ഗവേഷണം ചെയ്യുന്ന ശ്രീമതി. ബിൻസി സി. ജെ.–യുടെ ഗവേഷണ മാർഗദർശിത്വം ഡോ. കെ.വി. തോമസിൽ നിന്നും സെന്റ്.പോൾസ് കോളേജ്, കളമശ്ശേരിയിലെ ഡോ.മഞ്ജു കെ മേനോൻ ലേക്കും ഗവേഷണ കേന്ദ്രം ഭാരത മാത കോളേജ്, തൃക്കാക്കരയിൽ നിന്നും സെന്റ്. പോൾസ് കോളേജ്, കളമശ്ശേരിയിലേക്കും മാറ്റി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 222/25.02/57494/AC A13-3/2023**

**Smt. Amrutha K (2017 Admission ഗവേഷക – ഗവണ്മെന്റ് ലോ കോളേജ്, എറണാകുളം – നിയമം വിഷയം) – പ്രബന്ധ സമർപ്പണത്തിനു നേരിട്ട കാലതാമസം മാപ്പാക്കി, പ്രബന്ധ സമർപ്പണത്തിനു അനുമതി നൽകണമെന്നും, ഇതിനായി ഗവേഷണ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും കാണിച്ചുകൊണ്ട് 14.01.2025 തിയതിയായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

ശ്രീമതി. അമൃത കെ (2017 Admission ഗവേഷക – ഗവൺമെന്റ് ലോ കോളേജ്, എറണാകുളം)–യ്ക്ക് ഒന്നാം ഗവേഷണ കാലാവധിയുടെ ബാക്കി ഭാഗമായ 11.11.2024 മുതൽ 15.02.2025 വരെയും, രണ്ടാം ഗവേഷണ കാലാവധിയായ 16.02.2025 മുതൽ 10.05.2025 വരെയും ദീർഘിപ്പിക്കലുകൾ അനുവദിക്കുന്നതിനും, ഗവേഷകയുടെ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 10.11.2024 ആയിരുന്നതിനാൽ ടിയാളിൽ നിന്നും Rs.10980/– (പതിനായിരത്തി തൊള്ളായിരത്തി എൺപത് രൂപ) ഫൈൻ ഈടാക്കിക്കൊണ്ട് പ്രബന്ധം സമർപ്പിക്കുന്നതിനുള്ള കാലയളവ് 11.11.2024 മുതൽ 10.05.2025 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 223/25.02/146273/AC A6–1/2024** **ചങ്ങനാശ്ശേരി, എൻ.എസ്.എസ് ഹിന്ദു കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ആതിര പ്രകാശ് (Dr. Athira Prakash) അതേ കോളേജിലെ തന്നെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

ചങ്ങനാശ്ശേരി, എൻ.എസ്.എസ്. ഹിന്ദു കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ആതിര പ്രകാശ് (Dr. Athira Prakash)–ന് പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 224/25.02/5358/AC A13–3/2025** Sri Shibi Kiran M – **2017 അഡ്മിഷൻ ഗവേഷകൻ – പൊളിറ്റിക്കൽ സയൻസ് വിഷയം – ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

സെന്റ് തോമസ് കോളേജ്, പാല ഗവേഷണ കേന്ദ്രമായി പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ശ്രീ.ഷിബി കിരൺ എം–ന്റെ (2017 അഡ്മിഷൻ) " SOCIAL MEDIA AS A FOREIGN POLICY TOOL:A STUDY FOCUSED ON U.S – IRAN RELATIONS" എന്ന ശീർഷകത്തിലുള്ള ഗവേഷണ പ്രബന്ധം പൂർണ്ണമായും പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 225/25.02/5132/AC A13–3/2025** **ശ്രീമതി. ദേവി കെ.എസ് – 2017 അഡ്മിഷൻ ഗവേഷക – പൊളിറ്റിക്കൽ സയൻസ് വിഷയം – ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

സെന്റ് തോമസ് കോളേജ്, പാല ഗവേഷണ കേന്ദ്രമായി പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ശ്രീമതി. ദേവി കെ. എസ്. (2017 അഡ്മിഷൻ)–ന് " WOMEN AND MGNREGS IN KERALA : A STUDY ON MARKERS OF DIGNITY WITH PARTICULAR REFERENCE TO KOTTAYAM DISTRICT" എന്ന ശീർഷകത്തിലുള്ള ഗവേഷണ പ്രബന്ധം പൂർണ്ണമായും പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

## (ii) മുൻ ഇനങ്ങൾ

**ഇനംനമ്പർ OA 4/24.08/105614/DASP–2/2024** **DASP–ൽ താത്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സോഫ്റ്റ്വെയർ ഡവലപ്പറായ ശ്രീ. രോഹിത് കെ പി–** work from home **വ്യവസ്ഥ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്**

DASP–ൽ താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സോഫ്റ്റ്വെയർ ഡെവലപ്പറായ ശ്രീ. രോഹിത് കെ.പി. work from home വ്യവസ്ഥ അനുവദിക്കുന്നതിനായി നൽകിയ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഒ.എ.32/24.08/144409/Ac A1–2/2024** **M. ARCH. പ്രോഗ്രാമിന്റെ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീ നിശ്ചയിക്കുന്നത് സംബന്ധിച്ച്.**

02.04.2024 തീയതിയിലെ 2978/AcA1/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം M.Lisc/MCJ/M.Ed/M.Tech/L.L.M തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസായി 2375/- രൂപയാണ് ഈടാക്കുന്നത്. ആയതിനാൽ, M.Arch. പ്രോഗ്രാമിനും ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസായി 2375/- രൂപ നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

**ഒ.എ്.5/24.08/134883/AC B7-1/2024** **ചങ്ങനാശേരി, എസ്.ബി കോളേജിന് മുൻ വർഷങ്ങളിലെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് അനുമതി നൽകിയത് സംബന്ധിച്ച് :-**

Noted.

## ഔട്ട് ഓഫ് അജൻഡ

**ഇനം.നമ്പർ: ഒ.എ്.1/25.02** **Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties - reg.**

Resolved to award Certificate/Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 21.02.2025.

**ഇനം.നമ്പർ: ഒ.എ്.2/25.02** **Awarding of Ph. D. Degree - reg:-**

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.
Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 21.02.2025 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Name & Address of the Co-Guide | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|---|
| 1 | 95221/AC A15-3/2024 | Smt. Stefy K Jose<br>Pulickal (H)<br>Madappally P O<br>Changanacherry<br>Kottayam -<br>686 546 | Dr. Antony Thomas<br>Associate Professor & Research Guide<br>Research & PG Department of Commerce SB College, Changanacherry | Nil | Commerce / Commerce | PREVENTIVE AND CURATIVE DIMENSIONS OF ETHICAL CONSUMERISM IN THE PERSONAL CARE PRODUCT SEGMENT OF KERALA |
| 2 | 101784/AC A15-3/2024 | Smt. Deepa Divakaran N<br>Sundaravilas<br>East Kadungalloor<br>Ernakulam - 683 102 | Prof.(Dr.) Gireesh Kumar G S<br>Principal (Research Guide, Nirmala College, Muvattupuzha)<br>Henry Baker College, Melukavu, Kerala - 686 652 | Nil | Commerce / Commerce | PSYCHOLOGICAL CONTRACT AND EMPLOYEE PERFORMANCE - A STUDY OF IT INDUSTRY IN KERALA |

| | | | | | | |
|---|---|---|---|---|---|---|
| 3 | 70940/ACA14-2/2024 | Sri. Amose P Thomas<br>Pottackattil (H),<br>Vettickal P O,<br>Mulanthuruthy,<br>Ernakulam - 682 314 | Dr. Sindu N<br>Associate Professor,<br>PG and Research Department of Botany,<br>St. Peter's College,<br>Kolenchery - 682 311. | Dr. Dileesh S<br>Associate Professor,<br>Department of Chemistry,<br>St. Peter's College,<br>Kolencherry - 682 311,<br>&<br>Research Supervisor (Chemistry),<br>Bharath Mata College,<br>Thrikkakara, Kochi - 682 021. | Botany / Science | PHYTOCHEMISTRY AND BIOACTIVITY STUDIES OF SELECTED FERNS, IDUKKI DISTRICT, KERALA |
| 4 | 4563/AC A14-2/2024 | Smt. Mary Jaya V J<br>Nediyorathil (H),<br>Vattukulam P O,<br>Kadappoor,<br>Kottayam - 686 587. | Dr. S Krishnakumar<br>Research Supervising Teacher,<br>STAS, MG University Research Centre,<br>Edappally, Kochi,<br>Kerala, Pin - 682 024. | Nil | Electronics / Technology and Applied Sciences | Optimized Design of Intelligent Computational Diagnosis Model for Early Detection and Classification of Lung Cancer Nodules from X-ray Images |
| 5 | 38487/AC A14-1/2024 | Ms. Benazeera Beegum K A<br>Benazy Manzil,<br>East Veliyathunad,<br>U C College P O,<br>Aluva - 683 102. | Dr. Reshmi R<br>Assistant Professor,<br>Department of Physics,<br>U C College, Aluva 2 | Nil | Physics / Science | STUDIES ON THE OPTOELECTRONIC APPLICATIONS OF NANOSTRUCTURES OF CESIUM TITANIUM BROMIDE ($CsTiBr_3$), A NOVEL LEAD-FREE PEROVSKITE |
| 6 | 110508/AC A14-1/2024 | Smt. Jyothi Abraham Sanjoe<br>Mayithara P.O,<br>Cherthala - 688539 | Pro. (Dr.) Rajeesh A.P.<br>Faculty of Law,<br>School of Indian Legal Thought,<br>Mahatma Gandhi University, Kottayam | Nil | Law/Law | RIGHT AGAINST SELF INCRIMINATION-EVOLVING DIMENSIONS IN THE MODERN ERA |
| 7 | 68894/AC A15-2/2024 | Smt. Parvathy Mohan<br>Murivelil House<br>Kaithakkody P O<br>Kottathoor<br>Pathanamthitta 689614 | Dr. Roshin George<br>Associate Professor<br>Department of English<br>St. Thomas College<br>Kozhencherry | Nil | English / Language & Literature | From Perambulator to Philosopher: A Diachronic Study of the Flâneur through Select Travelogues in Malayalam |
| 8 | 3539/AC A14-1/2024 | Smt. Greeshma M S<br>Mullasseriyil (H),<br>Ellackal P O,<br>Maryland, Idukki - 685 565. | Dr. Bindu V R<br>Professor & Head,<br>School of Computer Sciences,<br>Mahatma Gandhi University, Kottayam | Nil | Computer Science / Science | Advancements in Deep Learning Approaches for Image Super-resolution |
| 9 | 65776/AC A14-3/2024 | Smt. Arsha Antony<br>Kanjikuzhiyil House<br>Kanichar P O,<br>Kelakam<br>Kannur- 670674 | Dr. Cyril Augustine V<br>Assistant professor,<br>Dept. of Chemistry<br>St. Berchmans College,<br>Changanassserry . | Nil | Chemistry / Science | Computational Studies on the Coordination Chemistry of Bacterial Siderophores with Special Reference to Cepabactin and Aminochelin |

| | | | | | | |
|---|---|---|---|---|---|---|
| 10 | 100643/AC A15-1/2024 | Smt. Nayana Nair<br>H No. 53, Sruthi<br>Santhi Nagar<br>Sreekaryam<br>Thiruvananthapuram 695017 | Dr. Girish Kumar R<br>Research Supervisor<br>(Former Faculty,<br>Mahatma Gandhi University) | Dr. Abdul Majeed K C<br>Associate Professor & Head<br>Department of Library & Information Science<br>Kannur University | International Relations (Library and Information Science)/ Social Sciences | BIG DATA IN INTERNATIONAL RELATIONS: A STUDY OF INDO-US TWITTER DIPLOMACY(2016-20) |
| 11 | 72693/AC A14-3/2024 | Smt. Veena G<br>Money veena,<br>Mattom North,<br>Thattarambalam P.O.<br>Mavelikkara -690103 | Dr. Lishamol Tomy<br>Professor and Doctoral Research Supervisor,<br>Department of Statistics,<br>Deva Matha College,<br>Kuruvilangad.<br>Kottayam-686633. | Nil | Statistics / Science | ADVANCING THE LINDLEY DISTRIBUTIONS: GENERALISATIONS, PROPERTIES AND APPLICATIONS |
| 12 | 54038/AC A14-2/2024 | Sri. Manoj R<br>'Himagiri',<br>NGRA - 7,<br>Kamaleswaram,<br>Manacaud P O,<br>Thiruvanathapuram - 9 | Dr. P S Sukumaran<br>Professor(Retd.),<br>School of Behavioural Sciences,<br>Mahatma Gandhi University,<br>Priyadarsini Hill P O,<br>Kottayam, Kerala- 686 560. | Dr. Elsheba Mathew<br>Former Professor,<br>Pushpagiri Medical College,<br>Thiruvalla. | Behavioural Medicine / Behavioural Sciences | ANXIETY DISORDERS AMONG STUDENTS WITH INTELLECTUAL DISABILITY AND THEIR MANAGEMENT THROUGH "SWETHA SANKHUPUSHPA CHOORNAM" |
| 13 | 70224/AC A15-2/2024 | Smt. Rose Mathew<br>Kunnathoor<br>Alapuram<br>Elanji P O<br>Ernakulam<br>Pin- 686665 | Dr. Davis Xavier<br>Professor & Research Guide<br>Department of Malayalam<br>St. Thomas College, Pala | Nil | Malayalam / Language & Literature | ആൻഡമാൻ - നിക്കോബാർ ജീവിതവും സംസ്കാരവും മലയാള സാഹിത്യത്തിൽ |
| 14 | 56791/AC A14-2/2024 | Smt. Sini Mohan<br>Kuzhimannil (H),<br>Angadical North P O,<br>Kodumon,<br>Pathanathitta - 689 648. | Dr. Roy George K<br>Professor,Department of Botany,St. Thomas College,<br>Kozhencherry. | Nil | Zoology / Science | Studies on the Effects of Xenoestrogen (Bisphenol-S) on the Physiology and Reproductive Biology of *Channa striatus* and *Poecilia reticulata* |
| 15 | 98449/AC A14-2/2024 | Sri. Bany Joy Pallikunnel,<br>Ezhumuttam P O,<br>Thodupuzha - 685 605. | Dr. GIGI K JOSEPH<br>Assistant Professor,<br>P G Research Department of Zoology,<br>Nirmala College,<br>Muvattupuzha,<br>Ernakulam, Kerala - 686 661 | Nil | Zoology / Science | HUMAN - WILDLIFE CONFLICTS IN RANNI FOREST RANGE OF WESTERN GHATS, KERALA |
| 16 | 92689/AC A14-2/2024 | Smt. Sheethal S Kumar<br>Elanjithara (H),<br>T V Puram P O,<br>Vaikom, Kottayam<br>Pin - 686 606. | Dr. Krishnakumar K<br>Professor,<br>Department of Botany,<br>Maharaja's College<br>(Govt. Autonomous),<br>Ernakulam - 682 011 | Dr. Mathew John<br>Jubilee Centre for Medical research (JCMR),<br>Jubilee Mission Medical College,<br>Thrissur, Kerala. | Botany / Science | Exploring the cytoprotective mechanism of flavonoids from *Carica papaya* L. cultivar 'Red Lady' Leaf: Insights into Nrf2 and NF-kB signalling pathways |

| | | | | | | |
|---|---|---|---|---|---|---|
| 17 | 136998/AC A14-2/2023 | Smt. Anu Thottappilly<br>Thottappilly(H),<br>Kuzhikkattussery P O,<br>Thrissur - 680 683 | Dr. F G Benno Pereira<br>Assistant Professor,<br>Department of Zoology,<br>University of Kerala,<br>Kariavattom,<br>Thiruvanathapuram - 695 581. | Nil | Zoology / Science | IMPACT OF EXOTIC SPECIES ON THE INDEGENOUS FISH FAUNA OF CHALAKUDY RIVER, KERALA, INDIA |
| 18 | 85187/AC A15-2/2024 | Smt. Santhi Prabha<br>Prabhakarasidhasramam<br>Omalloor P O<br>Pathanamthitta-689 647 | Dr. Mini George<br>Prof., HOD & Research Guide (Rtd)<br>P.G & Research Dept. of Hindi<br>Catholicate College<br>Pathanamthitta | Nil | Hindi / Language & Literature | Dr. Rahi Masoom Raza Ke Upanyason Mein Samkaleen Sandarbh |
| 19 | 15193/AC A15-1/2024 | Smt. Sanitha Chandran<br>Odackal(H)<br>Pulincunnoo<br>Alappuzha 688504 | Dr. Sivakumar M V<br>Associate Professor<br>Department of International Relations<br>Capital Centre<br>Central University of Kerala<br>Thiruvananthapuram-695 004 | Nil | Political Science / Social Sciences | VOTING BEHAVIOUR IN KERALA : A STUDY OF THE ELECTORAL PERFORMANCES OF INDIAN NATIONAL CONGRESS |
| 20 | . 37944/AC A15-1/2023 | Smt. Jyothi Lakshmi M A<br>Koduvathara (H)<br>Vadayar P O<br>Thalayolaparambu<br>Kottayam 686605 | Prof. (Dr.) C Vinodan<br>Professor & Director<br>School of International Relations and Politics<br>Mahatma Gandhi University, Priyadarshini Hills P O<br>Kottayam-686 560 | Nil | International Relations and Politics / Social Sciences | MICRO-FINANCE AND LIVELIHOOD SECURITY IN KERALA |
| 21 | 52141/AC A14-3/2024 | Smt. Jisha S Lal<br>Mangalam Parambil,<br>Chavara P O,<br>Kollam- 691583. | Dr. K S Devaky<br>Senior professor,<br>School of Chemical Sciences,<br>Mahatma Gandhi University, Kottayam. | Nil | Chemistry / Science | Chitosan Based Polymeric Systems as Carriers for Loading and Release of Antidiabetic Drug Metformin Hydrochloride |
| 22 | 117562/AC A14-3/2024 | Smt. Anju John<br>Kadavil Polackal (H),<br>Malakkallu P O,<br>Kasargod - 671532. | Dr. Jesty Thomas<br>Associate professor,<br>Department of Chemistry,<br>K E College, Mannanam. | Nil | Chemistry / Science | INVESTIGATIONS ON THE DEVELOPMENT OF GRAPHITIC CARBON NITRIDE BASED SOLAR PHOTOCATALYSTS FOR THE DEGRADATION OF ENDOCRINE DISRUPTORS. |
| 23 | 80475/AC A15-3/2024 | Smt. Soumya Varma<br>Mullassery Madham<br>Kanjoor P O<br>Ernakulam - 683 575 | Prof.(Dr.) Suresh V N<br>Research Supervisor<br>P.G. Dept. of Commerce<br>Maharaja's College,<br>Ernakulam | Nil | Commerce / Commerce | IMPACT OF MUDRA LOAN ON MICRO AND SMALL ENTERPRISES IN KERALA |
| 24 | 32879/AC A15-2/2024 | Smt. Neena Thomas<br>Assistant Professor<br>Department of Malayalam<br>Nirmala College<br>Muvattupuzha 686 661 | Dr. Biji M P<br>Associate Professor & Research Guide<br>Department of Malayalam<br>Newman College<br>Thodupuzha -685585 | Nil | Malayalam / Language & Literature | മലയാള നിരൂപണത്തിലെ സ്ത്രീ പ്രാതിനിധ്യം - ജെ. ദേവിക, ശാരദക്കുട്ടി, പി. ഗീത എന്നിവരുടെ രചനകളെ ആധാരമാക്കി ഒരു രാഷ്ട്രീയവായന |

| | | | | | | |
|---|---|---|---|---|---|---|
| 25 | 41174/AC A15-2/2024 | Smt. Mereena Eappen<br>Pathayil House<br>Anakkara P O<br>Kumaly<br>Idukki -685512 | Dr. Sujarani Mathew<br>Associate Professor & Head<br>Department of English<br>K.E College<br>Mannanam | Nil | English / Language & Literature | The Psychology of War and the African Consciousness: Analysing Trauma in Select African War Fiction |
| 26 | 77539/AC A15-2/2024 | Sri. Joyson Jose<br>Chakiath House<br>Panthackal<br>Paduvapuram P O<br>Karukutty<br>Ernakulam-683576 | Dr. P K Sreekumar<br>Associate Professor & Research Guide<br>Department of English<br>Maharaja's College (Autonomous)<br>Ernakulam | Nil | English / Language & Literature | The Politics of Adaptation: A Study of Cultural Transference in Cinematic Adaptation |
| 27 | 85291/AC A15-2/2024 | Smt. Devi Krishna P.<br>Kalayimalayil veedu<br>Kuravankuzhy P.O<br>Pullad<br>Thiruvalla<br>Pathanamthitta 689548 | Dr. Mini George<br>Professor, HOD & Research Guide (Rtd)<br>P.G & Research Dept. of Hindi<br>Catholicate College<br>Pathanamthitta | Nil | Hindi / Language & Literature | Swayam Prakash Ka Upanyas Sahitya : Samajik Sarokar. |
| 28 | 151556/AC A15-2/2023 | Sri. Rajeev G<br>Acklamon Vaisakh<br>Podiyadi P O<br>Thiruvalla<br>Pathanamthitta-689110 | Dr. Saji Mathew<br>Professor<br>School of Letters<br>Mahatma Gandhi University | Nil | English / Language & Literature | Terrorism & Trauma: A Study of Select 9/11 Novels |
| 29 | 54505/AC A14-3/2024 | Smt. Sethu Lakshmi M B<br>P-243, Maruvathukavunkal(H)<br>WET Canteen,<br>GE(NS),<br>Naval Base P O<br>Kochi- 682 004 | Dr. Anilkumar. S<br>Professor & HOD,<br>Department of Chemistry,<br>NSS Hindu College,<br>Perunna P O,<br>Changanacherry - 686 102 | Nil | Chemistry / Science | MODIFICATION OF ETHYL CELLULOSE MEMBRANES: IMPACT ON THE MASS TRANSFER PROPERTIES |
